# സീയോൻകുന്നിലെ വിശ്വാസ വീരന്മാർ

## ൧൯൩൦ ലെ വിഭജനത്തിന്റെ പുറകിലെ കാണാപ്പുറങ്ങൾ



റെയ്സൺ വി. ജോർജ്ജ്

# THE MIGHTY MEN OF FAITH IN THE HILL OF ZION

ക്രൈസ്തവ എഴുത്തുപുര പബ്ലിക്കേഷൻസ്
പ്രസിദ്ധീകരണം

വിവാഹ പരസ്യങ്ങൾക്ക്

# lifetune matrimony

വിവാഹം സ്വർഗ്ഗീയം...

ഞങ്ങളുടെ സേവനത്തിനായി വിളിക്കാം

## 9447152277

**We assist you in**

- Life partner search
- Pre marital Counseling
- Post marital Counseling
- Family Counseling
- Event management
- Wedding Cards
- Wedding Albums & Videos
- Wedding Car Rental

Lifetune
FOUNDATION

# സീയോൻകുന്നിലെ
# വിശ്വാസവീരന്മാർ

**റെയ്സൺ.വി.ജോർജ്ജ്**
**പാക്കിൽ**

PUBLICATIONS

**ക്രൈസ്തവ എഴുത്തുപുര പബ്ലിക്കേഷൻസ്**
വെണ്ണിക്കുളം,പത്തനംതിട്ട,കേരളം



**റോബർട്ട് എഫ് കുക്ക് 1880–1958**
**ഇന്ത്യയുടെ അപ്പോസ്തലൻ**

# സീയോൻകുന്നിലെ
# വിശ്വാസവീരന്മാർ
**(മലയാളം)**

The mighty men of Faith in the hill of Zion
By **Bro.Raison V. George**
Ph:+91 97477 95918

All rights reserved
Copies 1000
January 2020

Published by
**Kraisthava Ezhuthupura Publications**
Vennikulam.P.O., Pathanamthitta,
Kerala, India, Pin.689544
Tel.+91 94963 27109,+91 94972 92583
+91 99908 08988
email: epurapathram@gmail.com
website:www.kraisthavaezhuthupura.com

Typesetting & Layout by
**Pr.Bijin.C.Babu**, Chengannur
Ph:+91 97449 25317

Printed at
**Computer Graphics, Kottayam**

**Rs.100/-**



## പ്രസാധകക്കുറിപ്പ്

ഏറെ അഭിമാനത്തോടെയാണ് ക്രൈസ്തവ എഴുത്തുപുര സീയോൻകുന്നിലെ വിശ്വാസവീരന്മാർ എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നത്. ക്രൈസ്തവ എഴുത്തുപുര പബ്ലിക്കേഷൻസിന്റെ ആദ്യ 'ചരിത്ര' പുസ്തകമാണ് ഇത് എന്നതാണ് കാരണം. ചരിത്രമറിയാത്ത വിജ്ഞാനം അപൂർണ്ണമാണ്. മനുഷ്യനെ വ്യത്യസ്തനാക്കുന്ന ഘടകവും അവന്റെ ചരിത്രബോധം തന്നെയാണ്. ചരിത്രം എന്നത് പോയ കാലത്തിന്റെ രേഖപ്പെടുത്തലും അതിനെക്കുറിച്ചുള്ള പഠനവുമാണ്. ഒരുവന്റെ അന്വേഷണ പരീക്ഷണങ്ങളുടെ രേഖപ്പെടുത്തൽ കൂടെയാണ് ചരിത്രം. അതിൽ ഗ്രന്ഥകാരൻ ഏറെക്കുറെ വിജയിച്ചു എന്ന് തന്റെ രണ്ട് പുസ്തകങ്ങളും സാക്ഷ്യപ്പെടുത്തുന്നു. അനേകമാസങ്ങൾ ദൈവസഭ പിന്നിട്ട വഴികളിലൂടെ സഞ്ചരിച്ച് ആദ്യകാല ചരിത്രങ്ങൾ പരമാവധി ശേഖരിച്ച് "ചരിത്ര വഴികളിൽ ദൈവസഭ "എന്ന ആദ്യ ഗ്രന്ഥം പുറത്തിറക്കിയ ഗ്രന്ഥകാരന്റെ രണ്ടാമത്തെ പുസ്തകമാണ് "സീയോൻകുന്നിലെ വിശ്വാസ വീരന്മാർ " 1930 ലെ ദൈവസഭാ വിഭജനത്തിന്റെ പുറകിലെ കാണാപ്പുറങ്ങൾ അടിവരയിടുന്ന ഈ ഗ്രന്ഥം വായനക്കാരിൽ പുതിയ അറിവുകൾക്കും ചിന്തകൾക്കും വാതിൽ തുറന്നിടുകയാണ് ഇതിലെ ഓരോ ഇതളുകളും. ഗ്രന്ഥകാരന്റെ ആദ്യപുസ്തകത്തിൽ എഴുതാതിരുന്ന തുടക്കത്തിലെ ചിലഭാഗമാണ്, നല്ല നിരീക്ഷണ പാടവത്തിലൂടെ ശ്രദ്ധേയമായ കണ്ടെത്തലുകൾ കൊണ്ട് രണ്ടാമത്തെ പുസ്തകത്തിൽ എഴുതിയത് എന്നതും ഗ്രന്ഥത്തിന്റെ മാറ്റുകൂട്ടുന്നു. നല്ല വായന സുഖമുള്ള ഈ സഭാ ചരിത്രം വായനക്കാർക്ക് ഏറെ ആസ്വദിക്കാൻ കഴിയും എന്നതിൽ തർക്കമില്ല. അപ്പോൾ തന്നെ ചരിത്രാന്വേഷികൾക്കും വായനക്കാർക്കുമിടയിൽ ഈ പുസ്തകം ഒരു ചർച്ചയ്ക്ക് വഴി തെളിക്കും എന്നതിനും സംശയമില്ല. ഇനിയും നല്ല അന്വേഷണങ്ങൾ കൊണ്ട് ഗ്രന്ഥകാരൻ റെയ്സൺ വി ജോർജ്ജിന്റെ തൂലിക ചലിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥനയോടുകൂടെ ഈപുതിയ ഗ്രന്ഥവും ക്രൈസ്തവ എഴുത്തുപുര പബ്ലിക്കേഷൻസ് വായനക്കാർക്കായി സമർപ്പിക്കുന്നു.

**ബിനു.വടക്കുംചേരി**
പബ്ലിക്കേഷൻ ഡയറക്ടർ
ക്രൈസ്തവ എഴുത്തുപുര



## ആശംസ

**റവ.ഡോ.കെ സി സണ്ണിക്കുട്ടി**
ദൈവസഭാ കേരളാ റീജിയൺ ഓവർസീയർ

സഹോദരൻ റെയ്സൺ വി ജോർജ്ജ് എഴുതിയ സീയോൻകുന്നിലെ വിശ്വാസവീരൻമാർ എന്ന പുസ്തകം ഇറക്കുന്നതിൽ വളരെ അധികം സന്തോഷമുണ്ട്. ഒരു ജനതയുടെ പൈതൃകവും ചരിത്രവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. വാമൊഴിയിലൂടേയും വരമൊഴിയിലൂടെയും കൈമാറിവന്ന ചരിത്രങ്ങൾ ചരിത്ര രേഖയായി മാറണം എന്നാലേ വരുന്ന തലമുറക്ക് ആവേശകരമായി മാറുകയുള്ളൂ. ദൈവത്തിന്റെ വചനവും അതു തന്നെയാണ് പറയുന്നത് " നാം അവയെ കേട്ടറിഞ്ഞിരിക്കുന്നു. നമ്മുടെ പിതാക്കൻമാർ നമ്മോടു പറഞ്ഞിരിക്കുന്നു നാം അവരുടെ മക്കളോട് അവയെ മറച്ചു വെക്കാതെ വിവരിച്ചുപറയും" (സങ്കീ 78:3) ഇന്നും ഇസ്രായേൽ ജനതയെ ധൈര്യപ്പെടുത്തിയിരിക്കുന്നത് അവരുടെ പിതാക്കൻമാരുടെ ചരിത്രങ്ങളാണ് സീയോൻകുന്നിലെ വിശ്വാസ വീരൻമാർ എന്ന ചരിത്രപുസ്തകം ഇന്നത്തെ തലമുറക്ക് പ്രചോദനമാകട്ടെ, റെയ്സൺ വി. ജോർജ്ജിന്റെ ഈ ചരിത്ര രചനക്ക് എല്ലാവിധ പ്രാർത്ഥനയും ആശംസകളും.



**റവ.എൻ.എ.തോമസുകുട്ടി**
എഡ്യുക്കേഷൻ ഡയറക്ടർ

കേരളത്തിലെ പെന്തക്കോസ്തു ഗോളത്തിന് തുടക്കം കുറിച്ചത് നമ്മുടെ പിതാക്കന്മാരാണ്. അവരുടെമറയപ്പെട്ട ചരിത്രം ഈ പുസ്തകത്തിലൂടെ പുറത്തു വരട്ടെ. ആശംസകൾ



**റവ.കെ.ജെ.ജോസ്**
ഇവാഞ്ജലിസം ഡയറക്ടർ

ഭാരതസുവിശേഷീകരണത്തിന്റെ സീയോൻകുന്നിലെ വിശ്വാസ വീരന്മാരുടെ ചരിത്രം മറയപ്പെട്ട ഏടുകളിലൊന്നാണ്. കാലമെത്ര കഴിഞ്ഞാലും നമുക്കത് വിസ്മരിക്കുവാൻ കഴിയുകയില്ല. ഈ പുസ്തകത്തിലൂടെ ആ ഓർമ്മകൾ പുതുക്കട്ടെ.



**പാസ്റ്റർ.ജോമോൻ ജോസഫ്**
ചർച്ച് ഗ്രോത്ത് മിഷൻ ഡയറക്ടർ

ഇന്ത്യൻ ചർച്ച് ഹിസ്റ്ററിയിൽ ദൈവസഭയുടെ സ്ഥാനം വളരെ വലുതാണ് അത് ചരിത്രത്തിലൂടെ ഇന്നത്തെ തലമുറ അറിയുന്നതിന് അവർക്കൊരു പ്രചോദനമാകട്ടെ. എന്റെ പിതാവിന്റെ സ്നേഹിതന്റെ മകനിലൂടെ ഈ ചരിത്രം പുറത്തു വരുന്നതിൽ ഞാൻ സന്തോഷവാനാണ്.



**പാസ്റ്റർ.സി.ജെ.വർഗ്ഗീസ്**
സെന്റർ മിനിസ്റ്റർ കോട്ടയം

കോട്ടയം സെന്ററിലെ യുവജന വിഭാഗത്തിന്റെ ചുക്കാൻ പിടിക്കുന്ന ബ്രദർ റെയിസൺ വി. ജോർജ്ജിന് എല്ലാവിധ ആശംസകളും.



**പാസ്റ്റർ.വി.ജോർജ്ജ് & സാലി വി. ജോർജ്ജ്**
**വലിയ പറമ്പിൽ**

ചർച്ച് ഓഫ് ഗോഡ് സഭയുടെ 40 വർഷമായി സേവനമനുഷ്ഠിക്കുന്ന എന്റെ പിതാവ് പാസ്റ്റർ.വി.ജോർജ്ജ് സഭയുമായി ബന്ധപ്പെട്ടുള്ള അദ്ദേഹത്തിന്റെ അറിവുകളും എന്റെ മാതാവ് സാലി വി. ജോർജ്ജ് പകർന്നുതന്ന അറിവുകളുമാണ് എന്നെ ഈ ചരിത്രരചനയിലേയ്ക്ക് വഴിതെളിയിച്ചത്. എന്റെ മാതാവ്, കുക്കുസായിപ്പിന്റെ സഹപ്രവർത്തകനും ചർച്ച് ഓഫ് ഗോഡിന്റെ സ്ഥാപകരിൽ ഒരുവനായ വലിയ പറമ്പിൽ വി.റ്റി. പൗലോസിന്റെ കൊച്ചുമകളാണ്.



**പാസ്റ്റർ എം.എം. ജോൺ**
**1884–1964**
**ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ സ്ഥാപകനേതാവ്**

# സമർപ്പണം

ചരിത്രമെന്നാൽ അത് സത്യസന്ധവും ജീവനുള്ളതുമായിരിക്കണം എന്ന വാക്ക് വിശ്രുത ചരിത്രകാരൻ അലൻ നെവിൻ പറയുകയുണ്ടായി. സീയോൻകുന്നിലെ വിശ്വാസവീരൻമാർ എന്ന പുസ്തകത്തിൽ പരമാവധി സത്യസന്ധമായി ഞാനെഴുതുവാൻ ശ്രമിച്ചിട്ടുണ്ട്. ചരിത്ര വഴികളിൽ ദൈവസഭ എന്ന 1972 ൽ ചർച്ച് ഓഫ് ഗോഡിലെ വിഭജനം ആധാരമാക്കി ഞാനെഴുതിയ ആദ്യ ബുക്കിന്റെ ചില അറിയപ്പെടാതെപോയ സത്യങ്ങളാണ് ഞാനീ ബുക്കിൽ പ്രതിപാദിക്കപ്പെടുന്നത് 1972 ലെ വിഭജനം ഒരു പക്ഷെ എല്ലാവർക്കും അറിവുള്ളതാണ് എന്നാൽ എന്റെ യാത്ര 1930 കളിലെ മലങ്കര പെന്തക്കോസ്ത് രണ്ടായി വിഭജിക്കുവാനുള്ള കാരണങ്ങൾ തേടിയായിരുന്നു.ഏകദേശം 99 ൽ പരം വർഷങ്ങൾക്ക് മുൻപുള്ള ചരിത്രം എഴുതുമ്പോൾ തെളിവുകളുടെ അഭാവം വളരെ ഉണ്ടായിരുന്നിട്ടും ദൈവസഭയിലെ പഴയ എഴുത്തുകാരനും ഇപ്പോഴത്തെ കേരളാസ്റ്റേറ്റിലെ പാസ്റ്ററുമായിരിക്കുന്ന പാസ്റ്റർ പി

ജെ ചാക്കോയുടെ കൈവശമുണ്ടായിരുന്ന തെളിവുകളുടേയും അറിവുകളുടേയും പിൻബലത്തിലാണ് ഞാനെന്റെ യാത്ര തുടർന്നത്.

മുൻ ഫീൽഡ് സെക്രട്ടറി പാസ്റ്റർ. റ്റി എം വർഗീസിന്റെ കൊച്ചു മകൻ ജോ കുര്യൻ, ബ്രദർ തമ്പി മണർകാട് തന്ന തന്റെ പിതാവിന്റെ ഡയറികുറിപ്പുകൾ, വെള്ളൂർ കെ ജെ യുടെ മകൻ ജോൺ ജോസഫ് തന്ന അന്നത്തെ ചില ലേഖനങ്ങളുടെ പേപ്പർകട്ടിംഗ്, കൂടാതെ ദൈവ സഭയുടെ ആദ്യ ചരിത്രകാരൻ പാസ്റ്റർ. സി. ബേബിച്ചൻ തന്ന ലഘു വിവരങ്ങൾ, എല്ലാവരേയും ഞാനീതരണത്തിൽ ഓർക്കുന്നു. ദൈവ സഭ കേരളാ റീജിയൺ എന്ന ചെറിയ പ്രസ്ഥാനത്തിൽ നിന്ന് ഇങ്ങനെ ഒരു ചരിത്രപുസ്തകം ഇറക്കുവാൻ അനുവാദം തന്ന ദൈവസഭ ഓവർസിയർ റവ.ഡോ. കെ. സി. സണ്ണിക്കുട്ടി സാറിനെ ഇതരണത്തിൽ നന്ദിയോടെ ഓർക്കുന്നു. ഈ പുസ്തകം ഇറക്കുവാൻ സാമ്പത്തിക കാര്യങ്ങൾ നൽകി വേണ്ട ക്രമീകരണം ചെയ്ത പാസ്റ്റർ നിക്സൺ മുട്ടാർ, ഡി.റ്റി.പി. വർക്ക് ചെയ്ത് സഹായിച്ച സിസ്റ്റർ ലിമി വിപിൻ, ഡിസൈൻ ചെയ്യുവാൻ വേണ്ട സഹായം നൽകിയ കേരളാ റീജിയൺ പാസ്റ്റർ.ബിജിൻ സി. സാബു കൂടാതെ സാമ്പത്തികമായി എന്നെ വളരെയധികം സഹായിച്ച കേരളാ റീജിയണിലെ ചെറുതും വലുതുമായ പരസ്യങ്ങൾ നൽകിയും ആശംസനൽകിയും ചെറിയ തുക തന്നു സഹായിച്ചവരും കേരളാ റീജിയണിലെ ഞാൻ സ്നേഹിക്കുന്ന എന്റെ വിശ്വാസികൾക്കും പാസ്റ്റേഴ്സിനും പ്രവാസികളായ സഹോദരങ്ങൾക്കും പേരു പറയാതെ സഹായിച്ചവർക്കും പിതാവ് ശുശ്രൂഷിക്കുന്ന കുറിച്ചി സഭയ്ക്കും എന്റെ നന്ദി. ഇതിന്റെ പ്രൂഫ് റീഡിംഗിനു സഹായിച്ച പാസ്റ്റർ ജോമോൻ ജോസഫ്, ചെറിയ സഹായങ്ങൾ നൽകിയ ഫെയ്ത്ത് ബൈബിൾ സ്കൂളിലെ വിദ്യാർത്ഥികൾ, വാമൊഴിയാൽ വിവരങ്ങൾ തന്ന കണിച്ചുകുളം പി പി ചാക്കോയുടെ മകൻ കുട്ടിയച്ചൻ പ്രോത്സാഹനം നൽകിയ മാതൃസഭയായ പള്ളം, കൂടാതെ ഈ ബുക്കിന് ആദിയോടന്തം നല്ല നിർദേശങ്ങൾ നൽകിയ കേരളാ സ്റ്റേറ്റിലുള്ള എന്റെ സുഹൃത്ത് ബ്രദർ ഡിനു, ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ എന്നെ സഹായിച്ച ക്രൈസ്തവ എഴുത്തുപുരയ്ക്കും അതിനു പിന്നിൽ പ്രവർത്തിക്കുന്നവർക്കും കൂടാതെ പേരു പറയാത്ത ഒട്ടനവധിപേർക്ക് എന്റെ ഹൃദയം നിറഞ്ഞ നന്ദി.

എന്ന്

**റെയ്സൺ.വി.ജോർജ്ജ്**

**അവതാരിക**

# മൗനത്തിന്റെ വാക്മീകങ്ങൾ തകരേണ്ടതുണ്ട്




**കേരള** പെന്തക്കോസ്തലിസത്തിന്റെ ചരിത്ര നിർമ്മിതി സാഹസികമായ അദ്ധ്വാനം വേണ്ട ഒരു കൃത്യമാണോ ? അല്ല എന്നതാണ് വസ്തുത. കാരണം ബ്രിട്ടീഷ് കൊളോണിയലിസം ഇന്ത്യ വിടാൻ ഒരുങ്ങുന്ന ഘട്ടത്തിൽ ആരംഭിച്ച് സ്വതന്ത്ര ഇന്ത്യ രൂപമെടുക്കുന്ന സാഹചര്യത്തിലൂടെ വീകാസം പ്രാപിച്ച് നമ്മുടെ ദൃഷ്ടി പദത്തിൽ നിന്നുംഒട്ടകലെയല്ലാത്ത ഒരു അസ്തിത്വഘടനയാണ് കേരളാ പെന്തക്കോസ്തിന്.

മലങ്കര ക്രിസ്തീയതയിലൂടെ തുടങ്ങി മാർത്തോമ്മാ നവീകരണത്തിലൂടെ വന്ന് ബ്രദറൺ പ്രസ്ഥാനം കടന്നുണ്ടായ ഒരുധാരയും റോബർട്ട് ഫെലിക്സ് കുക്കും മേരി ചാപ്മാനും ഒക്കെയായി ദളിത് ചാന്നാർ സമൂഹങ്ങളിൽ നടത്തിയ ആത്മീയ ഇടപെടലുകളാൽ രൂപപ്പെട്ട മറ്റൊരു ധാരയും പോൾ രാമൻകുട്ടിയെന്ന പില്ക്കാല റ്റി.പി.എം. നായകനിലൂടെ വളർന്നു വന്ന ഒരു മൂന്നാം ധാരയുമൊക്കെ ഇഴപിരിച്ച് എടുക്കനാവാത്തവിധം ലയിച്ച് പെന്തക്കോസ്തു ചരിത്ര നിർമ്മിതി ഒട്ടൊക്കെ സങ്കീർണ്ണമാകുന്നു എന്നത് സത്യമാണ്. ഇവിടെ എടുത്തു പറയേണ്ട വസ്തുത പെന്തക്കോസ്തു ചരിത്രം നിർമ്മിക്കാൻ മുതിർന്നവരൊക്കെ അതിന്റെ ദൈവശാസ്ത്രപരമായ ഉള്ളടക്കങ്ങളെ അവഗണിച്ച് പുറംലോക സംഘട്ടനങ്ങൾക്കും അന്നത്തെ ദരിദ്രപൂർണ്ണമായ സാമൂഹ്യ സാഹചര്യങ്ങൾക്കും ഊന്നൽ നൽകി പെന്തക്കോസ്തിന് അവഗണിക്കപ്പെട്ടവന്റെ ആത്മീയ തുരുത്തായി ചിത്രീകരിച്ചു എന്നതാണ്. സമുദായ ശക്തികളോട് പെന്തക്കോസ്ത് കലഹിച്ചത് ആഭരണ രാഹിത്യ ജീവിത ശൈലി സ്ഥാപനത്തിനും സിനിമയും നാടകവുമടക്കമുള്ള കലകളുടെ ആസ്വാദന നിരാസത്തിനുമെന്ന പൊതുബോധം ഒന്നുകൂടി സ്ഥിരീകരിക്കാനും ഇതുവരെയുള്ള ചരിത്ര രചനകൾ പര്യാപ്തമാകുന്നുള്ളൂ. വാസ്തവത്തിൽ മേൽപറഞ്ഞ സംസ്കാരസ്ഥാപനത്തെക്കാൾ ദൈവശാസ്ത്ര സംവാദങ്ങളും നിലപാടുകളുമായിരുന്നു ചരിത്രത്തിൽ പ്രധാനമായവ സംസ്കാരം,ദൈവശാസ്ത്രം,ഇവയെ മിശ്രണം ചെയ്തു ചിന്തിച്ചവർ കാലഹരണപ്പെ

ടുന്ന പരിഷ്കരിക്കപ്പെടേണ്ട സംസ്കാരം ആ അനിവാര്യത തേടുമ്പോൾ ദാ പെന്തക്കോസ്തു തകരുന്നേ എന്ന മുറവിളി കൂട്ടുകയാണ്. പെന്തക്കോസ്തു ദൈവശാസത്രത്തിന്റെ സംവാദ ഭൂമികയിലൂടെ അതിന്റെ സംസ്കാര പരിണാമങ്ങളെ വീക്ഷിക്കുന്ന എന്നെപ്പോലുള്ളവർക്ക് ഇവിടെ ആകാശം ഇടിഞ്ഞുവീഴുന്ന എന്തോ ചിലത് പെന്തക്കോസ്തു സമൂഹത്തിൽ സംഭവിക്കുന്നതായി തോന്നാത്തതും അതുകൊണ്ടാണ്. പെന്തക്കോസ്തു ചരിത്ര നിർമ്മിതിയിൽ ബ്രദർ. റെയ്സൺ. വി.ജോർജ്ജ് വിഭിന്നമായൊരു സമസ്യാ പൂരണത്തിനു നടത്തുന്ന ശ്രമവും ഇവിടെയാണ് പ്രസക്തമാകുന്നത്. 1930 ൽ പാസ്റ്റർ. കെ.ഇ.ഏബ്രാഹാമും കുക്ക് സായിപ്പ് എന്ന റോബർട്ട് എഫ് കുക്കും വേർപിരിയുന്നു. വെള്ളപശുവിന്റെ പാൽ വേണ്ടെന്ന പ്രസിദ്ധമായ വാചകവും അനുസ്മരിക്കുക. ഇവിടെ ചരിത്രമെഴുതുന്നവരും പറയുന്നവരും പിളർപ്പിന്റെ കാര്യകാരണങ്ങളെ ഗൗരവമായി സമീപിക്കുന്നില്ല. ഈ നിശബ്ദ്തയുടെ പൊരുൾ തേടിയുള്ള റെയ്സന്റെ യാത്ര ചെന്നെത്തുന്നത് സീയോൻകുന്നിലെ വിശ്വാസ വീരന്മാരുടെ വേറിട്ട വ്യവഹാരഭൂമിയിലാണ്. ചർച്ച് ഓഫ് ഗോഡുകാർ ചരിത്രമെഴുതിയാൽ വില്യം.ജെ. സെയ്മൂറിലും അസംബ്ലീസ് ഓഫ് ഗോഡുകാർ ചാൾസ് പെർഹാമിലുമാണ് തുടങ്ങുക. പാശ്ചാത്യമായ ഈ സങ്കുചിത ബോധം ശരിയുടെ സിദ്ധാന്തവൽക്കരണത്തേക്കാൾ മിഥ്യകളെ മിനുക്കി വിശ്വാസ യോഗ്യമാകുന്ന ചരിത്രവായാടിത്ത്വത്തിലേക്കാണണ് എത്തിക്കുക. ചരിത്രാന്വേഷണം അതിന്റെ ശൈശവദശ വിട്ടിട്ടില്ല. അതുകൊണ്ടുതന്നെ റെയ്സണും ഒരു സമ്പൂർണ്ണ ചരത്രാന്വേഷണത്തിനല്ല ശ്രമിക്കുന്നത് മറിച്ച് ചരിത്രരചയിതാക്കൾ മൗനമവലംഭിച്ച് വിട്ടുകളഞ്ഞ 1930 ലെ വിഭജന ചരിത്രത്തിന്റെ പൊരുൾ തിരഞ്ഞ് തന്റെ നിഗമനം മുമ്പോട്ടു വെയ്ക്കുകയാണ്. പൂർവ്വകൃതികളുടെ അഭാവവും നിലവിലുള്ളവയിലെ സങ്കുചിതബോധവും ഈ അന്വേഷണത്തിന് പ്രതിബന്ധമാകുമ്പോൾ ആ വെല്ലുവിളി ഏറ്റെടുത്ത ഗ്രന്ഥകർത്താവ് നമുക്കു മുമ്പിൽ തന്റെ പ്രഥമ വിവര റിപ്പോർട്ടു നൽകുന്നു. വായനക്കാർ എന്ന വിധി കർത്താവാണ്, ഇനി വിധി നിർണ്ണയങ്ങളുടെ സൂക്ഷ്മാംശങ്ങളെ കാണേണ്ടത്. നിലവിലെ പെന്തക്കോസ്തു ചരിത്രങ്ങളെ പുനർ വായനക്ക് പ്രേരിപ്പിക്കുന്നു ബദൽ നിർദ്ദേശമാണ് ഈ കൃതി അത്തരം വിയോജിപ്പിന്റെ ശബ്ദമാണ് പരിഷ്കൃത സമൂഹത്തിന്റെ ശക്തിയും പ്രതീക്ഷയും ഇത്തരമൊരു ദൗത്യത്തിന് മുതിർന്ന ഗ്രന്ഥകർത്താവിന് അഭിനന്ദിക്കുന്നതിനോടൊപ്പം ഈ ലഘുകൃതി സൗഹൃദ സമൂഹത്തിന്റെ വിശകലന ബോധ മണ്ഡലത്തിൽ പുത്തനുണർവുണ്ടാകട്ടെ എന്ന ആശംസയോടെ അവതരിപ്പിക്കുന്നു.

**അനിൽ കൊടിത്തോട്ടം**



**റ്റി.എം. വർഗ്ഗീസ്**
**ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ഫീൽഡ് സെക്രട്ടറി**
**(1936–1965)**



**പാസ്റ്റർ. വി.റ്റി.പൗലോസ്**
വലിയപറമ്പിൽ



**പാസ്റ്റർ. പി.ഡി. ചാക്കോ**
കല്ലൂപ്പാറ

മദ്ധ്യതിരുവിതാംകൂറിലും വടക്കൻ തിരുവിതാംകൂറിലും
പെന്തക്കോസ്ത് വിശ്വാസം കത്തിപ്പടർന്നത് ഇവർ മുഖാന്തരമാണ്.
പാസ്റ്റർ വി.റ്റി. പൗലോസ് വലിയപറമ്പിൽ,
പാസ്റ്റർ പി.ഡി. ചാക്കോ കല്ലൂപ്പാറ. പി.പി. ചാക്കോ
ഈ ത്രിമൂർത്തികളാണ് സിയോൻ കുന്നിലെ പ്രധാനപ്പെട്ട
വിശ്വാസവീരന്മാർ
കാലത്തിനു മായ്ക്കാനാവാത്ത സംഭാവനകൾ നൽകി
ഇവർ കേരളാ പെന്തക്കോസ്ത് ചരിത്രത്തിൽ ഇടംനേടി

# ഉള്ളടക്കം


| | | |
|---|---|---|
| 1. | പ്രസാദകക്കുറിപ്പ് | 5 |
| 2. | ആശംസ | 6 |
| 3. | സമർപ്പണം | 10 |
| 4. | അവതാരിക | 13 |
| 5. | സിയോൺകുന്നിലെ വിശ്വാസവീരന്മാർ | 17 |
| 6. | ദൈവസഭ വിഭജനം ഒരു സംക്ഷിപ്ത രൂപം | 62 |

## സീയോൻ കുന്നിലെ വിശ്വാസവീരൻമാർ

**സീ**യോൻ കുന്നിലെ വിശ്വാസവീരൻമാർ എന്ന ഈ പുസ്തകം പ്രതിപാദിക്കപ്പെടുന്നത് 1930 കളിൽ നടന്ന മലങ്കരപെന്തക്കോസ്തിന്റെ വിഭജനചരിത്രമാണ് കേരളത്തിലെ പല ചരിത്രഗ്രന്ഥങ്ങളിലും 1930 കളിലെ വിഭജനചരിത്രം ഒറ്റവരിയിൽ മാത്രം പരാമർശിക്കപ്പെടുമ്പോൾ അതിന്റെ പിന്നാമ്പുറങ്ങളിലേക്കാണ് ഈ ചരിത്രപുസ്തകം വിരൽചൂണ്ടുന്നത്, 19-ാം നൂറ്റാണ്ടിൽ ആരംഭത്തിൽ ഉടലെടുത്ത പെന്തക്കോസ്ത് അനുഭവം ഇന്ത്യയിൽ കടന്നുവരികയും അവിടെ നിന്ന് കേരളത്തിലെ സകലപ്രദേശങ്ങളിലേക്കും പരിശുദ്ധാത്മാവിന്റെ പ്രവർത്തി വ്യാപിക്കുകയും ചെയ്തു. അതിന്റെ പ്രതിഫലനമെന്നവണ്ണം കേരളത്തിൽ പെന്തക്കോസ്ത് സംഘടനകൾ രൂപം കൊണ്ടു. 1914 മുതൽ റോബർട്ട് എഫ് കുക്ക്, ബാരറ്റ് കമ്മിൻസ്, മേരി ചാപ്മാൻ, തുടങ്ങിയ വിദേശമിഷനറിമാരുടെ സമൂലമായ ഒരു മനഃപരിവർത്തനം കേരളത്തിലെ ജനങ്ങൾക്കിടയിലുണ്ടായി കുക്കിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ച മലങ്കര പൂർണ്ണസുവിശേഷ എന്ന സഭയും,എ.ജിയുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലുള്ള മേരി ചാപ്പ്മാൻ സഭയും, കെ.ഇ എബ്രഹാമിന്റെനേതൃത്വത്തിന് കീഴിലുള്ള സ്വദേശിയരുടെ തെന്നിന്ത്യൻ പെന്തക്കോസ്ത് സഭ എന്നിങ്ങനെ മൂന്നു പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. 1926 ൽ കെ ഇ എബ്രഹാമും എജിയുടെ സ്വതന്ത്രമിഷനറിയായിരുന്നു റോബർട്ട് എഫ് കുക്കും ഒന്നിച്ച് മലങ്കര പെന്തക്കോസ്ത് എന്ന സംഘടനക്ക് രൂപം കൊടുത്തു. റോബർട്ട് എഫ് കുക്ക് പ്രസിഡന്റും കെ ഇ എബ്രഹാം വൈസ്പ്രസിഡന്റും ആയുള്ള സംഘടന അധികനാൾ മുന്നോട്ടുപോയില്ല. 1930 ന്റെ ആരംഭത്തോടെ ഈ മലങ്കര പെന്തക്കോസ്ത് ദൈവസഭ രണ്ടായി വിഭജിക്കപ്പെട്ടു കുക്കിന്റെ കീഴിൽ ഉറച്ച്നിന്നിരുന്ന ഭൂരിഭാഗം സഭകളും പിന്നോക്കവിഭാഗങ്ങളായിരുന്നു എന്നാൽ കെ. ഇ. എബ്രഹാമിന്റെ കൂടെ നിന്നിരുന്ന സഭകൾ സിറിയൻ വിഭാഗത്തിൽ നിന്നുള്ളവരുടെ സഭകൾ ആയിരുന്നു. ആയതിനാൽ ഒരു വർഗീയ ചേരിതിരിവ് ഇതിലുണ്ടായിരുന്നു എന്നത് പരക്കെ അംഗീകരിക്കപ്പെട്ട ചരിത്രവുമാണ്. എന്നാൽ ഈ വിഭജനത്തിൽ പിന്നോക്ക വിഭാഗക്കാരുടെ ഇടയിൽ അന്ന് നടന്ന സംഭവവികാസങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ചരിത്രപുസ്തകമാണ് “സീയോൻകുന്നിലെ വിശ്വാസവീരന്മാർ”. റോബോർട്ട് എഫ് കുക്കിനൊപ്പം സുവിശേഷവേലക്ക് കഷ്ടം സഹിച്ച താൻ പടുത്തുയർത്തിയ സീയോൻകുന്നിൽനിന്ന് ഉയർന്നുകേട്ട ഉണർവ്വിന്റെ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഇന്നും കേരളത്തിൽ നടന്നു കൊണ്ടിരിക്കുന്നു. അന്നു ജീവിച്ച വിശ്വാസവീരന്മാരുടെ മറയപ്പെട്ടുപോയ ചില

ചരിത്രശകലങ്ങളാണ് സീയോൻകുന്നിലെ വിശ്വസവീരന്മാർ എന്ന ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

## പൂർണ്ണ സുവിശേഷ ദൈവസഭയുടെ ആരംഭം (1913 –1921)



കേരളത്തിൽ പെന്തക്കോസ്ത് വിശ്വാസം വരുന്നതിനു മുൻപുള്ള ഒരു ആരാധനാലയം

1913 ൽ ഇന്ത്യയിലെത്തിയ റോബർട്ട് എഫ്. കുക്ക് പിന്നീട് കേരളത്തിലേക്ക് വരികയും. തന്റെ പ്രേക്ഷിത പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അന്നുവരെ സഭ എന്ന ആശയം ഉണ്ടായിരുന്നുവെങ്കിലും അതെല്ലാം അടിസ്ഥാന ജനവിഭാഗങ്ങളുടെ കുടിലുകളിലായിരുന്നു. അടിസ്ഥാന ജനവിഭാഗങ്ങൾ ആയിരുന്നു കൂടുതലായും ആദ്യകാലങ്ങളിൽ പെന്തക്കോസ്ത് വിശ്വാസത്തിലേക്ക് വന്നുകൊണ്ടിരുന്നത്. ആയതിനാൽ അവർക്ക് അന്നത്തെ മാർത്തോമ്മാ സഭകൾ പോലുള്ള ക്രിസ്ത്യൻ വിഭാഗങ്ങൾ ആരാധിച്ചിരുന്നതുപോലെ വലിയ പള്ളികളിലായിരുന്നില്ല മറിച്ച് അവരുടെ ചെറിയ കുടിലുകളിലായിരുന്നു കൂടിവരവുകളെല്ലാം. 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇങ്ങനെ നൂറുകണക്കിനു കുടിലുകളിലുള്ള ആരാധന അന്നു നിലവിലുണ്ടായിരുന്നു. ഇതിനൊരു മാറ്റം വേണം എന്ന ചിന്ത കുക്കിനെ വളരെയധികം ചിന്തിപ്പിച്ചിരുന്നു. പ്രത്യേകിച്ചും തുവയൂർ ഭാഗത്ത് ധാരാളം ആളുകൾ രക്ഷിക്കപ്പെട്ടു വന്നതോടെ വള്ളവിള ചാക്കോച്ചൻ എന്ന വ്യക്തിയിൽ നിന്നും കുറച്ചു പണം വാങ്ങി സഭയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. കേരളത്തിൽ ആദ്യ പെന്തക്കോസ്ത് സഭയും പൂർണ്ണസുവിശേഷ എന്ന പ്രസ്ഥാനത്തിന്റെ തുടക്കവും ഈ സഭയിൽ നിന്നു തന്നെയായിരുന്നു. ചർച്ച് ഓഫ് ഗോഡ് ഇന്ത്യയുടെ ആരംഭത്തിന് കാരണം ഇവിടെയുള്ള പ്രവർത്തനമാണ്.

## പൂർണ്ണ സുവിശേഷ എന്ന ആദ്യ പെന്തക്കോസ്ത് പ്രസ്ഥാനം നിലവിൽ വരുന്നു.

1913 മുതൽ 1923 വരെയുള്ള കുക്കിന്റെ പ്രേക്ഷിത പ്രവർത്തനങ്ങളിൽ ആകർഷിതരായി ധാരാളം ആളുകൾരക്ഷയിലേക്ക് വന്നു. കൊട്ടാ



പൂർണ്ണ സുവിശേഷ ദൈവസഭയുടെ കീഴിൽ രൂപപ്പെട്ട ആദ്യത്തെസഭയായ തുവയൂർ സഭ

രക്കര, തുവയൂർ, തൃക്കണ്ണമംഗലം, എന്നീ മേഖലകളിലായിരുന്നു കൂടുതലായി തന്റെ പ്രവർത്തനം കേന്ദ്രീകരിച്ചിരുന്നത്. മധ്യതിരുവിതാംകൂറിലെ തിരുവല്ല, റാന്നി, കുമ്പനാട് തുടങ്ങിയ സ്ഥലങ്ങളിലെല്ലാം തന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിശാലതയിൽ എത്തിക്കാം എന്ന ചിന്ത മനസ്സിൽ വന്നതിനെ തുടർന്ന് പൂർണ്ണ സുവിശേഷ എന്ന പേരിൽ ആ പ്രദേശങ്ങളിലേക്ക് തന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ കുക്ക് തീരുമാനിച്ചു. അതിന് കൂടുതൽ ശക്തി പകരുന്നതിനായി 1923 ൽ ആറാട്ടുപുഴയുടെ തീരത്ത് ഒരു ജനറൽ കൺവൻഷൻ നടത്തുവാൻ തീരുമാനിച്ചു. പല സ്ഥലങ്ങളിലുള്ള വിശ്വാസികളുടെ പരസ്പര സഹകരണത്തിനു വഴിതെളിക്കുന്ന ഈ തീരുമാനം യാഥാർത്ഥ്യമാക്കിക്കൊണ്ട് കേരളത്തിലെ ആദ്യത്തെ പെന്തക്കോസ്ത് പ്രസ്ഥാനമായ പൂർണ്ണ സുവിശേഷയുടെ കീഴിൽ 1923 ൽ ആറാട്ടുപുഴയുടെ തീരത്ത് വാർഷിക കൺവൻ നടത്തുവാൻ തീരുമാനിച്ചു.

## വെള്ളിക്കര ചോതിയും പൊയ്കയിൽ യോഹന്നാനും തമ്മിലുള്ള കുക്കിന്റെ കൂടികാഴ്ച്ച (1921–1923)



പൊയ്കയിൽ യോഹന്നാൻ

മധ്യതിരുവിതാംകൂറിലേക്ക് സുവിശേഷത്തിന്റെ വെളിച്ചം പകരാൻ കാരണക്കാരായ രണ്ട് പിന്നോക്കവർഗ നേതാക്കളായിരുന്നു വെള്ളിക്കര ചോതിയും, പൊയ്കയിൽ യോഹന്നാനും, 1922 വരെ കൊട്ടാരക്കര,അടൂർ, തുവയൂർ തുടങ്ങിയ പ്രദേശങ്ങളിൽ ഒതുങ്ങികൂടിയ സുവിശേഷത്തിന്റെപ്രവർത്തനം കുറച്ചുകൂടെ വിശാലമാക്കണം എന്ന ചിന്ത കുക്കിനുണ്ടായതിനെ തുടർന്ന് തന്റെ സ്നേഹിതനും പരിഭാഷകനുമായ എ.കെ. വർഗീസ് കുമ്പനാട് ദേശത്തെ പറ്റിയും അവിടുത്തെ പിന്നോക്കാവസ്ഥയും, ജനങ്ങളുടെ ജീവിത നിലവാരത്തെ പറ്റിയും സുവിശേഷത്തിനു പറ്റിയ പ്രദേശമാ

ണെന്നുള്ളതന്റെ ഒരു ചിന്ത കുക്കുമായി പങ്കുവെച്ചു. അവിടെ മത്തായി എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വെള്ളിക്കര ചോതി ഒരു സുവി ശേഷ പ്രവർത്തകനാണെന്നും അദ്ദേഹവുമായി ഒരു പരിചയം സ്ഥാപി ച്ചാൽ അദ്ദേഹത്തിന്റെ പിന്നിലുള്ള പിന്നോക്ക ജനവിഭാഗങ്ങ ളുടെ ഇടയിലേക്ക് സുവിശേഷപ്രവർത്തനം വ്യാപിപ്പിക്കാം എന്ന ആശയം എ.കെ വർഗീസ് മുന്നോട്ടു വെച്ചു. എ.കെ വർഗീസിന്റെ മധ്യസ്ഥത യിൽ വെള്ളിക്കര ചോതിയെ കുക്ക് കാണു കയും രോഗിയായിരുന്ന ചോതിയ്ക്ക് കുക്കിന്റെ പ്രാർത്ഥനയാൽ സൗഖ്യമാവുകയും ചെയ്ത തോടെ വെള്ളിക്കര ചോതി റോബർട്ട് എഫ്. കുക്കിനെ വീട്ടിലേക്കു ക്ഷണിച്ചു. തന്റെ ക്ഷണം സ്വീകരിച്ച് വെള്ളിക്കരയിലെത്തിയ കുക്ക് ചോതിയുടെ ഭവനത്തിൽ വെച്ചു ഒരു പ്രാർത്ഥന നടത്തുകയും അർദ്ധ രാത്രിയിൽ വെള്ളിക്കര ദേശത്തിലേക്ക് ആത്മീയ കൊടുങ്കാറ്റു ആഞ്ഞ ടിക്കുകയും സുവിശേഷത്തിനായി ആ ദേശത്തിന്റെ വാതിൽ കുക്കിന്റെ മുന്നിലേക്ക് തുറന്നു വരുകയും ചെയ്തു. വെള്ളിക്കരയിൽ നടന്ന അത്ഭുതങ്ങളും രോഗശാന്തിയും കണ്ട് ചോതിയെപ്പോലെ ജനകീയ നായ മറ്റൊരു പിന്നോക്ക നേതാവായിരുന്ന പൊയ്കയിൽ യോഹ ന്നാൻ റോബർട്ട് എഫ്. കുക്കിനെ ഇരവിപേരൂരിലേക്ക് വിളിച്ചു. ഏക ദേശം 4000 ൽ പരം ആളുകൾ തടിച്ചു കൂടിയ വലിയൊരു കൺവ ൻഷൻ തന്നെ ആ പ്രദേശത്ത് നടത്തപ്പെട്ടു, ആയിരകണക്കിനാളുകൾ ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. ക്രിസ്തീയ പാരമ്പ ര്യമുള്ള പൊയ്കയിൽ യോഹന്നാൻ തന്റെ മാതാപിതാക്കൾ മതപരി വർത്തനം ചെയ്ത് ക്രിസ്ത്യാനിയായതുകൊണ്ട് താൻ കൂടി വന്നി രുന്ന മാർത്തോമ്മാ സമുദായത്തിൽ നിന്ന് വളരെയധികം പരിഹാസം കേൾക്കേണ്ടി വന്നിട്ടുണ്ട്. ഇതിനൊരു അറുതിയുണ്ടാവണം എന്ന ചിന്താഗതിയാണ് പെന്തക്കോസ്ത് വിശ്വാസത്തിലേക്ക് യോഹന്നാനെ കൊണ്ടെത്തിച്ചത്. എന്നാൽ പിന്നീടവർ വിശ്വാസത്തിൽ നിന്ന് പിന്നോട്ട് പോയി എന്നത് ഒരു ചരിത്ര സത്യമാണ്. എന്തുകൊണ്ട് പിന്നോക്ക വിഭാഗങ്ങളിൽ നിന്ന് വന്ന ഈ രണ്ട് നേതാക്കൾ പിന്മാറ്റ ത്തിലേക്ക് പോയി എന്നത് ഈ പുസ്തകത്തിന്റെ തുടർന്നുള്ള അധ്യാ യങ്ങൾ വായിക്കുമ്പോൾ വായനക്കാർക്ക് മനസ്സിലാക്കാം.

## കെ.ഇ എബ്രഹാമിന്റെ രംഗപ്രവേശവും സവർണ്ണ വിഭാഗങ്ങ ളുടെ പെന്തക്കോസ്തിലേക്കുള്ള കടന്നുവരവും (1923)

1914 ൽ കെ.വി. സൈമൺ സാറിന്റെ കീഴിൽ സ്നാനമേറ്റ തന്നെ പെന്തക്കോസ്ത് ഉപദേശത്തിലേക്ക് കൊണ്ടുവരുന്നത് പന്തളം മത്തായി ആണ്. യാക്കോബായ കുടുംബത്തിൽ നിന്ന് വരുന്ന തന്റെ വരവ് പെന്തക്കോസ്ത് വിശ്വാസം സിറിയൻ ക്രൈസ്തവരുടെ ഇടയി

ലേക്ക് വ്യാപിപ്പിക്കുന്നതിന് ഇടയാക്കി. തെക്കേപ്പറമ്പിൽ ഈപ്പൻ തരകന്റേയും അന്നമ്മയുടേയും നാലാമത്തെ മകനായി 1899 മാർച്ച് 1 ൽ ജനിച്ച കെ.ഇ ഏബ്രഹാം 1916 ൽ ഫെബ്രുവരി 27, 17-ാം വയസ്സിൽ സ്നാനപ്പെട്ടു. കെ.ഇ എബ്രഹാം എന്തുകൊണ്ട് ആ കാലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടു എന്നു ഈ പുസ്തകം വായിക്കുന്നവർക്കു സംശയം തോന്നാം, 1901 മുതൽ 1923 വരെയുള്ള കാലഘട്ടത്തിലെ പെന്തക്കോസ്തിന്റെ വളർച്ചയിൽ കൂടുതലായും രക്ഷിക്കപ്പെട്ടു വന്നത് യാഥാസ്ഥിതികരായ ജനങ്ങളായിരുന്നു. സുറിയാനി വിഭാഗത്തിൽ നിന്നുള്ള സവർണ്ണ ക്രൈസ്തവർ പെന്തക്കോസ്ത് ദളിതരുടെ മതമാണെന്ന വിശ്വാസത്തിൽ ഈ അനുഭവത്തെ അവർ എതിർക്കുകയും, തള്ളിപറയുകയും ചെയ്തിരുന്നു. റോബർട്ട് എഫ്. കുക്ക് അടക്കമുള്ള സുവിശേഷകർ അന്ന് നടത്തുന്ന യോഗങ്ങൾക്ക് തടസ്സം സൃഷ്ടിച്ചുകൊണ്ട് പലവിധ ആക്രമണങ്ങൾ അവർ നടത്തിയിരുന്നു, ക്രൈസ്തവരല്ലാത്ത ജനങ്ങളെക്കാൾ കൂടുതൽ പ്രകോപനങ്ങൾ സൃഷ്ടിച്ചത് മാർത്തോമ്മാ പോലുള്ള സഭകളിൽ കൂടിയിരുന്ന സവർണ്ണ ക്രൈസ്തവരിൽ നിന്നുമായിരുന്നു. മാത്രവുമല്ല 1923 ൽ എത്തിയപ്പോഴേക്കും മധ്യതിരുവിതാംകൂർ ഉൾപ്പടെ പലമേഖലകളിലേക്ക് പെന്തക്കോസ്ത് പടർന്നു പന്തലിച്ചു ധാരാളം പിന്നോക്ക വിഭാഗത്തിൽ നിന്നുള്ള സുവിശേഷകന്മാർ ഉയർന്നുവന്നു. പൊയ്കയിൽ യോഹന്നാൻ അടക്കമുള്ളവരുടെ കീഴിൽ വലിയൊരുസംഘം രക്ഷയിലേക്ക് വന്നു. ഇതിനിടയിലാണ് യാക്കോബായ സമുദായത്തിൽ നിന്നുള്ള കെ.ഇ എബ്രഹാമിന്റെ വരവ്, ചുരുക്കിപറഞ്ഞാൽ പെന്തക്കോസ്ത് ദളിതരുടെ മതമെന്ന് അന്നുണ്ടായിരുന്ന ആളുകളുടെ ചിന്തക്ക് വിഘ്നം വരുത്തിക്കൊണ്ടാണ് കെ.ഇ എബ്രഹാമിന്റെ വരവ്. പാ.കെ.സി.ചെറിയാൻ, കെ.സി ഉമ്മൻ, പി.റ്റി ചാക്കോ, തുടങ്ങിയ ശക്തന്മാരായ സുവിശേഷകരെ വാർത്തെടുക്കുന്നതിലും കേരളത്തിലെ സിറിയൻ ക്രൈസ്തവരുടെ മാനസാന്തരത്തിനും കെ.ഇ എബ്രഹാമിന്റെ കടന്നുവരവ് സഹായകമായിട്ടുണ്ട്. കെ.ഇ എബ്രഹാമിന്റെ വരവും റോബർട്ട് എഫ്. കുക്കി ന്റെ അമേരിക്കയിലേക്കുള്ള തിരിച്ചു പോക്കും



പാ. കെ.ഇ ഏബ്രഹാം &
അന്നമ്മ ഏബ്രഹാം

ഏകദേശം അടുത്ത കാലയളവിലാണ് നടന്നത് കുക്കിന്റെ മട ങ്ങിപോക്കോടെ ദളിതരുടെ മുന്നിൽ നിൽക്കുന്ന ഒരു നേതാവ് നഷ്ട പ്പെട്ടു എന്ന തോന്നൽഅവർക്കുണ്ടായതും കുക്കിന്റെ അഭാവത്തിൽ പിന്നോക്ക ജനതയെ നയിക്കുവാൻ അവരുടെ ഇടയിൽ നിന്ന് തന്നെ ഒരു ശക്തനായ നേതാവ് ഉയർന്നുവരാത്തതിനാലാകാം 1924 ന്റെ ആരം ഭത്തോടെ ദളിതരുടെ ഇടയിലെ പ്രവർത്തനം മന്ദീഭവിക്കുകയും കെ.ഇ എബ്രഹാമിന്റെ നേതൃത്വത്തിൽ സിറിയൻ വിഭാഗത്തിൽ നിന്നുള്ള വർ കൂട്ടമായി പെന്തക്കോസ്തിലേക്ക് വരികയും പരിവർത്തനം ചെയ്ത് വന്ന ക്രിസ്ത്യൻ പിന്നോക്കവിഭാഗത്തോട് വിവേചനപരമായ പ്രവർത്ത നങ്ങൾ പെന്തക്കോസ്ത് മേഖലയിലും കാട്ടിയപ്പോൾ പൊയ്കയിൽ യോഹന്നാൻ, വെള്ളിക്കര ചോതി അടക്കമുള്ള മുൻനിര പിന്നോക്ക നേതാക്കൾ പെന്തക്കോസ്ത് വിട്ടു വീണ്ടും സമുദായത്തിലേക്ക് പോയി മതം മാറിയാലും ജാതി മാറില്ല എന്ന ചിന്ത ഈ നേതാക്കളെ പെന്ത ക്കോസ്തു പ്രസ്ഥാനം വിടുവാൻ പ്രേരിപ്പിച്ചു.

## ആറാട്ടുപ്പുഴ എന്ന വിശുദ്ധിയുടെ തീരം 1923

കൊട്ടാരക്കര കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച റോബർട്ട് എഫ്. കുക്ക് പൊയ്കയിൽ യോഹന്നാന്റെയും, വെള്ളിക്കര ചോതിയുടെ യും സഹായത്താൽ മധ്യ തിരുവിതാം കൂറിൽ സുവിശേഷവേല വിശാ ലമാക്കി ധാരാളം ആളുകൾ പല സ്ഥലങ്ങളിലായി രക്ഷിക്കപ്പെട്ടു ചെറു കൂട്ടങ്ങളായി ഷെഡുകൾ കെട്ടി ആരാധന ആരം ഭിച്ചു ഇവരെ എല്ലാ വരേയും ഒരു കുട ക്കീഴിൽ കൊണ്ടുവ രുവാനുള്ള ശ്രമഫ ലമെന്നോണം ഒരു വാർഷിക കൺവൻഷൻ നട ത്തുവാൻ തീരുമാ നിച്ചു. അങ്ങനെ ആറാട്ടുപ്പുഴയുടെ മണൽപ്പുറത്ത് കുക്കിന്റെ പൂർണ്ണ സുവിശേഷ ദൈവ സഭയുടെ ആദ്യത്തെ സുവിശേഷയോഗം നടത്തപ്പെട്ടു. കേരളത്തിലെ ആദ്യത്തെ പെന്തക്കോസ്ത് കൺവൻഷനും ആറാട്ടുപ്പുഴ കൺവൻഷൻ ആയിരുന്നു. ഇംഗ്ലണ്ടിൽ നിന്നും മെയ് സായ്പ്പും ഭാര്യയും പ്രധാന പ്രസംഗകരായിരുന്നു. മാവേലിക്കര,റാന്നി, പെരുമ്പെട്ടി, എഴുമറ്റൂർ,



1923 ലെ ആറാട്ടുപുഴ കൺവൻഷൻ

കുമ്പനാട്, തൃക്കണ്ണമംഗലം, അടൂർ, കൊട്ടാരക്കര തുടങ്ങിയ കുക്ക് ആരംഭിച്ച സഭകളിൽ നിന്നുള്ളവർ ആറാട്ടുപ്പുഴയിലേക്ക് ഒഴുകിയെത്തി ഡിസംബർ മാസത്തിലെ തണുപ്പുവകവെയ്ക്കാതെ പലരും കാൽ നടയായി അനേകം മൈലുകൾ താണ്ടി കൺവൻഷൻ സ്ഥലത്തിലേക്കെത്തി. ഈ യോഗങ്ങളിൽ അനേകർ സാമുദായിക ബന്ധനങ്ങളെ ഉപേക്ഷിച്ച് ക്രിസ്തീയ വിശ്വാസം സ്വീകരിച്ച് മുന്നോട്ടുവന്നു. ഉച്ചനീചത്വങ്ങളെ മറന്ന് അന്യോന്യം ചേർന്ന് ഭക്ഷണ പാനീയങ്ങൾ കഴിച്ചു രാത്രി കാലങ്ങളിൽ യുവാക്കന്മാർ കൂട്ടം കൂട്ടമായി ചേർന്ന് ഉയർന്ന സ്ഥലങ്ങളിലെത്തി ഉച്ചത്തിൽ പ്രാർത്ഥിക്കുകയും വേദവാക്യങ്ങൾ വിളിച്ച് പറയുകയും ചെയ്തു. പാതയോരങ്ങളിലും,വഴിക്കവലകളിലും പരസ്യയോഗങ്ങൾ നടത്തി, അടുത്തു സ്ഥലങ്ങളിൽ നിന്നു വന്നവർ തിരിച്ചു ചൂട്ടും കത്തിച്ച് വാക്യങ്ങൾ ഉരുവിട്ടും പാട്ടുകൾ പാടിയും സ്വഭവനത്തിലേക്ക് മടങ്ങിപോയി.ഞായറാഴ്ച ആരാധനയിൽ കഴിവതും വിശ്വാസികൾ വെള്ള വസ്ത്രം ധരിച്ചെത്തിയതും തിരുവത്താഴ ശുശ്രൂഷയിൽ നടന്നതും കൺവൻഷന്റെ ഒരു പ്രത്യേകത ആയിരുന്നു. ആ മീറ്റിംഗിൽ പങ്കെടുത്ത സുവിശേഷകൻ മെയ് സായിപ്പ് പറഞ്ഞത് 1906 ലെ വെയിൽസിൽ നടന്ന ഉണർവ്വുയോഗം പോലെ എനിക്കനുഭവപ്പെട്ടു ഈ കൺവൻഷൻ എന്നാണ്.

## ആറാട്ടുപ്പുഴ കൺവൻഷനും ആഭരണ വർജ്ജനവും

ഇന്ന് പെന്തക്കോസ്ത് വിഭാഗത്തിൽ ഏറ്റവും കൂടുതൽ മുഴങ്ങികേൾക്കുന്ന ഒന്നാണ് ആഭരണവർജ്ജനം എന്നുള്ളത്. ഒരു പക്ഷെ കേരളത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ആഭരണവർജ്ജനത്തിന്റെ ചരിത്രം പൊടിത്തട്ടിയെടുത്താൽ ആറാട്ടുപ്പുഴ എന്ന മണൽപ്പുറത്തെത്തും. ആറാട്ടുപ്പുഴയിൽ അന്ന് കൂടിയിരുന്ന ജനവിഭാഗങ്ങളിൽ മുഴുവൻപേരും അടിസ്ഥാന ജനവിഭാഗമായിരുന്നു. അകലങ്ങളിൽ നിന്നു വന്നിരുന്ന വിശ്വാസികളിൽ ഏറിയ പങ്കും മണൽപുറത്തുതന്നെ കഴിച്ചുകൂട്ടി. രാത്രിയിൽ പ്രാർത്ഥിച്ചും കൂട്ടായ്മ ആചരിച്ചും നടന്നു. ആഭരണങ്ങൾ ധരിച്ചെത്തിയവരിൽ ഭൂരിഭാഗം പേരും ആഭരണമൂരി തങ്ങളുടെ മനസ്സ് പൂർണ്ണമായി ക്രിസ്തുവിന് സമർപ്പിച്ചു വേദവാക്യങ്ങൾ ഉരുവിട്ട് ആ രാത്രി കഴിച്ചുകൂട്ടി. ചിലർ മദ്യത്തിനും, പുകയിലക്കും, ശരീരത്തിന് ഹാനീകരമാകുന്ന ലഹരിപദാർത്ഥങ്ങൾക്കുമെതിരെ പ്രതിജ്ഞയെടുത്തു. ആറാട്ടുപ്പുഴ കൺവൻഷൻ പരിസമാപ്തി കുറിച്ചപ്പോൾ പുതിയൊരു കീഴ്വഴക്കങ്ങൾ പെന്തക്കോസ്ത് ഗോളത്തിൽ ഉടലെടുത്തു. അടിസ്ഥാന ജനത കൈകൊണ്ട ആഭരണവർജ്ജനവും ലഹരിക്കെതിരെയുള്ള നിലപാടും പിൻതലമുറയിലേക്കും പകർന്നു നൽകി. ആറാട്ടുപ്പുഴ എന്ന വിശുദ്ധിയുടെ തീരത്ത് വിശുദ്ധന്മാർ ഉപേ

ക്ഷിച്ചതൊന്നും പിൻതലമുറക്കാർ എടുത്തില്ല എന്നതാണ് യാഥാർത്ഥ്യം

## കുക്ക് സായിപ്പിന്റെ അമേരിക്കയിലേക്കുള്ള പിൻവാങ്ങലും അനന്തരഫലങ്ങളും 1924

1923 ലെ ജനറൽ കൺവൻഷനുശേഷം റോബർട്ട് എഫ്. കുക്ക് രണ്ട് വർഷത്തെ അവധിയെടുത്ത് (ഫർലോ) അമേരിക്കയിലേക്കു തിരികെ പോയി. ഈ രണ്ട്, വർഷം കേരളത്തിലെ പ്രാദേശിക നേതാക്കൾ മുൻ നിരയിലേക്കു ഉയർന്നു വന്നു. റോബർട്ട് എഫ്. കുക്കിന്റെ ഈ പിൻവാങ്ങൽ ഏറ്റവും കൂടുതൽ ഗുണം ചെയ്തത് കെ.ഇ എബ്രഹാമിനു തന്നെയെന്ന് നിസംശയം പറയുവാൻ കഴിയും. കാരണം കുക്കിനു ശേഷം പ്രസംഗത്തിൽ പ്രാവണ്യമുള്ള നേതാക്കൾ

ആ കാലഘട്ടത്തിൽ ഉണ്ടായിരുന്നില്ല. മാത്രവുമല്ല കുക്കിന്റെ പിൻവാങ്ങൽ ഏറ്റവും കൂടുതൽ ബാധിച്ചത് പിന്നോക്ക വിഭാഗങ്ങളെയായിരുന്നു. 1923 അവസാന കാലയളവ് വരെ പെന്തക്കോസ്ത് പ്രവർത്തകരും സുവിശേഷകരും കൂടുതലും പിന്നോക്ക വിഭാഗങ്ങളായിരുന്നു. കുക്കിന്റെ പിൻവാങ്ങൽ പിന്നോക്ക വിഭാഗങ്ങൾക്ക് മുന്നിൽ നിർത്തുവാനും നയിക്കുവാനും ഒരു നേതാവില്ലാതായി. ഈ സമയം കെ.ഇ എബ്രഹാമിന്റെ നേതൃത്വത്തിൽ ശക്തമായ പ്രവർത്തനങ്ങൾ മധ്യതിരുവിതാംകൂറിൽ നടന്നതിന്റെ ഫലമായി സിറിയൻ ക്രൈസ്തവരുടെ കുത്തൊഴുക്ക് പെന്തക്കോസ്ത് ഗോളത്തിലേക്ക് ഉണ്ടായി. 1924,1925 ഈ രണ്ട് വർഷങ്ങൾകൊണ്ട് പിന്നോക്ക വിഭാഗങ്ങളുടെ സ്വാധീനത്തിൽ നിന്ന് സിറിയൻ ക്രൈസ്തവരുടെ സ്വാധീന വലയത്തിലേക്ക് പെന്തക്കോസ്തു ആശയം പടർന്നു പപന്തലിച്ചു. തെക്കമേഖലകളിലും മധ്യതിരുവിതാംകൂറിലും കുക്കിന്റെ സ്വാധീന വലയങ്ങളിലുള്ള എല്ലാ സഭകളും പാസ്റ്റർ കെ.ഇ എബ്രഹാമിനെ വിളിച്ച് കൺവൻഷനുകൾ നടത്തി. ആ കാലഘട്ടങ്ങളിൽ ഉയർന്നുവന്ന പ്രഗല്ഭരായ സുവിശേഷകരായിരുന്നു കെ.സി ഉമ്മൻ, എ.സി ശമുവേൽ, കൊടുന്തറ ഉമ്മച്ചൻ, പി.റ്റി ചാക്കോ, കെ.ജെ തോമസ്, കെ.സി ചെറിയാൻ, പി.റ്റി വർഗീസ്, കെ.ഇ വർഗീസ് തുടങ്ങിയ സിറിയൻ ക്രൈസ്തവനേതാക്കൾ ഈ രണ്ട് വർഷത്തിനിടയിൽ ഉയർന്നുവന്നു. 1923 മുതൽ കെ.ഇ എബ്രാഹാമിന്റെ സാന്നിധ്യത്തിൽ ഉണ്ടായ സഭകളെല്ലാം "തെന്നിന്ത്യൻ പെന്തക്കോസ്ത് " ദൈവസഭയെന്ന് അറിയപ്പെട്ടു. റോബർട്ട് എഫ്. കുക്കിന്റെ സ്വാധീനവലയത്തിൽ ഉണ്ടായ സഭകളല്ലാം തെന്നിന്ത്യൻപൂർണ്ണ സുവിശേഷ സഭ എന്നാണ് അറിയപ്പെട്ടത്. ഈ രണ്ട് വർഷങ്ങളിൽ എ.ജി. മിഷണറി വനിതയായ മേരി ചാപ്മാനും തന്റെ വേല വിശാലമാക്കി. മേരി ചാപ്പ്മാനും കെ.ഇ എബ്രാഹാമും

സഹകരണത്തിലുള്ള പ്രവർത്തനം മധ്യതിരുവിതാംകൂറിലും, തെക്കൻ തിരുവിതാംകൂറിലും ശക്തമായ ഒരു അടിത്തറ പെന്തക്കോസ്തിനുണ്ടാകുവാൻ ഇടയാക്കി. ഇതിനിടയിൽ എ.ജി. മിഷനറി വനിതയായ മേരി ചാപ്മാൻ കുക്കിന്റെ സഭയായ പൂർണ്ണ സുവിശേഷ ദൈവസഭയെ കൈവശപ്പെടുത്തുവാൻ ചില ശ്രമങ്ങൾ നടത്തി. എന്നാൽ പൂർണ്ണ സുവിശേഷ ദൈവസഭയുടെ താൽകാലിക ചുമതല മെയ് സായിപ്പിനെ ഏൽപ്പിച്ചിട്ടാണ് കുക്ക് സായിപ്പു പോയത്. അതിനാൽ മേരി ചാപ്മാന്റെ ഈ നീക്കത്തെ മെയ് സായിപ്പ് നിരുത്സാഹപ്പെടുത്തി. വിദേശത്തായിരുന്നെങ്കിലും മാസാമാസം തന്റെ സംഘടനയ്ക്ക് ഒരു നിശ്ചിത തുക സുവിശേഷകർക്ക് നൽകിയിരുന്നു.

## ചേത്തക്കൽ സഭാപ്രശ്നം 1925


ചേത്തക്കൽ സഭാ ഹാൾ

കുക്കിന്റെ അസാന്നിധ്യത്തിൽ കെ ഇ എബ്രഹാമും മേരി ചാപ്മാനും 1923 മുതൽ ഒരുമിച്ച് പ്രവർത്തിച്ചുവരവേയാണ് ചേത്തക്കൽ സഭാപ്രശ്നം ഉടലെടുക്കുന്നത് സഭ പണിയുന്നതിനുള്ള സ്ഥലം മേടിക്കുവാനുള്ള സാമ്പത്തികം എ.ജി. കൗൺസിൽ അനുവദിച്ചിരുന്നു. എന്നാൽ ആ സ്ഥലം എ.ജി.യു ടെ ജനറൽ സെക്രട്ടറിയുടെ പേരിൽ തന്നെ ആധാരം എഴുതിവെക്കണമെന്നുള്ള നിബന്ധന എ.ജി.കൗൺസിൽ മുന്നോട്ടുവെച്ചു. കെ ഇ എബ്രഹാം അടക്കമുള്ള സ്വദേശിയ സുവിശേഷകർക്ക് ഇതിനോടു യോജിക്കുവാൻ കഴിഞ്ഞില്ല. സ്ഥലംസഭയുടെ പേരിൽ തന്നെ ആധാരം എഴുതണമെന്നും ഇന്ത്യക്ക് പുറത്തുള്ള ഒരാളുടെ കീഴിൽ സഭയുടെ ആധാരം എഴുതുന്നതിനുള്ള ഉദ്ദേശം എന്താണെന്നും, അങ്ങനെ എഴുതാൻ കഴിഞ്ഞില്ലെങ്കിൽ സാമ്പത്തിക സഹായം എ.ജി കൗൺസിൽ നൽകാൻ കഴിയില്ല എന്ന് ചാപ്മാൻ വ്യക്തമാക്കി. ഇതോടെ എ.ജി. മിഷനറിയായ ചാപ്മാനും കെ ഇ എബ്രഹാമും രണ്ടു വഴിയായി പിരിഞ്ഞു. 2 വർഷത്തെ അവധിക്കുശേഷം 1926 സെപ്റ്റംബർ 3ന് റോബർട്ട് എഫ്. കുക്ക് അമേരിക്കയിൽ നിന്ന് കേരളത്തിലേക്ക് എ.ജി.അഫിലിയേഷനുള്ള സ്വതന്ത്ര മിഷനറിയായി മടങ്ങിയെത്തി. അപ്പോഴേക്കും കേരളത്തിൽ 3 നേതാക്കളും അവർ ഉണ്ടാക്കിയ മൂന്നു പ്രസ്ഥാനങ്ങളും കേരളത്തിൽ ഉദയം ചെയ്തു.

1. കുക്കിന്റെ കീഴിലുള്ള പൂർണ്ണസുവിശേഷ ദൈവസഭ
2. കെ.ഇ എബ്രാഹാമിന്റെ കീഴിലുള്ള തെന്നിന്ത്യൻ പെന്തിക്കോസ്ത് സഭ
3. മേരി ചാപ്മാന്റെ കീഴിലുള്ള എ ജി നിയന്ത്രണത്തിലുള്ള സഭ

## മലങ്കര പെന്തക്കോസ്ത് നിലവിൽ വരുന്നു

റോബർട്ട് എഫ്. കുക്ക് രണ്ട് വർഷത്തെ അവധിക്കുശേഷം കേരളത്തിലേക്ക് വന്നപ്പോൾ മധ്യതിരുവിതാംകൂറിൽ സ്വദേശിയരായ ശുശ്രൂഷകരാൽ നിറഞ്ഞിരുന്നു. കെ.ഇ എബ്രഹാമിന്റെ നേതൃത്വത്തിൽ ഉടലെടുത്ത തെന്നിന്ത്യൻ പെന്തക്കോസ്ത് സഭകളും കുക്കിന്റെ കീഴിൽ ഉടലെടുത്ത തെന്നിന്ത്യൻ പൂർണ്ണസുവിശേഷയും ഒരുമിച്ചുപോകുവാൻ തീരുമാനമെടുത്തതിൻ പ്രകാരം 1926 ഒക്ടോബർ 6 ന് റോബർട്ട് എഫ്. കുക്ക് പ്രസിഡന്റും കെ.ഇ എബ്രഹാം വൈസ് പ്രസിഡന്റുമായ മലങ്കര പെന്തക്കോസ്ത് നിലവിൽ വന്നു. കേരളത്തിലെ ഏകദേശം എല്ലാ സുവിശേഷകരും വിശ്വാസി സമൂഹവും മലങ്കര പെന്തക്കോസ്ത് എന്ന സംഘടനയുടെ കീഴിൽ ഒരുമിച്ച് അണിനിരന്നു. ഇത് മധ്യതിരുവിതാംകൂറിൽ പെന്തക്കോസ്തിന്റെ വളർച്ച വേഗത്തിലാക്കുവാൻ സാധിച്ചു. മലങ്കര പെന്തക്കോസ്തിന്റെ വളർച്ചയ്ക്ക് വേണ്ടി പതിനൊന്നംഗ എക്സിക്ക്യൂട്ടീവ് കമ്മറ്റിയും നിലവിൽ വന്നു. എ. ജിയുടെ കീഴിലുള്ള മിഷണറിയായാണ് തന്റെ രണ്ടാമത്തെ വരവ് എന്നതിനാൽ സ്വദേശീയരായ സുവിശേഷകരെ സാമ്പത്തികമായി സഹായിക്കുവാൻ കുക്ക് പ്രാപ്തനായിരുന്നു.

## മലങ്കരപെന്തക്കോസ്തിന്റെ പ്രവർത്തനവും സംഘടനാ പ്രവർത്തനവും

മലങ്കരപെന്തക്കോസ്ത് നിലവിൽ വന്നതോടെ കേരളത്തിലെ സുവിശേഷപ്രവർത്തനങ്ങൾ ശക്തിയോടെ മുന്നോട്ട് പോയി. കറുകപ്പാലം,എരുമേലി,വല്യകാവ് എന്നീ സ്ഥലങ്ങളിലേക്ക് കെ ഇ എബ്രഹാം പോകുകയും മീഖാമൂപ്പൻ എന്ന ചേരമ സമുദായത്തിൽപ്പെട്ടയാളുടെ ഭാര്യ കിടപ്പിലായിരുന്നു. പി റ്റി വർഗീസും ചില സഹോദരങ്ങളും പ്രാർത്ഥിച്ച് അവരെ സൗഖ്യമാക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ കെ ഇ എബ്രഹാമിന്റെ നേതൃത്വത്തിൽ വലിയൊരു സുവിശേഷപ്രവർത്തനം അവിടെ നടത്തി അതിന്റ ഫലമായി ഉയർന്ന് വന്നസഭകളായിരുന്നു കനകപ്പലം,എരുമേലി,വലിയകാവ്, മല്ലപ്പള്ളി ഭാഗത്ത് എ സി സാമുവേലും കെ ഇ എബ്രഹാമും ചേർന്ന് മറ്റൊരു സഭകൾക്ക് രൂപം കൊടുത്തു. മലങ്കരപെന്തക്കോസ്തിന്റെ വളർച്ചയ്ക്ക് സുവിശേഷ

പ്രഭാഷകൻ എന്ന മാസികയ്ക്ക് തുടക്കം കുറിച്ചു. 1927 ആഗസ്റ്റ് മാസം പാസ്റ്റർ കുക്ക് പത്രാധിപരും കെ ഇ എബ്രഹാം സഹപത്രാധിപരുമായുള്ള മാസിക മലങ്കരപെന്തക്കോസ്തിന്റെ വളർച്ചയ്ക്ക് പ്രധാന പങ്ക് വഹിച്ചു, എ കെ വർഗീസും 1927 ൽ റ്റി എം വർഗീസ് ബ്ലോസത്തെ മലയാളം പഠിപ്പിക്കുവാൻ കുക്കിന്റെ സഹ പ്രവർത്തകനായി വന്നു, ഇവർ പിന്നീട് സുവിശേഷ പ്രഭാഷകൻ മാസികയുടെ ഇംഗ്ലീഷ് ലേഖനങ്ങൾ പരിഭാഷപ്പെടുത്തി ഈ മാസികയിൽ സഹകരിച്ചുപോന്നു പരിശുദ്ധാത്മാവ് സ്നാനം എന്ന വിഷയം ഈ മാസികയിൽ കൂടിയാണ് കെ ഇ എബ്രഹാം എഴുതിയത്, ഇത് ഒരുപാട് സുവിശേഷകർക്ക് പ്രയോജനം ലഭിച്ചു. ഇതേ വർഷം ചെങ്ങന്നൂരിൽ റ്റി കെ വർഗീസ് അവറുകളുടെ കയ്യിൽ നിന്ന് സ്ഥലം മേടിച്ച് ഒരു ബംഗ്ലാവ് പണികഴിപ്പിച്ചു സീയോൻ കുന്ന് എന്ന് നാമകരണം ചെയ്തു. തുടർന്ന് ഒരു ബൈബിൾ കോളേജ് അവിടെ സ്ഥാപിച്ചു. 1928 ൽ സ്നാനതൊട്ടി പണികഴിപ്പിച്ച് പാ.റ്റി എം വർഗീസ് ആയിരുന്നു ആദ്യമായി അതിൽ സ്നാനപ്പെട്ടവ്യക്തി. 14/05/1929 ൽ പൂവത്തൂർ സഭയിൽ ഒരുപറ്റം വിശ്വാസികൾ കൂടിവന്ന് നടത്തിയ ഉപവാസപ്രാർത്ഥനയിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഇറങ്ങിവരികയും, ഏകദേശം 70 ൽ പരം വിശ്വാസികൾ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയും 34 പേർ രക്ഷിക്കപപ്പെടുകയും ചെയ്തു. പിന്നീടിത് പൂവത്തൂർ ഉണർവ്വ് എന്നറിയപ്പെട്ടു. അതിനു ശേഷം സീയോൻ കുന്ന് ബൈബിൾ കോളേജിൽ കുക്കിന്റേയും കെ സി ഉമ്മന്റേയും നേതൃത്വത്തിൽ ഒരു ഉണർവ്വുയോഗം ആരംഭിക്കുകയും ബൈബിൾ സ്ക്കൂൾ വിദ്യാർത്ഥികളടക്കം അന്യഭാഷയിൽ സംസാരിച്ചു. കെ.സി.ഉമ്മൻ ആത്മവിവശനാകുകയും ഒരു ദർശനം കാണുകയും അത് വിവരിക്കുകയും ചെയ്തു.ഇത് പിന്നീട് സീയോൻകുന്ന് ഉണർവ്വ് എന്നറിയപ്പെട്ടു.

ഇതേസമയം എം എം ജോണിന്റെ നേതൃത്വത്തിൽ എഴുമറ്റൂർ മറ്റൊരു ഉണർവ്വുയോഗം നടത്തുകയും 50 പേർ രക്ഷിക്കപ്പെട്ടു ഒരു സഭ സ്ഥാപിച്ചു. പി.ഡി ചാക്കോ കല്ലൂപ്പാറ കേന്ദ്രമാക്കി തന്റെ ഭവനത്തിനു മുമ്പിൽ ഒരു ഉണർവ്വുയോഗം നടത്തുകയും കെ ഇ എബ്രഹാം കുക്ക് അവറുകൾ വന്ന് അന്യഭാഷപറയുന്നതിനെ പറ്റി വിശദമായി സംസാരിച്ചു.ചില വിശ്വാസികൾ മാർത്തോമ്മാസഭകൾ വിട്ട് പലരും പെന്തക്കോസ്ത് അനുഭവത്തിലേക്ക് വന്നു. കുറുമ്പനാട് കുക്കിന്റെ നേതൃത്വത്തിൽ നടന്ന സുവിശേഷയോഗത്തിൽ മാതാവിനെപറ്റി നടത്തിയ പ്രസ്ഥാവനയിൽ കോപാകുലരായ സിറിയൻ ക്രൈസ്തവർ കുക്കിന്റെ യാത്രയെ തടസ്സപ്പെടുത്തികൊണ്ട് കുക്ക് കടന്നു പോകേണ്ടിയിരുന്ന പാലം പൊളിച്ചു.എന്നാൽ പി.പി ചാക്കോയുടെ നേതൃ

ത്വത്തിൽ ചില പിന്നോക്ക വിഭാഗക്കാർ പോലീസിൽ പരാതി കൊടുക്കുകയും കുക്കിന് യാത്രാ സൗകര്യം ഒരുക്കുകയും ചെയ്തു. കണിച്ചുകുളം സഭ രൂപീകൃതമായത് മുകളിൽ പരാമർശിച്ച പി പി ചാക്കോയുടെ കീഴിലാണ്. പാ. വി റ്റി പൗലോസ് പാക്കിൽ പ്രദേശത്തേക്ക് കുക്കിനെ വിളിച്ച് മറ്റൊരുസുവിശേഷയോഗം നടത്തി അതിൽ ഏകദേശം 20 ഓളം പേർ മാനസാന്തരപ്പെട്ടു വി റ്റി പൗലോസിന്റെ നേതൃത്വത്തിൽ പള്ളം സഭ സ്ഥാപിച്ചു. കടമ്പനാട് കെ.സി ഉമ്മന്റെ നേതൃത്വത്തിൽ നടന്ന ഒരു കാത്തിരിപ്പ് യോഗത്തിൽ 20 ഓളം പേർ ആത്മസ്നാനം പ്രാപിച്ചു. പിറവത്ത് പാസ്റ്റർ. വി.സി.മത്തായിയുടെ നേതൃത്വത്തിൽ മറ്റൊരു കൂട്ടായ്മ രൂപപ്പെട്ടു, 1929 ൽ കെ ജെ മർക്കോസ് കുന്നുംചിറഭാഗത്ത് ഒരു പരസ്യയോഗം നടത്തുകയും ഒരു സഭരൂപീകരിക്കപ്പെടുകയും ചെയ്തു. പാ. പി റ്റി വർഗീസ് മറ്റൊരു പ്രവർത്തനം തൊടുപ്പുഴ കേന്ദ്രമാക്കി നടത്തി. 1929 ന്റെ അവസാനം ആയപ്പോഴേക്കും മലങ്കരപെന്തക്കോസ്ത് കേരളത്തിൽ പടർന്നു പന്തലിച്ചു, സൺഡേസ്ക്കൂൾ ഡിപ്പാർട്ട്മെന്റും എല്ലാസഭകളിൽ നടത്തുവാൻ സഭാ പ്രസിഡന്റ് കുക്ക് സായ്പ്പ് ആവശ്യപ്പെട്ടു. ഏകദേശം 55 ഓളം സഭകൾ കേരളത്തിലുടനീളം ഉയർന്നുവന്നു മാസാമാസം ഒരു നിശ്ചിത തുക എല്ലാസഭകളിലെ സുവിശേഷകർക്കും അയച്ചുകൊടുത്തു. എന്നാൽ മലങ്കരപെന്തക്കോസ്ത് രൂപീകൃതമായതിന് ശേഷം തിരഞ്ഞെടുത്ത 11 അംഗ കൗൺസിൽ ഒരിക്കൽപോലും വിളിച്ചിട്ടില്ലെന്ന് കെ ഇ എബ്രഹാം തന്റെ ഗ്രന്ഥത്തിൽ പറയുന്നു. എന്നാൽ അതല്ല ഈ 4 വർഷത്തിനിടയിൽ 10 ഓളം പ്രതിപുരുഷസമ്മേളനം വിളിച്ച് ചേർത്തിട്ടുണ്ടെന്ന് കുക്കും വ്യക്തമാക്കുന്നു. 1929 ന്റെ മധ്യത്തിൽ മലങ്കരപെന്തക്കോസ്തിന്റെ നേതൃത്വത്തിൽ ഒരു വൻസുവിശേഷപ്രവർത്തനമാണ് കേരളത്തിൽ നടന്നത്. എന്നാൽ കുക്ക് സായ്പ്പ് സംഘടനാതലത്തിൽ ഒരു കേന്ദ്രീകൃതമായ ഭരണം നടത്തിയിരുന്നു ഇതാണ് കെ ഇ എബ്രഹാമിന്റെ നേതൃത്വത്തിലുള്ളവർ കുക്കിനെതിരെ തിരിഞ്ഞത്.

## മലങ്കര പെന്തക്കോസ്തിന്റെ വളർച്ചയും വിഭാഗിയതയും

1926ൽ അമേരിക്കയിൽ നിന്നുള്ള കുക്കിന്റെ മടങ്ങിവരവിന് ശേഷം രൂപികൃതമായ മലങ്കരപെന്തക്കോസ്തിന്റെ തുടക്കം മുതൽ വളർച്ചയൊടൊപ്പം തന്നെ വിഭാഗിയതയും രൂക്ഷമായിരുന്നു പ്രസിഡന്റായ റോബർട്ട് എഫ്. കുക്കും, വൈസ്പ്രസിഡന്റായ കെ.ഇ എബ്രഹാമും നല്ല സ്നേഹബന്ധത്തിലാണ് പോയിരുന്നതെങ്കിലും രണ്ട് അധികാരകേന്ദ്രങ്ങളായി ഇവർ പ്രവർത്തിച്ചിരുന്നു, പിന്നോക്ക വിഭാഗങ്ങൾ റോബർട്ട് എഫ്. കുക്കിനോട് കൂറ് പുലർത്തിയപ്പോൾ സിറിയൻ ക്രൈസ്തവരിൽ നിന്ന് മാനസാന്തരപ്പെട്ട മുന്നോക്ക വിഭാ

ഗങ്ങൾ കെ.ഇ എബ്രഹാമിനോട് കൂറ് പുലർത്തി ഇത് നാൾക്കുനാൾ വളർന്നുകൊണ്ടിരുന്നു. റോബർട്ട് എഫ്. കുക്കിന്റെ കാര്യസ്ഥനായി ജോലിചെയ്തിരുന്ന കൊടുന്തറ ഉമ്മച്ചൻ, കെ.സി ചെറിയാൻ, എ.സി. ശമുവേൽ തുടങ്ങിയ അന്നത്തെ പ്രഗത്ഭ ധാരികളായ സിറിയൻ ക്രൈസ്തവ ഉപദേശികളെല്ലാം കെ.ഇ എബ്രഹാമിന്റെ അനുയായിക ളായിരുന്നു. പെന്തക്കോസ്തിന്റെ ആദ്യകാല പ്രവർത്തകരായിരുന്ന എം എം ജോൺ, പി.ഡി ചാക്കോ കല്ലൂപ്പാറ, പി.പി ചാക്കോ, വി.സി മത്തായി, വലിയപറമ്പിൽ വി.റ്റി പൗലോസ് തുടങ്ങിയ പിന്നോക്ക വിഭാഗത്തിലെ പാസ്റ്റർമാർ കുക്കിനെ പിന്തുണച്ചു. കുക്കിന്റെ കീഴിൽ പിന്നോക്ക വിഭാഗങ്ങളും, കെ.ഇ എബ്രഹാമിന്റെ കീഴിൽ മുന്നോക്ക വിഭാഗങ്ങളും ഒരു ശീതസമരം ഉടലെടുത്തിരുന്നു. എ. ജി. ബന്ധമുള്ള തിനാൽ സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന കുക്കിനെ ഒരു പരി ധിവരെ എല്ലാ ഉപദേശിമാരും ആശ്രയിച്ചിരുന്നു. മലങ്കരപെന്തിക്കോ സ്തിന്റെ തുടക്കത്തിലുള്ള അസ്വരസ്യങ്ങൾ ഞാൻ തുടക്കത്തിലേ സൂചിപ്പിച്ചതുപോലെ കെ.എം സഖറിയ എന്ന സഹോദരൻ സ്വദേശി സഭകളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രവർത്തനങ്ങളും റോബർട്ട് എഫ്. കുക്കിന്റെ പല നടത്തിപ്പുകളും അപ്പോസ്തോലികകാല വിശ്വാ സങ്ങൾക്കെതിരാണെന്നുള്ള ചിന്ത മുന്നോട്ടു വെച്ചിരുന്നു. കാരണം ചേത്തക്കൽ സഭാഹാൾ പണിയുന്നതിന് വിദേശസഹായം ചോദിച്ച പ്പോൾ പണിയാനുള്ള സാമ്പത്തികം നൽകാമെന്നും അത് എജിയുടെ പേരിൽ എഴുതികൊടുക്കണമെന്ന വ്യവസ്ഥ മുന്നോട്ടു വെച്ചിരുന്നു. അത് സ്വദേശി സഭകളുടെ സ്വാതന്ത്രത്തെ ഹനിക്കുന്നതാണെന്നും ആധാരം എജിയുടെ പേരിൽ അല്ല സ്ഥലം സഭയുടെ പേരിൽ തന്നെ ചേർക്കണം എന്ന സ്വദേശിയരായ കെ.ഇ എബ്രഹാമിനോട് കൂറ് പുലർത്തുന്നവർ മുന്നോട്ട് വച്ചിരുന്നു. എന്നിരുന്നാലും മലങ്കര പെന്തി ക്കോസ്ത് രൂപീകൃതമായതിന് ശേഷം 1926 മുതൽ 1929 വരെ സഭ യുടെ പ്രവർത്തനങ്ങൾ കുഴപ്പമില്ലാതെപോയി എന്നു വേണം കരു താൻ.

## എം. എം. ജോൺ എന്ന അതികായകന്റെ കടന്നുവരവും മലങ്കര പെന്തിക്കോസ്തിന്റെ വളർച്ചയും

1926 ൽ മലങ്കരപെന്തക്കോസ്ത് രൂപപ്പെടുമ്പോൾ പിന്നോക്ക വിഭാ ഗത്തിൽ നിന്നുള്ളവർക്ക് തങ്ങളുടേതെന്ന് എടുത്ത് കാണിക്കുവാൻ ഒരു നേതാവുണ്ടായിരുന്നില്ല. അവർ നേതാവായി കണ്ടത് റോബർട്ട് എഫ്. കുക്കിനെയായിരുന്നു. അവരുടെ ഇടയിലേക്കാണ് പി.ആർ.ഡി. എസ് വിട്ടു വന്ന പാസ്റ്റർ എം. എം. ജോണിന്റെ വരവ്, പൊയ്കയിൽ യോഹന്നാന്റെ ക്ഷണപ്രകാരം കുമ്പനാട് വന്ന കുക്ക് സായിപ്പ് നട


മധ്യതിരുവിതാംകൂറിലെ
അപ്പോസ്തലൻ

ത്തിയ പ്രസംഗത്തിൽ ദൈവീക സ്പർശം അനുഭവപ്പെട്ട എം എം ജോണിന്റെ മാനസാന്തരം ഒരു ജനതയുടെ മാനസാന്തരത്തിലേക്ക് നയിച്ചു. കെ.ഇ. എബ്രഹാമിന്റെ സമകാലികനായ താൻ നടത്തിയ പ്രവർത്തനങ്ങൾ എല്ലാം തന്നെ മലങ്കര പെന്തിക്കോസ്തിന്റെ വളർച്ചയിലേക്ക് നയിച്ചു. മധ്യതിരുവിതാംകൂറിൽ ഉടലെടുത്ത പെന്തക്കോസ്ത് പ്രവർത്തകരിൽ കൂടുതലും എം എം ജോണിന്റെ ശ്രമഫലമായി മാനസാന്തരപ്പെട്ട വിശ്വാസികളാണ് കെ.ഇ എബ്രഹാമിന്റെ അതേ കാലത്തിൽ രക്ഷിക്കപ്പെട്ട പാസ്റ്റർ എം എം ജോൺ റോബർട്ട് എഫ്. കുക്കിന്റെ വിശ്വസ്തനായിരുന്നു. മധ്യതിരുവിതാംകൂറിലെ തന്റെ പ്രവർത്തനങ്ങൾ ഉള്ള എല്ലാ സഭകളിലും കെ.ഇ എബ്രഹാമിനെ വിളിച്ച് പ്രസംഗിക്കുവാനുള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുത്തിരുന്നു. റോബർട്ട് എഫ്. കുക്ക്, എം എം ജോൺ, പി ഡി ചാക്കോ എന്നി ത്രിമൂർത്തികൾ തന്നെയായിരുന്നു പെന്തക്കോസ്തു ഗോളത്തിൽ അടിത്തറയിട്ട സുവിശേഷകർ. എം എം ജോണിന്റെ പ്രവർത്തന മണ്ഡലം ആദ്യകാലത്ത് ആഞ്ഞിലിത്താനമായിരുന്നു. തന്റെ സഹപ്രവർത്തകനായ പി ഡി ചാക്കോയുമൊത്ത് 1923ൽ ആ ദേശത്ത് ദൈവത്തിന്റെ വചനം ശക്തിയായി പ്രഘോഷിച്ചതിന്റെ ഫലമായി അവിടെ ഒരു ചെറിയ കൂടി വരവ് ഉണ്ടായി. എം എം ജോണിന്റെ ക്ഷണപ്രകാരം കെ.ഇ എബ്രഹാം അവിടെ വന്ന് പ്രസംഗിക്കുകയും സിറിയൻ വിശ്വാസികളുടെ ഇടയിൽനിന്നും നൂറുകണക്കിനാളുകൾ രക്ഷയിലേക്കു വന്നു റോബർട്ട് എഫ്. കുക്ക് ഈ സഭയിലേക്ക് എ.സി.ശമുവേലിനെ ആക്കി, തുടർന്ന് എം എം ജോൺ തന്റെ സമുദായക്കാർ കൂടുതൽ പാർക്കുന്ന കുറുമ്പനാട് എന്ന സ്ഥലത്തെത്തി.അവിടെയുള്ള തന്റെ പ്രവർത്തനത്തിന്റെ ഫലമായി 400 ൽ പരം പേർ മാനസാന്തരപ്പെട്ടു. അങ്ങനെയിരിക്കെ ആ പ്രദേശത്ത് സ്നാനപ്പെടുത്തുന്നതിനായി സ്നാനകടവിൽ പോയപ്പോൾ ചില സുവിശേഷ വിരോധികൾ നായ്കരുണപൊടി വിതറി, ചിലർ മുളകുപൊടി സ്നാനകടവിൽ ഒഴുക്കി സ്നാനം തടസ്സപ്പെടുത്തുവാൻ ശ്രമിച്ചെങ്കിലും പാസ്റ്റർ എം എം ജോണിന് യാതൊരു വിധ ബുദ്ധിമുട്ടും ഉണ്ടായില്ല. ഇത് പലരേയും അതിശയപ്പെടുത്തി. റാന്നി, ചേത്തക്കൽ, കോട്ടയം, കുറുമ്പനാടം, തിരുവല്ല എന്നിങ്ങനെ മധ്യതിരുവിതാംകൂറിലെ പെന്തക്കോസ്തിലെ ശക്തി കേന്ദ്രത്തിൽ പ്രത്യേകിച്ചു

പിന്നോക്ക വിഭാഗങ്ങളുടെ ഇടയിലും യുവനേതാവായി എം എം ജോൺ മാറി.കൂടാതെ തന്റെ പ്രഭാഷണ മികവു കൊണ്ട് സിറിയൻ സഭകളിലെ വിശ്വാസികൾ തന്നെ വിളിയ്ക്കുകയും അവിടെപ്പോയി സുവിശേഷ പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.ഒരിക്കൽ തന്റെ പരസ്യശുശ്രൂഷാവേളയിൽ ശക്തമായ കാറ്റും മഴയും പെയ്തപ്പോൾ 500 ൽ പരം ആളുകൾ തിങ്ങി നിറഞ്ഞ ആ സദസ്സ് കാൺകെ അദ്ദേഹം കൈയ്യുയർത്തി പ്രാർത്ഥിക്കുകയും പ്രകൃതി അനുകൂലമാകുകയും ചെയ്തു. സുറിയാനികൾ ഭൂരിപക്ഷമുള്ള പ്രദേശത്തു നടന്ന ഈ അത്ഭുതം പലരേയും മാനസാന്തരത്തിലേക്കു വരുത്തുവാൻ കർത്താവ് ഇടയാക്കി. പാസ്റ്റർ പി.പി ചാക്കോ, വലിയപറമ്പിൽ വി.റ്റി പൗലോസ്, പി.ഡി ചാക്കോ തുടങ്ങിയ ശക്തരായ സുവിശേഷകർക്ക് പ്രചോദനവും അവരെ രക്ഷയിലേക്ക് നയിച്ചതും പാസ്റ്റർ എം എം ജോൺ ആയിരുന്നു. മലങ്കരപെന്തിക്കോസ്ത് സഭയിലെ ശക്തനായ നേതാവായി കെ.ഇ എബ്രഹാമിനോടൊപ്പം പാസ്റ്റർ എം എം ജോൺ വളർന്നുവന്നു.മലങ്കര പെന്തക്കോസ്തിലെ 11 അംഗ കൗൺസിലിൽ ശക്തനായ നേതാവായിരുന്നു എം.എം.ജോൺ എന്ന അപ്പോസ്തലൻ

## അസംബ്ലീസ് ഓഫ് ഗോഡിന്റെ പുതിയ സർക്കുലറും അതിനെ തുടർന്നുണ്ടായ അഭിപ്രായ വ്യത്യാസങ്ങളും

മലങ്കരപെന്തക്കോസ്ത് ദൈവസഭ എന്ന പ്രസ്ഥാനം സ്വതന്ത്ര സംഘടനയാണെങ്കിൽ കൂടി അസംബ്ലിസ് ഓഫ് ഗോഡിന്റെ ജനറൽ കൗൺസിലിന്റെ അംഗീകാരമുള്ള പ്രസ്ഥാനമായിരുന്നു. അതിലൂടെ നല്ലൊരു വരുമാനം മാസം മാസം റോബർട്ട് എഫ്. കുക്കിന് അവർ നൽകുന്നുണ്ടായിരുന്നു. കുക്കിന്റെ മുഖപത്രമായ സുവിശേഷ പ്രഭാഷകനിൽ അസംബ്ലിസ് ഓഫ് ഗോഡ് മലബാർ എന്ന് അച്ചടിച്ചിട്ടുണ്ടായിരുന്നു. ഇത് റോബർട്ട് എഫ്. കുക്കും എ.ജി.യുമായുള്ള ബന്ധം സാധൂകരിക്കുന്ന ഒന്നാണ്. ഇന്ത്യയിൽ അസംബ്ലിസ് ഓഫ് ഗോഡിന്റെ നേരിട്ടുള്ള പ്രവർത്തനത്തിൻ കീഴിൽ ഉളവായ മേരി ചാപ്മാന്റെ സഭകളും, റോബർട്ട് എഫ്. കുക്കിന്റെ എ.ജി. സഹകരണത്താലുള്ള സഭകളും ഉണ്ടായിരുന്നു. 1929ൽ അസംബ്ലിസ് ഓഫ് ഗോഡിന്റെ ദക്ഷിണേന്ത്യ സിലോൺ കൗൺസിൽ രൂപീകരിക്കുകയും അതിന്റെ കീഴിൽ വരുന്ന സഭകൾ പ്രവർത്തിക്കേണ്ട മാനദണ്ഡം അടങ്ങിയ ഒരു സർക്കുലർ പുറപ്പെടുവിച്ചു. ഓരോ സുവിശേഷകരും തങ്ങൾക്ക് നൽകിയിരിക്കുന്ന സ്ഥലം സഭവിട്ട് മറ്റൊരു ഭൂപ്രദേശത്ത് പോയി ശുശ്രൂഷിക്കരുത് എന്നതായിരുന്നു അതിലെ നിബന്ധന. സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തെ ബാധിക്കുന്ന ഈ സർക്കുലർ കുക്കിന്റെ കീഴിലുള്ള മലങ്കര പെന്തക്കോസ്തിലെ ഒരു വിഭാഗത്തിന്റെ അതൃപ്തിക്കിടയാക്കി, കെ.ഇ

എബ്രഹാമിന്റെ കീഴിലുള്ള സിറിയൻ വിഭാഗത്തിലുള്ള സുവിശേഷകർ എജി ബന്ധം വിടണമെന്ന നിർദ്ദേശം മുന്നോട്ടുവച്ചു, ദീർഘനാളായി തന്നെ സഹായിക്കുന്ന സംഘടനയോട് ബന്ധം വേർപെടുത്തുവാൻ കുക്ക് ഒരുക്കമായിരുന്നില്ല. മാത്രവുമല്ല തന്റെ കീഴിൽ ഒരു പറ്റം പിന്നോക്ക വിഭാഗത്തിലുള്ള പാസ്റ്റർമാർക്ക് മാസം തോറും ഉള്ള സാമ്പത്തികം വലിയൊരു സഹായവുമായിരുന്നു. എന്നാൽ സിറിയൻ ക്രൈസ്തവരായ സുവിശേഷകർ എ.ജി.സർക്കുലറിനെതിരെയെടുത്ത നിർദ്ദേശത്തെ ആദ്യമൊക്കെ കുക്ക് അവഗണിച്ചിരുന്നു. ഇത് മലങ്കര പെന്തക്കോസ്തിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തെ ബാധിച്ചു എന്നു വേണം കരുതാൻ.

## മലങ്കര പെന്തക്കോസ്തിൽ അസ്വരസ്യം ഉടലെടുക്കുന്നു

കുക്കിന്റെയും കെ.ഇ എബ്രഹാമിന്റെയും കീഴിലുള്ള മലങ്കര പെന്തിക്കോസ്തിന്റെ പ്രവർത്തനങ്ങൾ അത്ര സുഖകരമായിരുന്നില്ല എന്നത് നിഷേധിക്കാനാവാത്ത ഒരു സത്യമാണ്. ഒരു സംഘടനയുടെ കീഴിൽ പ്രവർത്തിക്കുമ്പോൾ ഉണ്ടാകാവുന്ന കീഴ്വഴക്കങ്ങൾ സ്വദേശിയരായ സുവിശേഷകർക്ക് അത്ര രസിച്ചിരുന്നില്ല. കുക്ക് സായ്പ്പ് മാസംതോറും ഒരു നിശ്ചിത തുക സുവിശേഷകർക്ക് നൽകിയിരുന്നു. അതുമാത്രമല്ല തങ്ങൾ ഉൾപ്പെട്ടുനിൽക്കുന്ന ഓരോ സഭകളുടേയും വരവ് ചിലവ് കണക്കും മാസാന്ത്യ റിപ്പോർട്ടും അയക്കണമെന്ന നിബന്ധനയോടും പലർക്കും വിയോജിപ്പായിരുന്നു. വിദേശബന്ധത്താലുള്ള സഹായങ്ങൾ സ്വദേശി സഭകളുടെ സ്വാതന്ത്ര്യത്തെ ബാധിക്കുമെന്ന് ഒരു കൂട്ടർ വാദിച്ചു. ആദ്യ എക്സിക്യൂട്ടീവ് യോഗത്തിൽ തന്നെ ബ്രദ: കെ.എം സഖറിയ തന്റെ വിയോജിപ്പ് രേഖപ്പെടുത്തി. മലങ്കരപെന്തക്കോസ്തിൽ ഉയർന്നുവന്ന ആദ്യ വിമർശന സ്വരമായിരുന്നു ഇത് പിന്നീട് വർദ്ധിത വീര്യത്തോടെ മലങ്കരപെന്തിക്കോസ്ത് സഭകളിൽ ആഞ്ഞടിക്കുകയും ഈ പ്രസ്ഥാനത്തെ തകർച്ചയിലേക്കും നയിക്കുകയും ചെയ്തു.എ.ജി.സർക്കുലറും വിദേശ സഹായവും വിശദമായ ഒരു ചർച്ചയ്ക്ക് വിധേയമാക്കണമെന്ന് ഒരു വിഭാഗം സുവിശേഷകരുടെ ആവശ്യപ്രകാരം പ്രതിപുരുഷ സമ്മേളനം വിളിക്കാൻ റോബർട്ട് എഫ്. കുക്ക് നിർബന്ധിതനായി.

## എജി സർക്കുലറും പ്രതിപുരുഷസമ്മേളനവും

1929 മാർച്ച് മാസത്തിൽ മുളകുഴയിൽ റോബർട്ട് എഫ്. കുക്ക് എജി ബന്ധം മുന്നോട്ടുകൊണ്ടുപോകുന്നതിനും, അവരുടെ സർക്കുലർ എങ്ങനെ ദോഷകരമായി ബാധിക്കുമെന്നതിനെപ്പറ്റി ഒരു പ്രതിപുരുഷസമ്മേളനം വിളിച്ചു. എം എം ജോണിന്റെ നേതൃത്വത്തിൽ


സുവിശേഷ പ്രകാശകൻ
AG

പിന്നോക്ക വിഭാഗം എജി ബന്ധം തുടരണമെന്നും എജി സഹായമില്ലെങ്കിൽ വേല മുന്നോട്ടു പോകുന്നത് ദുഷ്കരമാണെന്നും വാദിച്ചു, പിന്നോക്ക വിഭാഗത്തിൽ നിന്നുള്ള വി റ്റി പൗലോസ് വലിയപറമ്പിൽ, പി പി ചോക്കോ കണിച്ചുകുളം, പി ഡി ചാക്കോ കല്ലൂപ്പാറ, കുത്തുകല്ലുങ്കൽ മോശ, വി സി മത്തായി, യോഹന്നാൻ മംഗലത്ത്, റ്റി റ്റി ചാക്കോ തുടങ്ങിയ ആ കാലത്തെ യുവ സുവിശേഷകർ എജി ബന്ധം വിടരുതെന്ന് ശക്തിയുക്തം വാദിച്ചു, എന്നാൽ കെ.ഇ എബ്രാഹാമിന്റെ കീഴിലുള്ള സുവിശേഷകർ വിദേശ ബന്ധം സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുമെന്നും, മാസം മാസം കണക്ക് ഗവൺമെന്റിന് സമർപ്പിക്കുന്നതുപോലെയുള്ള ചിട്ടകൾ നമ്മുടെ പ്രസ്ഥാനത്തിൽ കൊണ്ടുവരരുതെന്ന നിർദ്ദേശം മുന്നോട്ടു വച്ചു ഇതിനെ വെട്ടികൊണ്ട് പാസ്റ്റർ എം എം ജോൺ വിദേശ സഹായമില്ലെങ്കിൽ എന്നെപോലുള്ള സാധാരണ സുവിശേഷകർ എങ്ങനെ മുന്നോട്ടു പോകുമെന്നും ഇത് പിന്നോക്ക വിഭാഗങ്ങളെ ബാധിക്കുമെന്നും അഭിപ്രായപ്പെട്ടു. വിദേശസഹായം വേണ്ടന്നു വെയ്ക്കുന്നതിലൂടെ കൂടുതൽ സാമ്പത്തിക ഞെരുക്കത്തിലേക്ക് പോകുമെന്ന് വാദിച്ചു. കൊടുന്തറ ഉമ്മച്ചൻ, പി റ്റി ചാക്കോ, കെ സി ചെറിയാൻ, കെ ഇ എബ്രഹാം തുടങ്ങിയവർ സ്വന്തം കാലിൽ സുവിശേഷ വേല ചെയ്യാനുള്ള പ്രാപ്തി മലങ്കരപെന്തക്കോസ്തിനുണ്ടെന്നും അതിനാൽ വിദേശ സഹായം വേണ്ടെന്നും അതില്ലാതെ തന്നെ മുന്നോട്ടു പോകുവാനുള്ള പ്രാപ്തി മലങ്കരപെന്തക്കോസ്തിനുണ്ടെന്നുള്ള വാദം മുന്നോട്ടു വെച്ചു. എം എം ജോണിന്റെ നിലപാടിനെ അന്നുകൂടിയ 30 സുവിശേഷവേലക്കാരിൽ ചില സുവിശേഷകർ അനുകൂലിച്ചു സംസാരിച്ചു. റ്റി എം വർഗീസും എ.കെ വർഗീസും ഇതേ നിലപാടു സ്വീകരിച്ചു. കൊത്തുകല്ലുങ്കൽ മോശ ഇതുവരെ നമുക്കിടയിൽ അഭിപ്രായ സമുന്നയം ഇല്ലാത്തതിനാൽ വോട്ടിടാം എന്ന നിർദ്ദേശം വച്ചു. ഭൂരിപക്ഷം അഭിപ്രായമറിയുന്നതിന് വേണ്ടി വോട്ടിടുകയും 30 പേരിൽ 23 പേരും എജി ബന്ധം വേണമെന്നും കെ.ഇ എബ്രഹാം അടക്കമുള്ള ഏഴു സുവിശേ

ഷകർ ഈ പ്രമേയത്തിനെതിരായി വോട്ടു രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ ഒരുമിച്ച് മുന്നോട്ടു പോകണമെങ്കിൽ എജിയുടെ കൗൺസിൽ ബന്ധം വിടണമെന്ന് വാശിപ്പിടിച്ചതോടെ ആശയപര മായി ഇരു വിഭാഗങ്ങളും തങ്ങളുടെ നിലപാടിൽ ഉറച്ചു നിന്നതോടെ ഒരു പിളർപ്പ് ഒഴിവാക്കാൻ റോബർട്ട് എഫ് കുക്ക് ഇടപ്പെടുകയും അനൈക്യത്തിന്റെ സാത്താനെ നമ്മുടെ ഇടയിൽ പ്രവേശിക്കരുതെന്നും എല്ലാവരും സ്നേഹബന്ധത്തിൽ ഒന്നിച്ചുപോകണമെന്നും അതി നൊരു തടസ്സം എബ്രഹാം സഹോദരങ്ങൾ പറഞ്ഞ വിദേശബന്ധമാ യതിനാൽ കൂട്ടായി ഒരുമിച്ചുപോകണമെങ്കിൽ എജി ബന്ധം വിടാൻ ഞാൻ ഒരുക്കമാണെന്ന് റോബർട്ട് എഫ് കുക്ക് പ്രസ്താവിച്ചു. എല്ലാ വരും സ്നേഹബന്ധത്തിൽ ഒന്നിച്ചുപോകണമെന്നും അതിന് തടസ്സം വിദേശബന്ധമായതിനാൽ മലങ്കരപെന്തക്കോസ്ത് എജി ബന്ധം വിടുന്നു എന്ന് കാണിച്ച് അമേരിക്കയിലെ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൗൺസിലിന് കത്തെഴുതും എന്ന നിർദ്ദേശം ഐക്യക ണ്ഠേന പാസ്സാക്കി പ്രതിപുരുഷസമ്മേളനം മുളക്കുഴയിൽ സമാപി ച്ചു.

## എജി ബന്ധം വിട്ടുകൊണ്ടുള്ള പാ.കെ ഇ എബ്രഹാമിന്റെയും റോബർട്ട് എഫ് കുക്കിന്റെയും വാർത്താപത്രിക

പ്രതിപുരുഷ സമ്മേളനത്തിന് ശേഷം കൈകൊണ്ട് തീരുമാനം നടപ്പിൽ വരുത്തികൊണ്ട് എജി കൗൺസലിന് റോബർട്ട് എഫ് കുക്ക് കത്തെഴുതുകയും പിറ്റെ. മാസത്തെ മാസികയിൽ എജി ബന്ധ ത്തെ നിശിതമായി വിമർശിച്ചു കൊണ്ടുള്ള കെ ഇ എബ്രഹാമിന്റെ ലേഖനം സുവിശേഷ പ്രഭാഷകനിൽ വരികയുണ്ടായി.കേരളത്തിലെ പെന്തക്കോസ്ത് വിശ്വാസികൾക്ക് സ്വീകാര്യമല്ലാത്തതും സ്ഥലം സഭക ളുടെ സ്വാതന്ത്രത്തെ ഹനിക്കുന്നതു മായ എജിയുടെ പുതിയ നിബ ന്ധന ഞങ്ങൾ കേരളതത്തിലെ മിഷനറിയായ കുക്കിനെ അറിയിച്ചിട്ടു ണ്ടെന്നും ഒരു നുകത്തിന്റെ കീഴിൽ ജവേലചെയ്യുവാൻ ഞങ്ങൾക്ക് സമ്മതമല്ലെന്നും വ്യക്തമാക്കി.കെ.ഇ.ഏബ്രഹാമിന്റെ ലേഖനം പുറത്തു വന്നതോടെ റോബർട്ട് എഫ് കുക്കിനും എ.ജി. കൗൺസിലിനെതിരെ ലേഖനമെഴുതുവാൻനിർബന്ധിതനായിത്തീർന്നു. ഇതിന്റെ പുറകെ റോബർട്ട് എഫ് കുക്കും എജി കൗൺസിലിനെ നിശിതമായി വിമർശി ച്ചുകൊണ്ടുള്ള ലേഖനം പുറത്തുവിട്ടു. ഒരു തിരിച്ചു വരവിന് പഴുതു പോലും ഇല്ലാ എന്നു വ്യക്തമാക്കികൊണ്ടായിരുന്നു സുവിശേഷപ്രഭാ ഷകൻ മാസികയിൽ റോബർട്ട് എഫ് കുക്കിന്റെ ലേഖനം. സ്ഥലം സഭകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാം എന്ന തീരുമാനമാണ് മല ങ്കരപെന്തക്കോസ്ത് ദൈവസഭ ഇതുവരെ എടുത്തിട്ടുള്ള തീരുമാന

ങ്ങൾ. എന്നാൽ എജി കൗൺസിലിന്റെ തീരുമാനങ്ങൾ പലതും എന്നെ മുറിവേൽപ്പിക്കുന്നവയാണ്. അവസാനമായി വന്ന സർക്കുലർ സ്വദേശിയരായ സുവിശേഷകർക്ക് പ്രവർത്തന സ്വാതന്ത്ര്യം നിഷേധിക്കുന്ന തരത്തിലുള്ള നിബന്ധനയായതിനാൽ അതിനെതിരെ എന്റെ കൂട്ടുവേലക്കാരായ ദൈവദാസന്മാർ എടുത്ത നിലപാട് തന്നെയാണ് എന്റെയും നിലപാട് ഞങ്ങളുടെ പൊതു തീരുമാനമനുസരിച്ചാണ് ഈ ബന്ധം ഞങ്ങൾ വേർപെടുത്തുന്നത്.

## സ്വദേശിയ സുവിശേഷകർ ശക്തരാകുകയും കുക്ക് കൂടുതൽ ദുർബ്ബലനാകുകയും ചെയ്യുന്നു.

എജി ബന്ധം അവസാനിച്ചതോടെ റോബർട്ട് എഫ് കുക്ക് മലങ്കരപെന്തക്കോസ്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ കൂടുതലൽ ദുർബലനായി തീർന്നു. പിന്നീട് സംഘടനാ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുവാൻ സ്വദേശിയരായ സുവിശേഷകരെയും സഭകളേയും ആശ്രയിക്കേണ്ട നിലയിലേക്ക് എത്തി സാമ്പത്തിക ഭദ്രതയുള്ള നേതാക്കളെല്ലാം സിറിയൻ ക്രൈസ്തവ വിഭാഗത്തിൽ നിന്നുള്ളവരാകയാൽ ആ വിഭാഗത്തിന്റെ പിന്തുണ കെ.ഇ എബ്രഹാമിനായിരുന്നു. റോബർട്ട് എഫ് കുക്കിനോട് ചേർന്നു നിൽക്കുന്ന അടിസ്ഥാനജനവിഭാഗങ്ങൾക്കിടയിൽ സുവിശേഷപ്രവർത്തനം വളരെ ദുർബലമായി തീർന്നു വേണ്ടത്ര സഹായം എത്തിച്ചു കൊടുക്കുവാൻ വിദേശസഹായമില്ലാത്തതിനാൽ നിസഹയാനായി നിൽക്കുകയേ കുക്ക് സായ്പ്പിനു നിർവാഹമുണ്ടായിരുന്നുള്ളു.


## 1930ലെ മുട്ടുമൺ കൺവെൻഷനും അതിനെ തുടർന്നുണ്ടായ വിമതനീക്കങ്ങളും

1928 വരെ മലങ്കരപെന്തക്കോസ്തിന്റെ കൺവൻഷനിൽ ആറാട്ടുപ്പുഴയുടെ തീരത്താണ് നടന്നത്. എന്നാൽ വിദേശസഹായമില്ലാത്തതിനാൽ കൂടുതലും സ്ഥലം സഭകളെ കുക്ക് സായിപ്പിന് ആശ്രയിക്കേണ്ടി വന്നു. പൂവത്തൂർ സഭാ കൺവൻഷന്റെ ചിലവ് വഹിക്കാമെന്ന നിർദ്ദേശം മുന്നോട്ടുവച്ചു. അടുത്തുള്ള സ്വതന്ത്ര സഭകളും ഇതിനെ പിൻതാങ്ങി. അവരുടെ ആവശ്യപ്രകാരം 1930 മുതൽ ജനുവരി 13 മുതൽ 19 വരെ മുട്ടുമൺ എന്ന സ്ഥലത്തെ മലങ്കരപെന്തക്കോസ്തിന്റെ വാർഷിക കൺവൻഷൻ നടത്തപ്പെട്ടു വിദേശമിഷനറിമാരെ കൂടാതെ സിലോണിൽ നിന്ന് വന്ന സുവിശേഷകൻ പോൾ, സുവി. ആൽവിൻ ഡി ആൽവിസ് തുടങ്ങിയവർ മുഖ്യപ്രഭാഷകരായിരുന്നു. അവർ മുന്നോട്ടുവെച്ച പ്രസംഗ വിഷയം മലങ്കരപെന്തക്കോസ്തിലേക്ക് ഇരുണ്ട കാർമേഘം രൂപപ്പെടുന്നതിലേക്ക് വഴിതെളിച്ചു.

അപ്പോസ്തോലിക കാലത്തെപ്പോലുള്ള വിശ്വാസ ജീവിതം എന്ന വിഷയം ആ കൺവൻഷൻ നഗരിയെ പ്രകമ്പനംകൊള്ളിച്ചു. സ്വന്തമായുള്ളതെല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിനെ അനുഗമിക്കുക. കുക്ക് സായിപ്പിൽ നിന്ന് ലഭിച്ചിരുന്ന മാസശമ്പളം പോലും വിശ്വാസജീവിതത്തിനെതിരായിരുന്നുവെന്ന് സ്വദേശിയർ കരുതി കെ.ഇ എബ്രഹാം അടക്കമുള്ള സുവിശേഷകർ റോബർട്ട് എഫ് കുക്കിന്റെ കീഴിൽ തുടർന്ന് പോകുവാൻ ആഗ്രഹിച്ചില്ല. മുട്ടുമൺ കൺവൻഷൻ പരിസമാപ്തി കുറിച്ചപ്പോൾ കേരളത്തിൽ ഒന്നായി നിന്നിരുന്ന മലങ്കരപെന്തിക്കോസ്തിലെ സുവിശേഷകരുടെ ഇടയിലെ ഭിന്നത മറനീക്കിപ്പുറത്തുവന്നു. സിറിയൻ ക്രൈസ്തവവിഭാഗത്തിൽ നിന്നുള്ളവർ കുക്കിനെ അനുസരിക്കാതെ സ്വതന്ത്രമായി പ്രവർത്തിച്ചു, കുക്കിന്റെ കീഴിൽ പ്രവർത്തിക്കുന്നതും പുറത്തുനിന്നുള്ള സംഭാവന സ്വീകരിച്ച് സുവിശേഷപ്രവർത്തനം ചെയ്യുന്നത് അപ്പോസ്തോലിക ഉപദേശത്തിന് വിരുദ്ധമെന്ന് വ്യാഖ്യാനിച്ച് ചിലർ ചെറുകൂട്ടം കൂടി പുതിയ വിശ്വാസ പ്രമാണത്തിനനുസൃതമായി മുന്നോട്ടു നീങ്ങി. കുക്കിനോടു ആഭിമുഖ്യം പുലർത്തിയവരും, കുക്കിന്റെ നന്മ കൈപറ്റിയവരും കുക്കിനെതിരെ തിരിഞ്ഞു, മുന്നോക്ക വിഭാഗങ്ങളിൽപ്പെട്ട സുവിശേഷകരെല്ലാം ഒരു വശത്ത് അണിചേർന്നു. അതിൽ കുക്ക് അകമഴിഞ്ഞ് സ്നേഹിച്ച കുക്കിന്റെ വിശ്വസ്തരായ കൊടുന്തറ ഉമ്മച്ചനും, എ.സി. ശമുവേലും ഉണ്ടായിരുന്നുവെന്നത് കുക്കിന് വേദനയുളവാക്കി.ഇവരെക്കൂടാതെ താൻ സ്നേഹിച്ച പലരും സമുദായ പ്രീണനം നടത്തി കുക്കിനെതിരെ തിരിഞ്ഞു. സ്ഥലം സഭകളുടെ യാതൊരു സ്വാതന്ത്ര്യത്തിലും നാളിതുവരെ കൈകടത്തിയിട്ടില്ലെന്നും ഒരു സുവിശേഷകനെന്ന നിലയിൽ ഒത്തിണക്കത്തോടെ പോകുക മാത്രമാണ് താനിതുവരെ ചെയ്തതെന്നു റോബർട്ട് എഫ്. കുക്ക് പ്രസ്താവിച്ചുവെങ്കിലും ആരുമത് മുഖവിലക്കെടുത്തില്ല. തികച്ചും ദുർബലനായ തന്നെ ഒറ്റപ്പെടുത്തുന്നു എന്ന തോന്നൽ റോബർട്ട് എഫ്. കുക്കിനുണ്ടായി.

## കുമ്പനാടിൽ നടന്ന രഹസ്യയോഗവും തീരുമാനങ്ങളും

1930 ലെ മുട്ടുമൺ കൺവൻഷനുശേഷം പരിവർത്തിക പെന്തക്കോസ്ത് വിഭാഗത്തിൽപ്പെട്ട ചില സുവിശേഷകരും, വിശ്വാസികളും കുമ്പനാട്ടിൽ കടന്നുവന്നു ഒരു രഹസ്യയോഗം കൂടുകയും റോബർട്ട് എഫ് കുക്കിനെതിരെ ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തു സ്വദേശിയരായ നമ്മളെ ഒരു വിദേശിയന്റെ കീഴിൽ നിൽക്കരുതെന്നും എത്രയും വേഗം മലങ്കരപെന്തക്കോസ്തിന്റെ പ്രവർത്തനം നിർത്തി സ്വദേശീയരായ നമ്മൾ ജനത്തിന്റെ ഇടയിലേക്ക് പ്രവർത്തനം കേന്ദ്രീകരിക്കണം എന്ന ആശയം മുന്നോട്ടുവച്ചു ഇപ്പോൾ വിദേശസഹായം


പ. പി.എം. ശമുവേൽ

ഇല്ലാത്തതിനാൽ റോബർട്ട് എഫ് കുക്ക് നമ്മളെ ആശ്രയിച്ചാണ് നിൽക്കുന്നതെന്നും ഈ സമയം നമ്മൾ സംഘടന വിട്ടാൽ റോബർട്ട് എഫ് കുക്ക് ശക്തി ക്ഷയിക്കുകയും അദ്ദേഹത്തിന്റെ കൂടെ നിൽക്കുന്നവരുൾപ്പടെ വലിയൊരു വിഭാഗത്തെ നമ്മുടെ കീഴിൽ കൊണ്ടു വരണമെന്നും നമ്മുടെ ഇടയിൽ നിന്നു തന്നെ നേതൃത്വ പാടവമുള്ള കെ.ഇ എബ്രഹാം, കെ.സി ചെറിയാൻ കെ.സി ഉമ്മൻ തുടങ്ങിയ സ്വദേശിയരായ നേതാക്കൾ ഉയർന്നു വരട്ടെ എന്നും ഒരു വിദേശിയുടെ കീഴിൽ തുടർന്നുള്ള നാളുകൾ മുന്നോട്ടു പോകണ്ട എന്നു തീരുമാനിച്ചു. സിലോണിൽ നിന്നു വന്ന സുവിശേഷകൻ പോൾ സുവിശേഷകൻ ആൽവിൻ തുടങ്ങിയവർ മുന്നോട്ടു വെച്ച അപ്പോസ്തോലിക കാലത്തെ ഉപദേശം വളരെ നല്ല ആശയമാണെന്നും സ്വദേശിയരായ അവരുമായുള്ള അടുപ്പം ഒരു പരിധിവരെ നമുക്ക് ഗുണം ചെയ്യുമെന്നും ഇനിയൊരു ബന്ധത്തിന് കുക്കുമായി എജി കൗൺസിൽ മുതിരില്ലെന്നും കുക്കിന്റെ കീഴിലുള്ളവർ മുഴുവനും പിന്നോക്ക വിഭാഗമായതിനാൽ സാമ്പത്തികമായി അവർ പിന്നോട്ടായതിനാൽ കുക്കിന്റെ കീഴിൽ നിൽക്കുവാൻ അവർ മുതിരില്ലെന്നും ഒരു വ്യാഖ്യാനമുണ്ടായി കുമ്പനാട്ടിൽ നടന്ന രഹസ്യയോഗത്തിൽ അക്കാലത്തെ പല പ്രമുഖസുവിശേഷകർ ഉണ്ടായിരുന്നുവെന്നത് ഒരു ചരിത്രസത്യമാണ്. വെള്ള പശുവിന്റെ പാൽ ഞങ്ങൾക്കു വേണ്ട എന്നൊരു വിവാദപരാമർശം ആ യോഗത്തിൽ ഒരു പ്രമുഖ സുവിശേഷകൻ പ്രസ്താവിക്കയുണ്ടായി. അവരുടെ പേരിവിടെ പരാമർശിക്കപ്പെടുന്നില്ല എങ്കിലും കുമ്പനാട്ടിൽ നടന്ന ഈ രഹസ്യമീറ്റിങ്ങിന് ശേഷമാണ് മലങ്കരപെന്തക്കോസ്ത് രണ്ടായി പിരിയുന്നത്. സുറിയാനി ക്രൈസ്തവർ എന്നുപറയുന്നവർ കെ.ഇ എബ്രഹാമിന്റെ കൂടെയും പിന്നോക്ക വിഭാഗം കുക്കിന്റെ കൂടെയും രണ്ടുചേരിയായി തിരിഞ്ഞു.

## വിഭജനത്തിനു സൂചന നൽകി കൊണ്ടുള്ള കീക്കോഴൂർ കൺവൻഷൻ

1930 ജനുവരി 13 മുതൽ 19 വരെ റോബർട്ട് എഫ് കുക്കിന്റെ കീഴിൽ മലങ്കര പെന്തക്കോസ്ത് നടത്തിയ കൺവൻഷനെ പറ്റി മുകളിൽ പരാമർശിച്ചിരുന്നു ആ കൺവൻഷൻ മൂന്നു ദിവസങ്ങൾക്കുശേഷം റോബർട്ട് എഫ് കുക്കിനെ മാറ്റി നിർത്തികൊണ്ട് 1930 ജനുവരി 23 മുതൽ 26 വരെ കീക്കോഴൂർ പുള്ളിക്കാടി ശ്രീമതി അന്നമ്മ അവറുകളുടെ വാസസ്ഥലത്ത് പാസ്റ്റർ പി എം ശമുവേലിന്റെ നേതൃത്വത്തിൽ

ഒരു കൺവൻഷൻ നടത്തപ്പെട്ടു. മുട്ടുമൺ കൺവൻഷനിലെ പ്രധാന പ്രാസംഗികനായിരുന്ന പോൾ തന്നെയായിരുന്നു ഇവിടുത്തേയും പ്രധാന പ്രാസംഗികൻ പാസ്റ്റർ ആൽവിൻ, കെ. ഇ. എബ്രഹാംമും തന്റെ അനുയായികളും ഈ കൺവൻഷനിൽ സജീവ പങ്കാളികളായി കൺവൻഷനിൽ പരിസമാപ്തി കുറിച്ചപ്പോൾ ഇനിയൊരു തിരിച്ചുപോക്ക് കുക്കിനൊപ്പം ഇല്ല എന്നുള്ള തീരുമാനം തെന്നിന്ത്യൻ പെന്തക്കോസ്ത് നേതാക്കൾ ഉറപ്പിച്ചു.സുവി.പോൾ, ആൽവിൻ തുടങ്ങിയവരുടെ അപ്പോസ്തോലിക കാഴ്ച്ചപ്പാട് ഇഷ്ടപ്പെട്ട സ്വദേശി നേതാക്കൾ സിലോൺ പെന്തക്കോസ്തുമായി യോജിച്ചുപോകുവാൻ തീരുമാനിച്ചു.

## മലങ്കര പെന്തക്കോസ്ത് രണ്ടാകുന്നു

1926ൽ ഒത്തു ചേർന്നു പ്രവർത്തിച്ച റോബർട്ട് എഫ് കുക്കും, കെ.ഇ എബ്രഹാമും ഏകദേശം നീണ്ട നാലുവർഷം അവർ ഒരുമിച്ചു പ്രവർത്തിച്ചു എന്നാൽ മുട്ടുമൺ കൺവൻഷനുശേഷം കെ.ഇ എബ്രഹാമും സഹപ്രവർത്തകരും യാതൊരു മുന്നറിയിപ്പും കൂടാതെ കീക്കൊഴൂർ കൺവൻഷനു ശേഷം റോബർട്ട് എഫ് കുക്കിനെ വിട്ടുപോയി. തന്നെ എജി ബന്ധം അവസാനിപ്പിക്കുവാൻ മുന്നിൽ നിന്നവർ 6 മാസങ്ങൾക്ക് ശേഷം തന്നെ വിട്ടുപോയപ്പോൾ നടുകടലിൽ നിൽക്കുന്ന അവസ്ഥക്ക് തുല്ല്യമായി തന്റെ കാര്യസ്ഥനായി വരുകയും ഏറ്റവും ആത്മബന്ധം സൂക്ഷിച്ചിരുന്ന കൊടുന്തറ ഉമ്മൻ, കെ.സി ചെറിയാൻ കെ.സി ഉമ്മൻ തുടങ്ങിയ പ്രഗൽഭരായ സ്വദേശിയരായ നേതാക്കളെല്ലാം കെ.ഇ എബ്രഹാമിന്റെ കൂടെ പോയി. അതോടെ മലങ്കര പെന്തക്കോസ്ത് രണ്ടായി പിളർന്നു. റോബർട്ട് എഫ് കുക്കിന്റെ പലപ്രവർത്തനങ്ങളും ആദ്യകാലപെന്തക്കോസ്തു പ്രവർത്തകരായ പിന്നോക്ക വിഭാഗത്തിലെ സുവിശേഷകർക്ക് അതൃപ്തി ഉണ്ടായിരുന്നു. അതിൽ ഏറ്റവും വലിയ ഉദാഹരണങ്ങളിൽ ഒന്നായിരുന്നു ആഞ്ഞിലിത്താനത്തെ വിഷയം അവിടെ എം.എം ജോണിന്റെ നേതൃത്വത്തിലാരംഭിച്ച പ്രവർത്തനത്തിലുണ്ടായ ചർച്ച് വിശ്വാസികളാൽ നിറഞ്ഞു വലിയൊരു സഭ ആയപ്പോൾ ആ സഭയിലെ സുവിശേഷകനായി സുറിയാനിക്കാരനായ എ.സി. ശമുവേലിനെ കുക്ക് സായിപ്പ് നിയമനം കൊടുത്തത് പിന്നോക്ക വിഭാഗത്തിലുള്ളവർക്ക് അതൃപ്തിയുളവാക്കി.എന്നിരുന്നാലും മലങ്കര പെന്തക്കോസ്തിന്റെ പിളർപ്പിൽ കെ.ഇ. ഏബ്രഹാമിന്റെ കൂടെ പോകാതെ പിന്നോക്ക വിഭാഗം ഉറച്ചുനിന്നു.

## സന്ധി സംഭാഷണവും വഴിപിരിയലും

കെ.ഇ എബ്രഹാമും കൂട്ടരും പോയതോടെ അവരെ തിരിച്ചു വിളിച്ചു ഒന്നിച്ചുപോകുവാനുള്ള ശ്രമങ്ങൾക്ക് തുടക്കംകുറിച്ച് കൊണ്ട്

കുമ്പനാട് സഭയിലെ ഏതാനും ചില വിശ്വാസികൾ കെ.ഇ എബ്രഹാമുമായി ബന്ധപ്പെട്ടു അനുരഞ്ജന സംഭാഷണങ്ങൾ ങ്ങൾ നടത്തി ഒത്തുതീർപ്പ് മീറ്റിംഗ് എന്നോണം 1930 ഫെബ്രുവരിയിൽ ഒരു പ്രതിപുരുഷ സമ്മേളനം റാന്നിയിൽ വിളിച്ചു കൂട്ടി. വളരെ വാഗ്വാദങ്ങൾ നിറഞ്ഞ മീറ്റിംഗിൽ ഇരുവിഭാഗങ്ങളും പരസ്പരം ഏറ്റുമുട്ടി. റോബർട്ട് എഫ് കുക്കിനെ എജി ബന്ധം വിച്ഛേദിപ്പിക്കുവാൻ മുന്നിൽ നിന്ന് പ്രേരണനൽകുകയും, വിദേശബന്ധം വിച്ഛേദിച്ചതിനുശേഷം കെ.ഇ ഏബ്രഹാമിന്റെ അനുയായികളെല്ലാം ഒരു ഭാഗത്ത് അണിചേർന്ന് കുക്കിനെ വിട്ടുപോയത് വഞ്ചനയാണെന്ന് പി.ഡി ചോക്കോയും, എം എം ജോണും, എ.കെ വർഗീസും അഭിപ്രായപ്പെട്ടു. കുക്കിനോട് വഞ്ചന കാണിച്ചില്ലെന്നും സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രശ്നങ്ങളാണ് റോബർട്ട് എഫ് കുക്ക് കൈക്കൊള്ളുന്നതെന്നും കെ.ഇ എബ്രഹാമിന്റെ കൂടെയുള്ള പ്രവർത്തകർ അറിയിച്ചു. നിങ്ങൾക്കു വിട്ടു പോകണമെങ്കിൽ മുന്നമേ ആയിക്കൂടാഞ്ഞോ എജി ബന്ധം വിടുവാൻ നിർബന്ധിച്ചതിനുശേഷം വിട്ടുപോയത് കൊടും ചതി തന്നെയാണെന്നും കുക്കിന്റെ കീഴിലെ പ്രവർത്തകരെല്ലാം സാധാരണക്കാരായതിനാൽ തുടർപ്രവർത്തനത്തിന് ബുദ്ധിമുട്ട് വരുത്തുക, കുക്കിനെ തിരിച്ച് അമേരിക്കയിലേക്ക് വിടുക തുടങ്ങിയ കാര്യങ്ങൾ പറഞ്ഞുറപ്പിച്ച് നിങ്ങൾ പ്രാവർത്തികമാക്കി. കുക്ക് സായ്പ്പ് നിങ്ങളുടെ കുഴിയിൽ തന്നെവീണു ഇത് ചതി തന്നെയല്ലേ എന്ന് പിറവം കാരനായ വി.സി മത്തായി പറഞ്ഞു. വിശ്വാസവഞ്ചകരാണെന്നുള്ള ആദ്യകാല പ്രവർത്തകരുടേയും കുക്കിന്റെ അനുയായികളുടേയും ചോദ്യശരങ്ങൾ കൂടുതൽ മൂർച്ഛിക്കുന്നതിന് മുമ്പ് തന്നെ ഒന്നിച്ച് നീങ്ങാൻ തങ്ങൾക്കു സമ്മതമാണെന്ന് വാക്കാൽ കെ.ഇ എബ്രഹാമും റോബർട്ട് എഫ് കുക്കും ആ മീറ്റീംഗിൽ തീരുമാനമെടുത്തു. മലങ്കരപെന്തക്കോസ്ത് പഴയകാല അനുഭവത്തോടെ മുന്നോട്ടും പോകും എന്ന ധാരണയോടെ റാന്നിയിലെ പ്രതിപുരുഷസമ്മേളനം പിരിഞ്ഞു. ഈ മീറ്റിംഗിനു ശേഷം റോബർട്ട് എഫ് കുക്ക് സുവിശേഷ പ്രഭാഷകനിലൂടെ മലങ്കര പെന്തക്കോസ്തിലുള്ള പ്രശ്നം പരിഹരിക്കപ്പെട്ടു എന്ന് ലേഖനം പുറത്തുവിട്ടെങ്കിലും അത് പ്രാവർത്തികമാക്കാൻ സാധിച്ചില്ല.

## വിഭജനം സ്ഥിരീകരിച്ചുകൊണ്ടുള്ള കെ ഇ എബ്രഹാമിന്റെ പരസ്യപ്രഖ്യാപനം

റാന്നിയിൽ നടന്ന പ്രതിപുരുഷസമ്മേളനത്തിന്റെ ഒരുമിച്ചുപോകുവാൻ തെന്നിന്ത്യൻ നേതാക്കൾ തീരുമാനിച്ചുവെങ്കിലും കൂടുതൽ ചർച്ചകൾക്കായി 1930 ഫെബ്രുവരി 6ന് ഇട്ടിയച്ചൻ എന്ന സഹോദരന്റെ ഭവനത്തിന്റെ മുമ്പിലുള്ളഒരു കുന്നിൻ പുറത്ത് ശനിയാഴ്ച്ച രാവിലെ ഒരു



തെന്നിന്ത്യൻ പെന്തക്കോസ്ത് സുവി ശേഷകർ

യോഗം ചേർന്നു. കെ ഇ എബ്രഹാമിന്റെ ആത്മകഥയിൽ ഇട്ടിയച്ചന്റെ ഭവനത്തിന് മുകളിലെ കുന്നിൻമേൽ ഉപവാസത്തിലും പ്രാർത്ഥനയിലും എടുത്ത തീരുമാനമാണ് എന്ന് പറയപ്പടുന്നുണ്ടെങ്കിലും മലങ്കരപെന്തക്കോസ്തിൽ കുക്കുമായി ഒന്നിച്ചു പോകേണ്ട എന്നുതന്നെയാണ് തീരുമാനം എടുത്. അന്ന് പങ്കെടുത്ത യോഗത്തിൽ കെ സി ഉമ്മൻ, കെ സി ശമുവേൽ, കെ സി ചെറിയാൻ, റ്റി കെ മാത്യു, വി സി തോമസ് പി റ്റി വർഗീസ്, വി കെ മത്തായി(വളയിൽ മത്തായി) ഇവരെല്ലാം ചേർന്നെടുത്ത തീരുമാനം പിറ്റേ ഞായറാഴ്ച്ച പകൽ 10 മണിക്ക് സഭായോഗാനന്തരം റോബർട്ട് എഫ് കുക്കുമായി ഒന്നിച്ച് പോകുന്നില്ല എന്ന തീരുമാനം കെ.ഇ.ഏബ്രഹാം പരസ്യമായി പ്രഖ്യാപിച്ചു. തെന്നിന്ത്യൻ പെന്തക്കോസ്ത് എന്ന പഴയ പേരിൽ തുടർന്ന് പോകുവാനാണ് താൽപ്പര്യമെന്നും കുക്കിന്റെ പ്രവർത്തനത്തിൽ തെറ്റൊന്നും ചൂണ്ടികാണിക്കാനില്ലെന്നും എന്നാൽ യോജിച്ചു പോകുവാൻ താൽപര്യമില്ലെന്നു കാണിച്ചുകൊണ്ട് കത്തെഴുതി ഒരു ദൂതൻ മുഖാന്തിരം സായിപ്പിന്റെ വസതിയിലേക്ക് എത്തിച്ചു.

## സുവിശേഷ പ്രഭാഷകൻ മാസികയിലൂടെ മലങ്കരപെന്തക്കോസ്ത് വിഭജിച്ചതായി കുക്കിന്റെ ലേഖനം

കെ ഇ എബ്രഹാമിന്റെ നേതൃത്വത്തിന് സിറിയൻ ക്രൈസ്തവരുടെ വലിയൊരു സംഘം മലങ്കരപെന്തക്കകോസ്ത് വിട്ട് പുതിയൊരു പ്രസ്ഥാനം രൂപീകരിച്ച വിവരം സുവിശേഷ പ്രഭാഷകൻ മാസികയിലൂടെ ലേഖനം കുക്ക് സായിപ്പ് പുറത്ത് വിട്ടു. തെന്നിന്ത്യൻ നേതാക്കളെ സപ്പറേഷൻ വാദികൾ എന്നു വിമർശിച്ചുകൊണ്ടുള്ള തന്റെ ലേഖനം. അവരുടെ രാഷ്ട്രീയ വഞ്ചനയെ തുറന്നുകാണിച്ചു. ഈ വാർത്ത കേരളത്തിലെ എല്ലാസുവിശേഷകരിലേക്കും എത്തി ചേർന്നു.കേരളത്തിലെ പല സഭകളും അവരിൽ ഏതെങ്കിലും ഒരു ചേരിയിലേക്ക് മാറിക്കൊണ്ടിരുന്നു. എജി ബന്ധം വിടുവാൻ മുന്നിൽ നിന്ന് തന്നെ ഉത്സാഹിപ്പിച്ചവർ 6 മാസം തികയും മുമ്പേ തന്നെ വിട്ടു പോയതോടെ മുളക്കുഴ ബംഗ്ലാവ് ആളൊഴിഞ്ഞ സഭാ കേന്ദ്രമായി മാറി.

## എം എം ജോണിന്റെ നയതന്ത്രമികവ്

കെ.ഇ. ഏബ്രഹാം, തന്റെ കൂടെയുള്ള സഹസുവിശേഷകരും റോബർട്ട് എഫ് കുക്കിനെ ഒറ്റപ്പെടുത്തി ഒരു കൂട്ടമായി പോയി എന്ന

വാർത്ത അറിഞ്ഞ മധ്യതിരുവിതാംകൂറിലെ ശക്തനായ സുവിശേഷകൻ പാസ്റ്റർ.എം.എം.ജോൺ നിജസ്ഥിതിയറിയുവാൻ കുക്കിന്റെ പരിഭാഷകൻ എ.കെ. വർഗീസുമായി ബന്ധപ്പെടുകയും വാർത്ത സത്യമാണെന്ന് താൻ സ്ഥിരീകരിക്കുകയും ചെയ്തു. തെക്കൻ മേഖലയിലെ സഭകളുടെ പിന്തുണ റോബർട്ട് എഫ് കുക്കിന് ഉണ്ടെന്നും മധ്യതിരുവാതാംകൂറിലെ പിന്നോക്ക വിഭാഗത്തിൽപെട്ട സഭകളുടെ തീരുമാനം അറിയുവാൻ കുക്ക് അവറുകൾ തന്നെ ചുമതലപ്പെടുത്തിയതിൻ പ്രകാരം ഈ വിഷയത്തിൽ പാസ്റ്റർ. എം. എം. ജോണും സഹപ്രവർത്തകരും കുക്കിന് പിന്തുണ നല്കണമെന്ന് അപേക്ഷ എ.കെ. വർഗീസ് എം.എം.ജോണുമായി പങ്കുവെച്ചു. കുക്ക് സായിപ്പിനോട് ധൈര്യമായിരിക്കയെന്നും മധ്യതിരുവിതാംകൂറിലെ ഭൂരിപക്ഷ പിന്നോക്ക സഭകളും കുക്കിന്റെ കീഴിൽ ഉറപ്പിച്ചു നിർത്തുവാനുള്ള പ്രവർത്തനം ഞാൻ ചെയ്യാമെന്ന് വാക്ക് എ.കെ. വർഗീസിനു നൽകി. മന്തക്കുഴിയിൽ പരിയാരം ജോൺ തന്റെ സ്വവസതിയിൽ താൻ ഉണ്ടാക്കിയ സഭകളുടെ സുവിശേഷകരെ വിളിച്ചു വരുത്തി പാസ്റ്റർ പി.ഡി ചാക്കോ ഉൾപ്പടെ 15 അംഗ സുവിശേഷകർ തന്റെ ഭവനത്തിലെത്തി ഒരു കാരണവശാലും തെന്നിന്ത്യൻ നേതാക്കളുടെ പ്രലോഭനത്തിൽ വീഴരുതെന്നും സായ്പ്പിന് ഒരു പ്രതിസന്ധി നേരിടുമ്പോൾ നമ്മെ രക്ഷയിലേക്ക് നടത്തിയ അപ്പോസ്തലനായ കുക്കിന് നാമല്ലാതാരുണ്ട്. ആയതിനാൽ കുക്കിന് പിന്തുണയുള്ള സുവിശേഷകരുടേയും സഭകളുടേയും എണ്ണമറിയുന്നതിന് മുളക്കുഴയിൽ എത്തിചേരുവാൻ അന്നതെത യോഗത്തിൽ ആവശ്യപ്പെട്ടു.ചരിത്ര പ്രാധാന്യമർഹിക്കുന്ന തന്റെ ഭവനത്തിൽ കൂടിയ ഈ മീറ്റിംഗാണ് ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ എന്ന മഹൽ പ്രസ്ഥാനത്തിന് അടിസ്ഥാനമിട്ടത്.പാസ്റ്റർ.എം.എം. ജോൺ എന്ന വിശ്വാസ വീരൻ ദൈവസഭയുടെ ചരിത്രത്തിലെ തങ്കലിപികളിൽ എഴുതിച്ചേർക്കേണ്ട പേരുകളിലൊന്നാണ്.

## സീയോൻകുന്നിലെ വിശ്വാസവീരന്മാരുടെ ശബ്ദം ഇന്നും പ്രതിധ്വനിക്കുന്നു

കെ.ഇ എബ്രഹാമും കൂട്ടരും കുക്കിനെ വിട്ടു മറ്റൊരു പ്രസ്ഥാനം തുടങ്ങിയതോടെ തീർത്തും ദുർബലനായ റോബർട്ട് എഫ് കുക്ക് മുളക്കുഴയിൽ ഒറ്റപ്പെട്ടു. തന്റെ കൂടെ നിന്ന പലസഭകളും തെന്നിന്ത്യൻ നേതാക്കളിലേക്ക് കൂറുമാറിക്കൊണ്ടിരുന്നു, തെന്നിന്ത്യൻ നേതാക്കൾ കുക്കിനോട് കാണിച്ച അനീതിയിൽ പ്രതിഷേധിച്ച് അടിസ്ഥാന ജനവിഭാഗങ്ങൾ ഒറ്റക്കെട്ടായി കുക്കിന്റെ പിന്നിൽ അണിനിരന്നു. മധ്യതിരുവിതാംകൂറിലെ ശക്തനായ സുവിശേഷകൻ പാ.എം.എം ജോൺ, മുളക്കുഴയിലെത്തി തന്റെ കൂടെയുള്ള സുവിശേഷകരുടെ പിന്തുണ

അറിയിച്ചു, കണിച്ചുകുളത്തുനിന്ന് പി.പി ചാക്കോയും പാക്കിൽ നിന്ന് വലിയപറമ്പിൽ വി.റ്റി പൗലോസും കല്ലൂപ്പാറയിൽ നിന്ന് പി.ഡി ചാക്കോയും മാങ്ങാനത്തു നിന്ന് പി.സി ശമുവേലും തുടങ്ങിയ പിന്നോക്ക വിഭാഗങ്ങളിലെ നേതാക്കൾ കുക്കിന് പിന്തുണയുമായി മുളക്കുഴയിലേക്ക് ഒഴുകി, സുറിയാനിക്കാരനായ എ.കെ വർഗീസും റ്റിഎംവർഗീസും കുക്കിന്റെ കൂടെ ഉറച്ചു നിന്നു. ഇവർക്കു രണ്ടു പേർക്കും തെന്നിന്ത്യൻ നേതാക്കളിൽ നിന്ന് സമ്മർദ്ധമുണ്ടായിരുന്നെങ്കിലും കുക്കിനെ വിട്ടുപോകുവാൻ ഇവർ താൽപ്പര്യപ്പെട്ടില്ല, പുതു ക്രിസ്ത്യാനികളുടെ നേതാവ് ചമയുവാനാണോ കുക്കിന്റെ കൂടെ നിൽക്കുന്നതെന്ന പരിഹാസം തെന്നിന്ത്യൻ നേതാക്കളുടെ ഭാഗത്തു നിന്നുണ്ടായി. എന്നാൽ ഇതെല്ലാം ഇവർ തള്ളിക്കളഞ്ഞു.പാസ്റ്റർ എം എം ജോണിന്റെ നേതൃത്വത്തിൽ നടന്ന മുളക്കുഴയിലെ കൂടിവരവ് പൂർണ്ണസുവിശേഷ ദൈവസഭയുടെ ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട മീറ്റിഗുകളിൽ ഒന്നാണ്, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കുക്കിന് പിന്തുണ അർപ്പിച്ചുകൊണ്ട് സമൂഹത്തിന്റെ നാനാഭാഗത്തുനിന്നും സുവിശേഷകരും പ്രതിപുരുഷന്മാരും സീയോൻകുന്നിലേക്ക് ഒഴുകിയെത്തി.മുളകുഴയിൽ നിന്ന് അന്നുയർന്നുകേട്ട ശബ്ദം അടിച്ചമർത്തപ്പെട്ട ഒരു ജനവിഭാഗം തങ്ങളെ ക്രിസ്തുവിലേക്കടുപ്പിച്ച റോബോർട്ട് എഫ് കുക്കിനെ പൂർണ്ണമായും പിന്തുണകൊടുക്കുന്ന മീറ്റിംഗുകളിലൊന്നായിരുന്നു. വർഷങ്ങൾക്ക് മുൻപുള്ള ചരിത്രമായതതിനാൽ അന്നെടുത്ത തീരുമാനങ്ങളെ പറ്റി വേണ്ടത്ര ചരിത്രരേഖകൾ ഇല്ലാത്തതിനാൽ ദുർബലനായ റോബോർട്ട് എഫ് കുക്കിന്റെ ശക്തമായ തിരിച്ചുവരവിന് ആക്കംക്കൂട്ടിയത് പിന്നോക്ക വിഭാഗക്കാരുടെ ഈ ഒത്തുചേരൽ ആയിരുന്നു. മീറ്റിംഗിന്റെ അവസാനം പൂർണ്ണസുവിശേഷ എന്ന ആദ്യപേരിൽ തന്നെ മുന്നോട്ടു പോകാം എന്ന ആശയമാണ് ഉരുത്തിരിഞ്ഞത് പക്ഷെ സാമ്പത്തീകം എന്നത് മറികടക്കേണ്ട വലിയ കടമ്പയായിരുന്നു.



പ്രതിപുരുഷ സമ്മേളനത്തിനുശേഷം

## അന്നുകൂടിയവരിൽ പ്രധാനികളായിരുന്നവരെ ചുവടെചേർത്തിരിക്കുന്നു

1. വി.റ്റി പൗലോസ് വലിയപറമ്പിൽ
2. എം എം ജോൺ പരിയാരം
3. എ.കെ വർഗീസ്
4. റ്റി.എം വർഗീസ് കല്ലുപാറക്കൽ തലവടി
5. പി.ഡി ചാക്കോ കല്ലൂപ്പാറ ചെമ്പൻതുരുത്ത്
6. കെ.ജെ ഐസക്ക് മത്തായി പാമ്പാടി
7. ദാനിയേൽ കുന്നേൽ വാഴൂർ
8. പി.സി ചാക്കോ രണ്ടാംതോടൽ
9. വി.എം പത്രോസ്
9. കെ.സി ജോസഫ് കിണറ്റുങ്കൽ കുറുമ്പനാട്
10. യോഹന്നാൻ മംഗലത്ത്കുന്നേൽ
11. റ്റി.റ്റി ചാക്കോ
12. ജോസഫ് കണിച്ചുകുളം
13. പാസ്റ്റർ കെ.ഡി മർക്കോസ്
14. പാസ്റ്റർ പി.ജെ ജോസഫ്
15. പാസ്റ്റർ കെ.ജെ മർക്കോസ് കുന്നുംചിറ
16. പി.സി ശമുവേൽ കുമ്പനാട്
17. വി.സി മത്തായി വെട്ടുകല്ലുങ്കൽ
18. ഫാ: പടിഞ്ഞാട്ടുകുഴി

## വിഭജനത്തിനുശേഷമുള്ള ശീതസമരം

മലങ്കരപെന്തക്കോസ്ത് രണ്ടായി വിഭജിക്കപ്പെട്ടതിനുശേഷം റോബർട്ട് എഫ് കുക്കിന്റെ കീഴിലുള്ള സുവിശേഷകരും കെ ഇ എബ്രഹാമിനു കീഴിലുള്ള സുവിശേഷകരും സഭകൾ സ്വന്തമാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു. ഭൂരിപക്ഷം പിന്നോക്ക വിഭാഗം റോബർട്ട് എഫ് കുക്കിന് പിൻതുണനൽകിയപ്പോൾ സിറിയൻ ക്രൈസ്തവർ വിഭാഗം കെ ഇ എബ്രഹാമിന് കീഴിൽ നിൽക്കുവാനാണ് താൽപ്പര്യം കാണിച്ചത് എന്നാൽ ഒരു ഭാഗത്തേക്കും പോകാത്ത സഭകൾക്ക് വേണ്ടി ഇരുകൂട്ടരും ശ്രമങ്ങൾ ആരംഭിച്ചു കനകപ്പലം, എരുമേലി വലിയകാവ്, കാനം, തുടങ്ങിയ പിന്നോക്ക വിഭാഗം ഉൾപ്പെടുന്ന സഭകൾ കെ ഇ എബ്രഹാമിന്റെ പ്രവർത്തനത്തിന്റെ കീഴിൽ ഉളവായ സഭയായിരുന്നെങ്കിലും കുക്കിനൊപ്പം നിൽക്കുവാനാണ് താൽപ്പര്യപ്പെട്ടത്. എന്നാൽ മല്ലപ്പള്ളി ഭാഗത്തെ കുക്കിന്റെ കീഴിൽ നിന്നിരുന്ന സഭകൾ കെ ഇ എബ്രഹാമും പിടിച്ചെടുത്തു. കുമ്പനാട് സഭയിൽ നിന്ന് ബ്രദർ വി റ്റി തോമസ് പാസ്റ്ററുടെ നേതൃത്വത്തിൽ ഒരു കൂട്ടം വിശ്വാസികൾ സഭ പിളർത്തി കുക്കിനൊപ്പം ചേർന്നു. പ്രത്യുപകാരമായി വി റ്റി തോമസ്സിനെ ഓഡിനേഷൻ പാസ്റ്റർ ആയി നിയമനം നൽകി.

## വിശ്വാസപാതയിലെ 5 വർഷം (1930–1935)

ചർച്ച് ഓഫ് ഗോഡിന്റെ അഥവാ പൂർണ്ണസുവിശേഷയുടെ ചരിത്രത്തിലെ ഇരുണ്ട യുഗമായിരുന്നു 1930 മുതൽ 1935 വരെയുള്ളത്, റോബർട്ട് എഫ് കുക്കിന്റെ ആത്മകഥയിലും ചെറിയൊരു പരാമർശം ഈ കാലത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.ചെറിയ വിദേശസഹായം കൊണ്ട് തന്നെ ഇത്രയും കാലം കുക്കും സ്വദേശിയരായ സുവിശേഷകരും എങ്ങനെ തള്ളിനീക്കി എന്നത് അത്ഭുതം തന്നെ. സാമ്പത്തിക ശേഷി അൽപ്പംപോലും ഇല്ലാത്ത പൂർണ്ണസുവിശേഷയിലെ സുവിശേഷകർ ഈ 5 വർഷം വളരെ വിസ്താരമായി വേലചെയ്തു എന്നതിന്റെ തെളിവാണ് അന്നത്തെ പ്രവർത്തകനായ പാസ്റ്റർ പി.പി ചാക്കോയുടെ മകനും ഇന്നു ജീവിച്ചിരിക്കുന്ന കണിച്ചുകുളം സഭാംഗവുമായ സഹോ. കുട്ടിയച്ചൻ പറയുന്നത് തന്റെ പിതാവ് രാവിലെ മുതൽ വൈകുന്നേരം വരെ വയലിൽ പണിചെയ്ത ശേഷം വേഷം മാറി നീളത്തിലുള്ള ജുബായും മുണ്ടുമുടുത്ത് കണിച്ചുകുളം മീൻ കവലയിൽപ്പോയി സുവിശേഷ യോഗം നടത്തും അങ്ങനെ നടത്തിയ മീറ്റീഗിൽ സുവിശേഷ വിരോധി വന്ന് വലിയ മീൻ കൈയിലെടുത്ത് ശക്തിയായി അടിച്ചു പരിക്കേൽപ്പിച്ചിരുന്നു രാത്രി വന്ന് ആ തുണികഴുകിയിട്ട് രാവിലെ പണിക്ക് പോകും വൈകുന്നേരം തലേന്ന് രാത്രി ഉണങ്ങാൻ ഇട്ടിരുന്ന അതേ വസ്ത്രം ഉടുത്ത് അടുത്ത കവലയിൽ പോയി പ്രസംഗിക്കും. പാസ്റ്റർ റ്റി ചാക്കോയുടെ മകൻ മറ്റൊരു കദന കഥയാണ് പറഞ്ഞത് എജി ബന്ധം നിന്നതോടെ മാസം മാസം കിട്ടി കൊണ്ടിരുന്ന ചെറിയ തുക ഇല്ലാതായി. പൂർണ്ണമായും സുവിശേഷവേല ചെയ്തവർ ഭാഗീകമായി ജോലിക്ക് പോകുവാൻ നിർബന്ധിതരായി. ജോലി കഴിഞ്ഞ് രാത്രി കാലങ്ങളിൽ കുക്കിനൊപ്പംപോയി പല പരസ്യയോഗങ്ങളിലും സംബന്ധിക്കും എന്നെപ്പോലെ തന്നെ കുക്കിനൊപ്പം കൂടിയിരുന്ന പലരും ഇങ്ങനെ ജോലികഴിഞ്ഞ് വന്നവരാണ് രാവിലത്തെ ക്ഷീണം വകവെയ്ക്കാതെ രാത്രി രണ്ട് മണിവരെയും ആരാധിക്കുന്ന അന്നത്തെ യുവസുവിശേഷകരുടെ ത്യാഗം ഇന്ന് ചിന്തിക്കാവുക്കാവുന്നതിലും അപ്പുറമായിരുന്നു. ഒരു പക്ഷെ ഞാനീ ചരിത്രം കുത്തിക്കുറിക്കുമ്പോൾ സുവിശേഷം പടർന്നുപന്തലിക്കുവാൻ അന്നനുഭവിച്ച കഷ്ടതകൾ ഇന്നത്തെ തലമുറ അറിയണം. പല ചരിത്രകന്മാരും പെന്തക്കോസ്തിന്റെ ആരംഭപ്രവർത്തകരായ പിന്നോക്ക വിഭാഗത്തെ മാറ്റിനിർത്തികൊണ്ടുള്ള ചരിത്രം രചിച്ചപ്പോൾ ഇതിന്റെ പിന്നിൽ കഷടം സഹിച്ചവരുടെ ചരിത്രം എഴുതുവാൻ ആരും മെനകെട്ടില്ല എന്നതാണ് സത്യം, ഇത് പുറത്തേക്ക് കൊണ്ടുവരുവാൻ അവരുടെ ഇടയിൽ നിന്നുതന്നെ ഒരു ചരിത്രകാരനും വന്നില്ല എന്നത് ദു:ഖകരമാണ്. പ്രതിസന്ധികൾ നിറഞ്ഞ ഈ 5 വർഷത്തിനിടയിലും

കുക്കിനെ കൈവിടാതെ തന്റെ ഒപ്പം നിന്ന പി.ഡി ചാക്കോയോട് ഒരിക്കൽ കുക്ക് ചോദിച്ചു എന്നിൽ നിന്ന് നന്മ അനുഭവിച്ചവരും കൂടെ നിൽക്കുമെന്ന് പ്രതീക്ഷിച്ചവരും എന്നെ വിട്ടുപോയി. ഈ പ്രതിസന്ധിയിൽ നിങ്ങൾ എന്നെ വിട്ടുപോകാഞ്ഞത് എന്തേ ? ഇതിന്റെ മറുപടിയെന്നോണം പി.ഡി ചാക്കോ പാസ്റ്റർ പറഞ്ഞു നിർത്തിയത്. ഞങ്ങളെ വിശ്വാസത്തിൽ കൊണ്ടുവരുവാൻ കുക്ക് സായ്പ്പ് അനുഭവിച്ച കഷ്ടതയുടെ അൽപ്പംപോലും വരുമോ ഈ ബുദ്ധിമുട്ട് പാസ്റ്റർ എം.എം ജോണിന്റെ കൊച്ചുമകൻ ഈ വസ്തുത ചരിത്രകാരൻ എന്ന നിലയിൽ എന്നോടു പങ്കുവെച്ചപ്പോൾ അന്നത്തെ അടിസ്ഥാനജനത സുവിശേഷത്തിന് വേണ്ടി കഷ്ടപ്പെട്ട എത്രയോ അനുഭവം വിസ്മരിക്കപ്പെട്ടുപോയിട്ടുണ്ട്. 1930 മുതൽ 1935 വരെ റോബർട്ട് എഫ് കുക്ക് സാധാരണക്കാരായ സുവിശേഷകരുമൊത്ത് എങ്ങനെ പൂർണ്ണസുവിശേഷ എന്ന പ്രസ്ഥാനം മുന്നോട്ടു കൊണ്ടുപോയി എന്നതിനെ പറ്റി വേണ്ടത്രരേഖകളോ തെളിവുകളോ ഇല്ല എന്നാൽ വാമൊഴിയാൽ കിട്ടിയ ചില ചരിത്രങ്ങൾ മുകളിൽ ഞാൻ എഴുതി ചേർത്തിട്ടുണ്ട്,

മലങ്കരപെന്തക്കോസ്ത് വിഭജിച്ചതിനുശേഷം പ്രധാന വിദേശവരുമാനമായ എജി ബന്ധം നിർത്തിയത് കുക്കിന് തിരിച്ചടിയായിരുന്നു. 1932 ൽ അമേരിക്കയിലെ 30 വിശ്വാസികൾ ഒരു ചെറിയ തുക നൽകി കുക്കിനെ സഹായിച്ചിരുന്നു പിന്നീട് അവിടെ സാമ്പത്തികമാന്ദ്യം വന്നപ്പോൾ. അവർ സഹായം നിർത്തി. അവരിൽ 5 പേർ മാത്രം സഹായം നൽകികൊണ്ടിരുന്നു. അവരിൽ നിന്നു കിട്ടിയ 30 ഡോളർ വീതം വെയ്ക്കുകയും, എല്ലാമാസവും കൂട്ടുവേലക്കാർക്ക് കൊടുക്കുകയും ചെയ്തു. 1932 ൽ ഏകദേശം 26 വേലക്കാരുണ്ടായിരുന്ന പൂർണ്ണ സുശേഷ ദൈവസഭയിലെ ഉത്തരവാദിത്വം കൂടുതലുള്ളവർക്ക് 3 ഡോളറും അതിൽകുറവുള്ളവർക്ക് 2 ഡോളറും നൽകി കുക്കിന് ഒപ്പം നൽകുന്ന ഭൂരിപക്ഷം വേലക്കാരും പട്ടിണിയും പരിവട്ടവും ആയി ജീവിതം തള്ളിനീക്കി സ്വന്തംകുട്ടികൾക്ക് വരെ ആഹാരംകൊടുക്കുവാൻ കഴിയാതെ വിഷമത്തിലായി. ആ സമയത്ത് അമ്രേിക്കയിലെ സ്വതന്ത്രബാപ്റ്റിസ്റ്റ് സഭ സഹായിക്കുവാനായി മുന്നോട്ടുവന്നു എന്നാൽ അവരുടെ സഹായം നിന്നപ്പോൾ കുക്കിന്റെ കീഴിലുള്ള ചില സിറിയൻ ഭൂരിപക്ഷമുള്ള സഭകൾ തെന്നിന്ത്യൻ നേതാക്കളുടെ പെന്തക്കോസ്തു സഭയിലേക്ക് കൂറുമാറി.

അമേരിക്കയിൽ ഹൂയിസിന്റെ കുടുംബത്തിൽപ്പെട്ടവർ സഹായവുമായി ഇതിനിടയിൽ വന്നു വെങ്കിലും അമേരിക്കയിൽ മാന്ദ്യം കൂടിയപ്പോൾ അവർ ആ സഹായവും നിർത്തി. കുക്കിന്റെ ഒപ്പം നിന്ന സുവിശേഷകർക്ക് മാത്രമല്ല, കുക്കിനും തന്റെ കുട്ടികൾക്കും പഠന



റോബർട്ട് എഫ്. കുക്കിന്റെ മക്കൾ

ചിലവിനു കാശില്ലാതായി. 1930 മുതൽ 1935 വരെ റോബർട്ട് എഫ് കുക്കും സുവിശേഷകരും പട്ടിണിയും പരിവട്ടവുമായി കഴിച്ചുകൂട്ടി എന്നാൽ ചെറിയ വിദേശസഹായങ്ങൾ കിട്ടിയെങ്കിലും അതവരുടെ ദാരിദ്ര്യം അകറ്റുവാൻ കഴിഞ്ഞിരുന്നില്ല. അവരുടെ ത്യാഗവും തന്നോടുള്ള സ്നേഹവും കുക്കിന് കണ്ടില്ലെന്ന് നടിക്കാനായില്ല എ.ജി. പോലുള്ള മറ്റൊരു സംഘടനക്കായി കുക്ക് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.തന്റെയൊപ്പമുള്ളവരെ സഹായിക്കണം എന്ന ചിന്ത റോബർട്ട് എഫ് കുക്കിനെ പലപ്പോഴും അലട്ടിയിരുന്നു തന്റെ പഠിപ്പിക്കലുമായി ഇണങ്ങുന്ന ദൈവീകകരത്തിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. നീണ്ട 5 വർഷത്തെ പ്രാർത്ഥനക്കൊടുവിൽ 1935 ൽ ഒരു മുഖാന്തിരം ഉരുത്തിരിഞ്ഞുവന്നു.

## പൂർണ്ണ സുവിശേഷയുടെ വളർച്ചയുടെ പിന്നിലെ വിശ്വാസ വീരന്മാർ (1923-1935)

### പാസ്റ്റർ.എം.എം.ജോൺ,

മല്ലപ്പള്ളി പരിയാരം മന്തക്കുഴി വീട്ടിൽ 1884 മാർച്ച് 14 ജനിച്ച ജോൺ ആദ്യകാലത്ത് പി.ആർ.ഡി.എസിന്റെ നേതാവായിരുന്നു. സാമാന്യ വിദ്യാഭാസം മാത്രം ഉണ്ടായിരുന്ന അദ്ദേഹം വേദപുസ്തകത്തപ്പറ്റി നല്ല അറിവുള്ള ആളായിരുന്നു. മദ്ധ്യതിരുവിതാംകൂറിലെയും ഉത്തരതിരുവിതാംകൂറിലെയും ഒട്ടുമിക്ക സഭകളും തന്റെ പ്രവർത്തിൻകീഴിൽ വന്നവയാണ്. റോബർട്ട് എഫ്. കുക്കിന്റെ വിശ്വസ്തനായ താൻ ആദ്യ ഗവേണിംഗ് ബോഡി മെമ്പറും ചർച്ച് ഓഫ് ഗോഡ് രജിസ്റ്റർ ചെയ്ത അഞ്ചംഗ ഡയറക്ടർ ബോർഡിലെ അംഗമായിരുന്നു. ജീവിതാന്ത്യ സമയങ്ങളിൽ അദ്ദേഹം ഹൈറേഞ്ചിലെ കാഞ്ചിയാർ കുമിളി, എന്നിവിടങ്ങളിൽ സുവിശേഷ വേല ചെയ്തു വരികയായിരുന്നു.1964 മെയ് 22 ന് അദ്ദേഹം നിത്യതയിൽ ചേർക്കപ്പെട്ടു.

### പാസ്റ്റർ വി. റ്റി പൗലോസ്

പാസ്റ്റർ വി റ്റി പൗലോസ് (വലിയ പറമ്പിൽ) 1903 മാർച്ച് 16ന് ഒരു കത്തോലിക്ക കുടുംബത്തിൽ ജനിച്ചു. 1926 ൽ രക്ഷാനിർണ്ണയം പ്രാപിക്കുകയും അതേവർഷം തന്നെ സ്നാനമേൽക്കുകയും ചെയ്തു. കോട്ടയത്ത് ആദ്യമായി രക്ഷയുടെ അനുഭവത്തിലേക്കു വരുന്നത് ഇദ്ദേ



വി.റ്റി. പൗലോസ് വലിയപറമ്പിൽ

ഹമായിരുന്നു. 1927 ൽ സുവിശേഷവേലയ്ക്കിറങ്ങിയ പാസ്റ്റർ പൗലോസ് 1929 ൽ പാക്കിൽ പള്ളത്ത് പ്രവർത്തനം ആരംഭിച്ചു. സാമാന്യ വിദ്യാഭ്യാസം മാത്രമുള്ള ഇദ്ദഹത്തിന്റെ ശുശ്രൂഷകൾ ആത്മ നിറവിന്റേതായിരുന്നു. പള്ളം, കൊല്ലാട്, കണ്ണംചിറ,പരുത്തുംപാറ, കുറുമ്പനാടം, കണിച്ചുകുളം,വേളൂർ,കിളിരൂർ, കുറിച്ചി, വെള്ളുത്തുരുത്തി, വെല്ല്യാട്ട്, ഐമനം തുടങ്ങിയസ്ഥലങ്ങളിൽ ചർച്ച് ഓഫ് ഗോഡിന്റെ ശുശ്രൂഷകനായിരുന്നു. 1968 ൽ തുല്യനീതിക്കുവേണ്ടി വെള്ളൂർ കെ. ജെ.യുടെ നേതൃത്വത്തിൽ പ്രക്ഷോഭം ആരംഭിച്ചപ്പോൾ പള്ളം

### പാസ്റ്റർ കെ ജെ മർക്കോസ് (കുന്നുംചിറ)



1897 ൽ കോട്ടയം ജില്ലയിലെ പാമ്പാടി കരയിൽ ബ്രദറൺ മാതാപിതാക്കളുടെ മകനായി ജനിച്ച മർക്കോസ് 1926 ൽ പെന്തക്കോസ്ത് വിശ്വാസിയായി തീർന്നു. അപ്പോൾ മുതൽ പാസ്റ്റർ എം എം ജോൺ, പി ഡി ചാക്കോ എന്നിവരോടൊത്ത് അദ്ദേഹം സമീപപ്രദേശങ്ങളിൽ പെന്തക്കോസ്ത് സന്ദേശം അറിയിച്ചു തുടങ്ങി 1928 ൽ പാമ്പാടിയിൽ വെച്ച് നടന്ന കുക്ക്സായിപ്പിന്റെ യോഗത്തിൽ പൂർണ്ണസമയം സുവിശേഷ വേലയക്കായി സമർപ്പിച്ചു പിന്നീട് മുളക്കുഴ, സീയോൻകുന്ന് ബൈബിൾ സ്ക്കൂളിൽ ചേർന്ന് പഠിക്കുകയും തിരുവിതാംകൂറിൽ പല സ്ഥലങ്ങളിൽ സുവിശേഷകനായി പ്രവർത്തിക്കുകയും ചെയ്തു. പാസ്റ്റർ മർക്കോസ് ദീർഘകാലം തലപ്പാടി ദൈവസഭയുടെ ശുശ്രൂഷകനായിരുന്നു. ദൈവസഭ(ഡിവിഷൻ) എക്സിക്ക്യൂട്ടിവ് കൗൺസിൽ അംഗമായും ബൈബിൾ ബോർഡ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. 1979 മെയ് 4 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ദൈവസഭ(ഡിവിഷൻ) പ്രധാന ശുശ്രൂഷകരായ പാസ്റ്റർ കെ എം എബ്രഹാം, കെ എം ജോൺ എന്നിവർ മക്കളാണ്.

## ഉള്ളതു മുഴുവൻ സഭയ്ക്കുദാനം ചെയ്ത കൊടുംന്തറ ഉമ്മച്ചൻ



വിശ്വാസജീവിതം പൂർണ്ണമായി പ്രയോഗത്തിൽ വരുത്തിയ ചുരുക്കം ചില സുവിശേഷകരിൽ ഒരാളായിരുന്നു പാസ്റ്റർ കെ സി ഉമ്മൻ (കൊടുംന്തറ ഉമ്മച്ചൻ) 1922 ൽ കുക്ക് സായ്പ്പിന്റെ ഗൃഹവിചാരകനെന്ന നിലയിൽ ജോലിയിൽ ആയിരിക്കുമ്പോൾ ഉമ്മച്ചൻ ബ്രദറും വിശ്വാസിയായിരുന്നു കുക്ക് സായ്പ്പുമായുള്ള കൂട്ടായ്മ അദ്ദ ഹത്തെ പെന്തക്കോസ്ത് വിശ്വാസിയാക്കി തീർത്തു.

ഇപ്പോൾ കുമ്പനാട് എലീം ഹോളിൽ ഇരിക്കുന്ന സ്ഥലം കെ സി ഉമ്മന്റെ പിതൃ സ്വത്തായിരുന്നു അതിൽ തന്റെ വീതം സഹോദരനു എഴുതിക്കൊടുത്തു അദ്ദേഹം ഇപ്പോൾ ചർച്ച് ഓഫ് ഗോഡിരിക്കുന്ന സ്ഥലം വാങ്ങി. അതേ സമയം സ്വന്തം അദ്ധ്വാനഫലമായി ഇപ്പോഴത്തെ ഹെബ്രോൻപുരം സിസ്റ്റേഴ്സ് ഡോർ മിറ്ററിയുടെ ഭാഗവും അദ്ദേഹം സ്വന്തമാക്കി. എന്നാൽ അപ്പോസ്തലിക കാലത്തെ വിശ്വാസ ജീവിതം എന്ന ഉദ്ദേശം ഗ്രഹിച്ച കൊടുന്തറ ഉമ്മച്ചൻ കവലയ്ക്കടു ത്തുള്ള തന്റെ സ്ഥലം കുക്ക് സായിപ്പിനു വിറ്റ് ആ പണം മുഴുവൻ സുവിശേഷവേലയ്ക്കുവേണ്ടി ഉപയോഗിച്ചു. പിന്നീട് അദ്ദേഹത്തിന് സ്വന്തമായി ഉണ്ടായിരുന്നത് ഹോബ്രോൻ പുരത്തെസ്ഥലമാണ് അത് മൊത്തമായി അദ്ദേഹം ഐപിസിക്ക് എഴുതിക്കൊടുത്തു. അങ്ങനെ കൊടുന്തറ ഉമ്മച്ചന്റെ സ്വന്തമായിരുന്ന വസ്തുക്കളിലാണ് ഇന്ന് കുമ്പ നാട് ചർച്ച് ഓഫ് ഗോഡ്, കുമ്പനാട് എലീം, ഹെബ്രോൻപുരം എന്നിവ നിൽക്കുന്നത്.

1891 ൽ ജനിച്ച കെ സി ഉമ്മൻ 1922 മുതൽ 30 വരെ കുക്ക് സായ്പ്പി നോട് ചേർന്നു പ്രവർത്തിച്ചിരുന്നു. 30 മുതൽ 1944 ഡിസംബറിൽ മരി ക്കുന്നത് വരെ അദ്ദേഹം ഐപിസിയിലെ വിശ്വസ്ത ശുശ്രൂഷകനാ യിരുന്നു. കറതീർന്ന വിശ്വാസിയും കപടമില്ലാത്ത സുവിശേഷകനു മായിരുന്ന കൊടുംന്തറ ഉമ്മച്ചൻ ധീരനും ഭരണനിപുണനും ഉറച്ച നില പാടുള്ളവനുമായിരുന്നു. കൊടുന്തറ ഉമ്മച്ചൻ കുക്ക് സായിപ്പിനെ വിട്ടു പോയാലും അദ്ദേഹത്തിന്റെ സംഭാവന പൂർണ്ണ സുവിശേഷയ്ക്ക് വില പ്പെട്ടതാണ്.

## എ.കെ.വർഗീസ് എന്ന പരിഭാഷകൻ

1855-ൽ പുത്തൻകാവിൽ അയിരൂക്കുഴിയിൽ കുഞ്ചാണ്ടിയുടെ മകനായി ജനിച്ച എ കെ വർഗീസ് പാസ്റ്റർ കുക്കിന്റെ പരിഭാഷകൻ മാത്രമല്ല, നയതന്ത്രജ്ഞനായ ഒരു ഉപദേഷ്ടാവു കൂടിയായിരുന്നു. ഇംഗ്ലീഷ് മലയാളം ഭഷകളിൽ ഉള്ള ജ്ഞാനം, ഭാഷാശുദ്ധി, മുഴക്കമുള്ള ശബ്ദം, ക്ഷീണിക്കാതെ പ്രവർത്തിക്കുന്ന ശീലം, ദൈവാശ്രയം ഇതെല്ലാം അദ്ദേഹത്തിന്റെ ഗുണവിശേഷങ്ങൾ ആയിരുന്നു. 1927 ൽ സുവിശഷപ്രഭാഷകൻ, മാസിക ആരംഭിക്കുവാൻ കുക്ക് സായിപ്പിനു എ കെ വർഗീസിന്റെ പ്രേരണ പിൻ ബലമായുണ്ടായിരുന്നു. ഇംഗ്ലീഷ്ലേഖനങ്ങൾ പരിഭാഷപ്പെടുത്തി മാസികയിൽ പ്രസിദ്ധീകരിക്കുന്ന ചുമതല അദ്ദേഹം സുസ്ത്യർഹമാം വിതം നിറവേറ്റി. അതുകൂടാതെ മലയാളത്തിലും അദ്ദേഹം ധാരാളം ലേഖനങ്ങൾ എഴുതിയിരുന്നു മറ്റ് പെന്തക്കോസ്ത് ഉപദേശങ്ങളെ പരിഹസിച്ചെഴുതിയ ലേഖനങ്ങൾക്ക് സുവിശേഷ പ്രഭാഷകനിൽ സത്യവാചി എന്ന തൂലികാനാമത്തിൽ മറുപടി എഴുതിയത് എ കെ വർഗീസ് ആയിരുന്നു. തന്റെ സന്തത സഹചാരിയിൽ സുഹൃത്തും ഉപദേഷ്ടാവും ഒക്കെ ആയിരുന്ന കുക്ക് സായിപ്പ് ഇന്ത്യ വിട്ടുപോയതിനു ശേഷം എ കെ വർഗീസ് സജീവ സഭാപ്രവർത്തനത്തിൽ നിന്നും വിരമിച്ചു 1952 മുതൽ പുനലൂരിനടുത്തുള്ള മാത്ര എന്ന സ്ഥലത്ത് താമസമാക്കി 1959 ജൂൺ മാസത്തിൽ 74-ാം വയസിൽ അദ്ദേഹം കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

## പാസ്റ്റർ.പി.പി.ചാക്കോ പള്ളിക്കുന്നേൽ

1903 നവംബർ 3 കുറുമ്പനാടം എന്ന സ്ഥലത്ത് ജനിച്ചു.1926 ൽ പരിയാരം ജോൺ ഉപദേശിയുടെ കൈക്കീഴിൽ സ്നാനം ഏറ്റു.കണിച്ചുകുളം വല്യാട്ട് തുടങ്ങിയ ഏഴിൽ പരം സഭകൾ സ്ഥാപിച്ചു.1930 ലെ വിഭജനത്തിൽ റോബർട്ട് എഫ്. കുക്കിന് പൂർണ്ണ പിന്തുണ നൽകിയവരിൽ ഒരാളായിരുന്നു. ഇദ്ദേഹത്തിന്റെ മകൻ കുട്ടിയച്ചൻ കേരളാ ഡിവിഷൻ കണിച്ചുകുളം സഭാംഗമാണ്.

## പി.ഡി.ചാക്കോ കല്ലൂപ്പാറ



ദൈവസഭയുടെ സ്ഥാപകനേതാക്കളിൽ എം.എം.ജോൺ കഴിഞ്ഞാൽ അടുത്തസ്ഥാനം പാസ്റ്റർ പി.ഡി. ചാക്കോയ്ക്കാണ്. മദ്ധ്യതിരുവിതാംകൂറിൽ പാസ്റ്റർ. എം. എം. ജോണുമൊത്ത് പതിനഞ്ചോളം സഭകൾ സ്ഥാപിച്ചു.1936 ൽ ദൈവസഭയുടെ ആദ്യ ഗവേണിംഗ് ബോഡി മെമ്പറായിരുന്നു. 1930 കളിലെ വിഭജനത്തിൽ കെ. ഇ.ഏബ്രഹാമിനെതിരെ

ശക്തമായ നിലപാടെടുത്ത ചുരുക്കം ചില പാസ്റ്റർമാരിലൊരാൾ.റോബർട്ട് എഫ്.കുക്കിനൊപ്പം താൻ നടത്തിയ സേവനം ദൈവസഭയുടെ ചരിത്രത്തിൽ നിന്നും ഒരിക്കലും മാറ്റുവാൻ കഴിയുന്നതല്ല.സീയോൻകുന്നിൽ പ്രവേശിച്ച ചുരുക്കം ചില സുവിശേഷകരിൽ ഒരാളാണ് പാസ്റ്റർ. പി.ഡി. ചാക്കോ.

**എ.സി. സാമുവേൽ**

കുമ്പനാട് അടപ്പനാംകണ്ടത്തിൽ കുടുംബാംഗവും കോയിപ്രം വേർപാടുസഭാംഗവുമായിരുന്ന എ സി സാമുവേലിനെ പെന്തക്കോസ്ത് വിശ്വാസത്തിലേക്കുനയിക്കുന്നത്, അദ്ദേഹത്തിന്റെ ആത്മ സുഹൃത്തും, കുക്ക് സായ്പ്പിനോടൊന്നിച്ച് പ്രവർത്തിച്ചിരുന്ന വ്യക്തിയുമായിരുന്ന കൊടുന്തറ ഉമ്മച്ചനാണ്. 1924-ൽ അമേരിക്കയിലെ അസംബ്ലീസ് ഓഫ് ഗോഡ് മിഷൻ സെക്രട്ടറിയായിരുന്ന റവ. വില്യം ഫോക്സ് ചെങ്ങന്നൂരിൽ (മഴൂക്കീർ) സ്പെൻസർ മേയുടെ സ്ഥലത്തു നടത്തിയ യോഗത്തിൽവെച്ച് എ സി സാമുവേൽ ആത്മസ്നാനം പ്രാപിച്ചു.കുക്കിന്റെ വിശ്വസ്തനായിരുന്ന ഇദ്ദേഹം ഒരു പരിധി വരെ പൂർണ്ണ സുവിശേഷയുടെ വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്.1930 കളുടെ വിഭജനത്തിൽ കുക്കിനെ തള്ളിക്കളഞ്ഞ് തെന്നിന്ത്യൻ നേതാക്കളുടെ കൂടെ പോയെങ്കിലും അന്നുവരെയുള്ള സേവനം എടുത്തു പറയത്തക്ക ഒന്നാണ്.


ഇവരെ കൂടാതെ പി.ജെ ജോസഫ് ചെമ്പുതുരുത്ത്,സുവിശേഷ വിരോധികളുടെ അടികൊണ്ട് പല്ലു കൊഴിഞ്ഞു പോയിട്ടും ദൈവത്തിന്റെ വചനം ശക്തിയോടെ പ്രസംഗിച്ച പിറവം കാരനായ വി.സി മത്തായി. ദൈവസഭയുടെ മറ്റൊരു ശക്തനായ നേതാവായിരുന്നു ഏബ്രഹാം ജോഷ്വാ.മാങ്ങാനംകാരനായ പി.സി.ശാമുവേൽ, പാസ്റ്റർ. വി. എം. പത്രോസ് വെട്ടിത്തറ, പാസ്റ്റർ. ദാനിയേൽ കുന്നേൽ വാഴൂർ, കെ.സി.ജോസഫ് കുറുമ്പനാടം ഇവരെല്ലാം സീയോൻകുന്നിലെ വിശ്വാസ വീരന്മാരായിരുന്നു. ഇവരെക്കൂടാതെ ഒരു ചരിത്രകാരനും ചരിത്ര പുസ്തകം എഴുതുവാൻ കഴിയുകയില്ല.

## ചർച്ച് ഓഫ് ഗോഡിന്റെ ഉദയം

പുതിയൊരു മിഷൻ പ്രവർത്തനം തുടങ്ങുകയും തന്റെ കീഴിലുള്ള സഭകളെ സംഘടനാപരമായി ശക്തിപ്പെടുത്തുന്നതിനായി ഒരു വിദേശ സഹായം ലഭ്യമാകുന്ന സംഘടനയെ അന്വേഷിച്ചുള്ള പോക്കിൽ ഒരു സുഹൃത്ത് വഴി ജെ എച്ച് ഇൻഗ്രാം എന്ന മിഷനറിയെ പറ്റി അറിയുവാൻ ഇടയായി. ചർച്ച് ഓഫ് ഗോഡ് അമേരിക്കയിൽ 50 വർഷം പിന്നിട്ട് നടത്തിയ ഗോൾഡൻ ജൂബിലി ടൂറിന്റെ ഭാഗമായി മിഷൻ

പ്രവർത്തനത്തിന് വന്ന മിഷനറിയായിരുന്നു ജെ എച്ച് ഇൻഗ്രാം. നീലഗിരിയിൽ വന്ന മിഷനറിയെ റോബർട്ട് എഫ് കുക്ക് കാണുകയും ആത്മീയവും സംഘടനാപരമായ കാര്യങ്ങളെപ്പറ്റി വളരെയധികം സമയം സംസാരിച്ചു. ചർച്ച് ഓഫ് ഗോഡിന്റെ പഠിപ്പിക്കലുകൾ തങ്ങളുടെ ഉപദേശവുമായി ചേർന്ന് പോകുന്നവയാണെന്നും യോജിച്ച് പോകുവാൻ താൽപ്പപര്യമുണ്ടെന്ന് റോബർട്ട് എഫ് കുക്ക് ജെ എച്ച് ഇൻഗ്രാമിനെ അറിയിച്ചു. എന്നാൽ നാട്ടിലുള്ള എന്റെ വേലക്കാരുമായി സംസാരിച്ചു അവരുടെ അനുവാദം കിട്ടിയാൽ ഒരുമിച്ചുപോകാമെന്ന ധാരണയിൽ റോബർട്ട് എഫ് കുക്കും ജെ എച്ച് ഇൻഗ്രാമും പിരിഞ്ഞു.

## പൂർണ്ണസുവിശേഷ ചർച്ച് ഓഫ് ഗോഡുമായി ലയിക്കുന്നു




റോബർട്ട് എഫ് കുക്കും ജെ എച്ച് ഇൻഗ്രാമും നടത്തിയ കൂടിക്കാഴ്ച്ചയും അവർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ കുക്ക് സായ്പ്പു കേരളത്തിലെ വേലക്കാരെ വിളിച്ചുക്കൂട്ടി അറിയിക്കുകയും നമ്മുടെ അഞ്ച് വർഷത്തെ പ്രാർത്ഥനയുടെ ഫലം ദൈവം നൽകിയെന്നും നിങ്ങളുടെ അഭിപ്രായം പോലെ നടക്കട്ടെ എന്ന നിർദ്ദേശം വച്ചു. പാ. എം എം ജോൺ, റ്റി എം വർഗീസ്, എ കെ വർഗീസ്, പി ഡി ചാക്കോ ഉൾപ്പെടെ തുടങ്ങിയ മുൻനിരനേതാക്കൾ പൂർണ്ണമായും കുക്കിന് പിന്തുണ അറിയിച്ചതിൻ പ്രകാരം 1936 ൽ 46 ൽ പരം സഭകളും സുവിശേഷകരും 62 ൽപരം മിഷൻ സ്റ്റേഷനുകളും 2000 പരം അംഗങ്ങളുമുള്ള പൂർണ്ണസുവിശേഷ എന്ന പ്രസ്ഥാനത്തിന്റെ സ്ഥാവര ജംഗമ വസ്തുക്കൾ ഉൾപ്പടെ എല്ലാം ചർച്ച് ഓഫ് ഗോഡിന് എഴുതിക്കൊടുത്തു. 1914 ൽ ഇന്ത്യയിലെത്തി അടിസ്ഥാനജനവിഭാഗങ്ങളുമായി സുവിശേഷവേല ചെയ്ത റോബർട്ട് എഫ് കുക്ക് വളരെ പ്രതിസന്ധികളെ തരണം ചെയ്ത് ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ പൂർണ്ണ സുവിശേഷ എന്ന കെട്ടുറപ്പുള്ള സംഘടനയായി മാറി.


## ഗവേണിംഗ് ബോഡി, ഫീൽഡ് സെക്രട്ടറി തിരഞ്ഞെടുപ്പ്

ദൈവസഭയുടെ ആദ്യഫീൽഡ് സെക്രട്ടറിയായി പാസ്റ്റർ റ്റി.എം വർഗീസിനെയാണ് തിരഞ്ഞെടുത്തത്. ആദ്യകാല പ്രവർത്തകനായ പി.സി ശമുവേൽ സെക്രട്ടറി പദം മോഹിച്ചിരുന്നു. ഇംഗ്ലീഷിൽ

പ്രവണ്യമുള്ള പിന്നോക്കവിഭാഗക്കാരന്റെ പ്രതിനിധിഎന്ന പരിഗണന മുമ്പോട്ടു വെച്ചിരുന്നെങ്കിലും കുക്ക് ഒരു അധ്യാപകന്റെ ചിട്ടയും പ്രവൃത്തി പരിചയമുള്ള പാസ്റ്റർ റ്റി എം വർഗീസിനെ തന്നെ ആ ഉത്തരവാദിത്വം ഏൽപ്പിക്കുകയായിരുന്നു വിഭജനസമയത്ത് തെന്നിന്ത്യൻ പെന്തക്കോസ്ത് പ്രവർത്തകരോട് കൂടെ പോകാതെ കുക്കിനൊപ്പം ഉറച്ചുനിന്ന വ്യക്തിത്വങ്ങളിൽ ഒരുവനായിരുന്നു റ്റി എം വർഗീസിനെ ചർച്ച് ഓഫ് ഗോഡിന്റെ ഫീൽഡ് സെക്രട്ടറിയായും, കൂടാതെ 15 അംഗ ഗവേണിംഗ് ബോഡി മെമ്പർമാരേയും തിരഞ്ഞെടുത്തു.

1. ആർ എഫ് കുക്ക്(ഓവർസിയർ)
2. റ്റി എം. വർഗീസ് (ഫീൽഡ് സെക്രട്ടറി)
3. എം എം ജോൺ
4. പി പി ചാക്കോ
5 എം ബെഞ്ചമിൻ
6. എസ് എൻ ജ്ഞാനപ്രകാശം
7. എസ് എസ് ശമുവേൽ
8. എം കെ വർഗീസ്
9. റ്റി സി വർഗീസ്
10. ഇ റ്റി ശമുവേൽ
11. ഒ സി കുഞ്ഞുമോൻ
12 പി പി ജോൺ
13 എം ഐസക്ക്
14. എം. കോണി
15. വി.ജി. വർഗീസ്

## തെന്നിന്ത്യൻ പെന്തക്കോസ്ത് ഐപിസിയാകുന്നു


തെന്നിന്ത്യൻ പെന്തക്കോസ്ത് നേതാക്കളും സ്വീഡിഷ് മിഷനറിമാരും

1930 ലെ വിഭജനത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ ഭാഗത്തെ ചരിത്രം ഏറെക്കുറേ ആർക്കുമറിയാത്ത അടഞ്ഞ അധ്യായമായിരുന്നു. അവർ ചർച്ച് ഓഫ് ഗോഡുമായി ചേർന്നതും തുടർന്നുള്ള ഭരണകാര്യങ്ങളും മുകളിലത്തെ ഭാഗത്ത് ഞാൻ എഴുതിയിരുന്നു. വായനക്കാരായ നിങ്ങൾക്ക് തെന്നിന്ത്യൻ നേതാക്കൾ തുടർന്ന് എന്തുചെയ്തു എന്ന് ആകാംഷ തോന്നാം. റോബർട്ട് എഫ് കുക്കും കെ.ഇ എബ്രഹാമും ചേർന്നുള്ള മലങ്കരപെന്തക്കോസ്ത് തകരാനുണ്ടായ കാരണം പോളിന്റെ വരവും അപ്പോസ്തോലിക ഉപദേശം എന്ന പഠിപ്പിക്കലുമായിരുന്നു. 1930 ലെ

വിഭജനത്തിനുശേഷം തെന്നിന്ത്യൻ പെന്തക്കോസ്ത് നേതാക്കൾ കെ.ഇ എബ്രഹാമിൻെറ നേതൃത്വത്തിൽ സിലോൺ പെന്തക്കോസ്തുമായി പ്രവർത്തിച്ചുപോന്നു പാസ്റ്റർ പോളും ആൽവിൻ ഡി ആൽവീസും നേതൃത്വം കൊടുക്കുന്ന പ്രസ്തുത സംഘടനയിൽ പരിശുദ്ധാത്മാവ് സ്നാനപ്പെടാത്തവരുടെ കീഴിൽ സ്നാനപ്പെടാത്തവർ വീണ്ടും സ്നാനപ്പെടുത്തണമെന്ന നിബന്ധന കെ.ഇ എബ്രഹാം അടക്കമുള്ളവർ ചെവികൊണ്ടില്ല. ബ്രദറൺ സുവിശേഷകരുടെ കീഴിൽ സ്നാനപ്പെട്ട ഇവർ സിലോൺ ബന്ധം വിടാൻ ഈ കാരണത്താൽ നിർബന്ധിതരായി.1930 ൽ പാസ്റ്റർ പി എം ശമുവേലും 17 ൽ പരം സഭകളും തെന്നിന്ത്യൻ പെന്തക്കോസ്തിനോട് ചേർന്ന് പ്രവർത്തിച്ചു. അവരെയെല്ലാം കൂട്ടി 1933 ജൂൺ 5 ന് പാസ്റ്റർ പി എം ശമുവേലിനെ പ്രസിഡന്റാക്കി 14 പേരടങ്ങുന്ന കൗൺസിൽ രൂപീകരിച്ചു. അടുത്ത പ്രസിഡന്റായി പാസ്റ്റർ.കെ.ഇ.ഏബ്രഹാമിനെ ഐക്യകണ്ഠേന തെരഞ്ഞെടുത്തു. ഇൻന്ത്യാ പെന്തക്കോസ്ത് ദൈവസഭ എന്ന നാമം സ്വീകരിച്ച് 1935 ൽ സഭകൾ രജിസ്റ്റർ ചെയ്തു.

## ഐ പി സിയും വിദേശബന്ധവും

കേരളത്തിലെ ഒരൊറ്റ പെന്തക്കോസ്ത് പ്രസ്ഥാനം എന്ന മലങ്കരപെന്തക്കോസ്തിന്റെ വിഭജനത്തിലേക്ക് എത്തിച്ചത് റോബർട്ട് എഫ് കുക്കിന്റെ വിദേശ ബന്ധം ആയിരുന്നു. അന്ന് വിദേശബന്ധം തള്ളിപറഞ്ഞവർ അപ്പോസ്തോലിക ഉപദേശം മതി എന്ന് തീരുമാനിച്ചവർ ഐപിസി എന്ന സംഘടന ചട്ടക്കൂടിൽ എത്തിയപ്പോൾ വിദേശബന്ധം സ്വീകരിക്കുന്നതിനെക്കുറിച്ച് പഠന അവലോകനം ചെയ്തു. കാരണം സ്വദേശീയസഭകളുടെ വളർച്ചയില്ലായ്മയും, സുവിശേഷകരുടെ ദാരിദ്ര്യവുമായിരുന്നു മാറി ചിന്തിക്കുവാൻ പ്രേരകമായത്. നല്ല സഭകളും കെട്ടിടങ്ങളും ഇല്ലാതിരുന്നതും വിദേശബന്ധം സ്വീകരിക്കുവാൻ തെന്നിന്ത്യൻ നേതാക്കളെ നിർബന്ധിതരാക്കി. തുടർന്ന് കാൾസ്വാൻ എന്ന സുവിശേഷകൻ വഴി സ്വീഡൻ സഭകളുമായി ബന്ധം സ്ഥാപിച്ച് സ്വദേശി സഭകളെ ശക്തിപ്പെടുത്തി ചില വിഭജനങ്ങൾ ഐപിസിയെ തകർത്തു.അതിനെയെല്ലാം അതിജീവിച്ച് ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് പ്രസ്ഥാനം എന്ന പദവി ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ ചാർത്തപ്പെട്ടു.

## പാസ്റ്റർ റ്റി. എം. വർഗീസ്
## (ദൈവസഭാ ഫീൽഡ് സെക്രട്ടറി 1898 –1985)

പുത്തൻകാവ് ആലുംമൂട്ടിൽ തോട്ടുങ്കര മാമച്ചന്റെ പുത്രനായി 1898 ൽ റ്റി.എം.വർഗീസ് ജനിച്ചു.1918 ആഗസ്റ്റ് 12-ാം തീയതി കർത്താവിനെ

സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. കോളജ് വിദ്യാഭ്യാസത്തിനുശേഷം അദ്ധ്യാപക വൃത്തിയിൽ പ്രവേശിച്ചു. തുടർന്ന് അത് രാജി വെയ്ക്കുകയും കർത്താവിന്റെ വേലയ്ക്ക് ഇറങ്ങുകയും ചെയ്തു. 1927 ൽ കുക്ക് സായിപ്പിന്റെ മകൾ ബ്ലോസത്തെ മലയാളം പഠിപ്പിക്കുവാൻ വന്നു. അങ്ങനെ ബ്ലോസത്തിലൂടെ ഉപദേശങ്ങൾ പഠിക്കുകയും 1928 ൽ സീയോൻകുന്നിലെ സ്നാനതൊട്ടിയിൽ കുക്കിനാൽ സ്നാന പ്പെടുകയും ചെയ്തു.1930 വിഭജന കാലത്ത് കുക്കിനൊപ്പം ഉറച്ചു നില്ക്കുകയും ദൈവസഭാ കൗൺസിൽ സെക്രട്ടറി ഓഫീസ് സെക്രട്ടറി സൺഡേസ്കൂൾ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിക്കുകയും ചെയ്തു. 1936 ൽ ദൈവസഭയോട് ചേർന്നതിനുശേഷം ദൈവസഭയുടെ ആദ്യ ഫീൽഡ് സെക്രട്ടറിയായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. 1965 വരെ താൻ സ്തുത്യർഹമായ സേവനം ചെയ്തു. ഭാരത സുവിശേഷീകരണത്തിൽ തനിക്ക് തന്റേതായ സ്ഥാനം ഉറപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സഭകൾ രൂപീകരിക്കുന്നതിനും സംഘടനകൾ വളർത്തുന്നതിനും താൻ ശ്രമിച്ചിട്ടുണ്ട്. ഒരു അദ്ധ്യാപകന്റെ ചിട്ടയോടെ ഈ പ്രസ്ഥാനത്തെ നയിക്കുന്നതിൽ മുന്നിൽ നിന്ന ആളാണ്. എല്ലാവരേയും സ്നേഹിക്കുവാനും എല്ലാവരാലും സ്നേഹിക്കപ്പെടുവാനും അദ്ദേഹത്തിനു കഴിഞ്ഞു. 1985 ജൂൺ 5-ാം തീയതി താൻ നിത്യതയിൽ ചേർക്കപ്പെട്ടു. അദ്ദേഹത്തിന്റെ മക്കളും കൊച്ചുമക്കളും ഇന്ന് സുവിശേഷ വേലയിൽ വ്യാപൃതരായിരിക്കുന്നു.

## മലങ്കര പെന്തക്കോസ്തു വിഭജനവും ഒരു അവലോകനം

മലങ്കരപെന്തക്കോസ്ത് എന്നസംഘടന രണ്ടായി പിളർന്നത് സ്വതന്ത്രസംഘടനളുടെ അധികാരത്തിന്മേൽ ഉള്ള കൈകടത്താലാണെന്ന് തെന്നിന്ത്യൻ പെന്തക്കോസ്ത് നേതാക്കൾ പറയുമ്പോൾ അങ്ങനെയൊരു കൈകടത്തൽ താൻ നടത്തിയിട്ടില്ലെന്ന് കുക്ക് തന്റെ ആത്മകഥയിൽ വ്യക്തമാക്കുന്നു. ഈ വിഭജനത്തിൻ എവിടെയാണ് രാഷ്ട്രീയ വഞ്ചന എന്നുചോദിച്ചാൽ എജി ബന്ധം വിടർത്തുവാൻ കെ ഇ എബ്രഹാം അടക്കമുള്ള തെന്നിന്ത്യൻനേതാക്കൾ കുക്കിനെ പ്രോത്സാഹിപ്പിച്ചതാണ്. അവരുടെ മനസ്സറിയാതെ എജി ബന്ധം വിട്ടതോടെ തന്നെ ബന്ധം വേർപിടിക്കുവാൻ മുന്നിൽ നിന്നവർ തന്നെ ഇട്ടേച്ചുപോയി എന്നത് ഒരു രാഷ്ട്രീയ വഞ്ചന എന്നുവേണം കരുതാൻ. കാരണം കുക്കിന് മുന്നോട്ടു പോകുന്നതിനുള്ള പഴുത് അടച്ചതിന് ശേഷമാണ് തെന്നിന്ത്യൻനേതാക്കൾ പോയത്. എന്നാൽ വഞ്ചനയല്ല വിദേശബന്ധം മൂലമുള്ള സഹായം അപ്പോസ്തോലിക ഉപദേശത്തിന് വിരുദ്ധമെന്ന പറഞ്ഞ കെ ഇ എബ്രഹാമും സംഘവും പിന്നീട് സ്വതന്ത്ര പെന്തക്കോസ്ത് കൂട്ടായ്മ ഉണ്ടാക്കുകയും വിദേശ

സഹായം സ്വീകരിക്കുകയും ചെയ്തു. അന്ന് തെറ്റെന്നു പറഞ്ഞ എല്ലാ കാര്യങ്ങളും ഒരു സംഘടനാ ചട്ടക്കൂട് കൈവന്നപ്പോൾ നടപ്പിൽ വരുത്തി എന്നത് ഒരു ചരിത്രമാണ്.1930 കളിലെ വിഭജന ത്തിന്റെ മറ്റൊരു നേട്ടമാണ് സ്വദേശി സഭകളുടെ ശക്തിപ്പെടൽ. ദീർഘവീക്ഷണമുള്ള കെ.ഇ.ഏബ്രഹാം എടുത്ത തീരുമാനങ്ങളെല്ലാം തന്നെ ഐ.പി.സിയെ വളർച്ചയിലേക്കു നയിച്ചു എന്നതിൽ സംശയമില്ല.ഇന്ത്യയിലെ ഏറ്റവും വലിയ പ്രസ്ഥാനങ്ങളിലൊന്നാണ് ഐ.പി.സി. അതിന് കെ.ഇ.ഏബ്രഹാം ഈ പ്രസ്ഥാനത്തിന് തന്റേതായ സംഭാവന നൽകിയിട്ടുണ്ട്. തന്റെ കാലയളവിൽ നടന്ന രണ്ടു വിഭജനങ്ങളേയും അതിജീവിക്കുവാൻ തനിക്കായിട്ടുണ്ട്. മലങ്കര പെന്തക്കോസ്തിന്റെ വിഭജനം ഐ.പി.സി. എന്ന വലിയ പ്രസ്ഥാനത്തിന് രൂപം കൊടുക്കുവാൻ ഇടയായി.

## കെ ഇ എബ്രഹാമും കുക്കും യോജിക്കുന്നു

1930 ലെ വിഭജനത്തിനു ശേഷം കുക്കും എബ്രഹാമും അത്ര സ്വരചേർച്ചയിലായിരുന്നില്ല. ഇരു വിഭാഗങ്ങളും സഭകൾ സ്വന്തമാക്കുവാൻ പരസ്പരം മത്സരിച്ചു. മാത്രവുമല്ല വിദേശബന്ധം വേണമെന്നു പറഞ്ഞപ്പോൾ വിദേശബന്ധം സ്വീകരിക്കുന്നതിനെ വിമർശിച്ചുകൊണ്ട് റോബർട്ട് എഫ് കുക്ക് തന്റെ മാഗസീനിൽ ലേഖനം എഴുതിയിരുന്നു എന്നാൽ സഭകളുടെ സ്വാതന്ത്ര്യവും ഭരണവും സ്വദേശികൾ മതിയെന്ന വിശ്വാസത്തിന് മുൻതൂക്കം കൊടുക്കുന്നവരായിരുന്നു തെന്നിന്ത്യൻ പെന്തക്കോസ്തുകാർ മുളക്കുഴയിലെ കെ ഇ എബ്രഹാമിന്റെ ഭവനം പിന്നീട് കുമ്പനാടിലേക്ക് മാറിയത് ഈ അകൽച്ച കാരണമാണ്. എന്നാൽ വർഷം കഴിയുംതോറും അകൽച്ച കുറഞ്ഞുവന്നുകൊണ്ടേയിരുന്നു. 1940 ലെ ഐപിസി കൺവൻഷനിൽ റോബർട്ട് എഫ് കുക്ക് പ്രസംഗകനായി എത്തി ഇടക്കാലത്തെ മാനുഷിക ബലഹീനതകളും എഴുത്തുകളിലും പ്രസ്താവനകളിലും ഉണ്ടായ അഭിപ്രായഭിന്നത മാറ്റി പരസ്പരക്ഷമ ചോദിച്ച് സ്നേഹം ഊട്ടിഉറപ്പിച്ചു.

## റോബർട്ട് എഫ് കുക്കിന്റെ വിടവാങ്ങൽ

ദൈവസഭയുടെ നിയമം അനുശാസിക്കുന്നതിൽ പ്രകാരം 12 വർഷത്തിൽകൂടുതൽ ഒരു മിഷനറിക്ക് അന്യരാജ്യത്ത് പ്രവർത്തനാനുമതി ഇല്ല 12 വർഷം പൂർത്തിയാക്കിയ റോബർട്ട് എഫ് കുക്കിനെ മിഷൻ ബോർഡ് തിരികെ വിളിച്ചു എന്നാൽ ഇന്ത്യയിൽ കിടന്ന് മരിക്കണം എന്ന തന്റെ ആഗ്രഹം മൂലം തിരികെ പോകുവാൻ കുക്കിന് മനസ്സ് വന്നില്ല. കേരളത്തിൽ വീണ്ടും ചേരിതിരിവുണ്ടായി എ.കെ വർഗീസും പിന്നോക്ക വിഭാഗക്കാരും കുക്കിന് പിന്തുണനൽകി റ്റി

എം വർഗീസ് നിഷ്പക്ഷ നിലപാട് സ്വീകരിച്ചെങ്കിലും മിഷൻ ബോർഡ നുകൂലനിലപാട് പരോക്ഷമായികാണിച്ചു. ഇരു വിഭാഗക്കാരും രണ്ടു ചേരിയായി നിലകൊണ്ട് പ്രശ്നം രൂക്ഷമായതോടെ തഹസിൽദാർ മുളക്കുഴ ഓഫീസ് പൂട്ടി സീൽവെച്ചു എ കെ വർഗീസിനൊപ്പം പി ജെ ജോസഫ് ചെമ്പൻതുരുത്ത്, എൻ സി ജോസഫ്, കെ ജെ മർക്കോസ് തുടങ്ങിയ ശക്തരായ നേതൃത്വനിര കുക്കിനൊപ്പം നിലകൊണ്ടു. 1930ലെ വിഭജനംപോലെ പിന്നോക്ക വിഭാഗക്കാരും കുക്കിനൊപ്പം നിലകൊള്ളും എന്നറിഞ്ഞ മിഷൻ വേൾഡ് ജനറൽ ഓവർസിയർ കേരളത്തിലേക്കു വരികയും പ്രശ്നം ചർച്ച ചെയ്ത് പരിഹരിച്ചു. റോബർട്ട് പ്രശ്നം രൂക്ഷമായ സമയത്ത് കുക്കിന് ദേഹോപദ്രവം ഏൽക്കണ്ടി വന്നു എന്നത് ആ കാലത്തെ പഴയകാല സുവിശേഷകർ വാമൊഴിയാൽ പറയപ്പെട്ടിരുന്നു. ചരിത്രകാരനായ എനിക്ക് അതിന്റെ വിശ്വസനീയമായ രേഖകൾ ഇല്ലാത്തതുകൊണ്ട് അതിനെപ്പറ്റി വിശദീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. 1950 ഒക്ടോബർ മാസത്തിൽ മിഷൻ ബോർഡിന്റെ ഒത്തുതീർപ്പു വ്യവസ്ഥയനുസരിച്ച് റോബർട്ട് എഫ്. കുക്ക് തന്റെ 37 വർഷത്തെ ഇന്ത്യയിലെ ജീവിതം അവസാനിപ്പിച്ച് അമേരിക്കയിലേക്ക് യാത്രയായി മിഷൻ ബോർഡിന്റെ നിർദ്ദേശപ്രകാരം ഒരു യാത്രയയപ്പ് മീറ്റിംഗ് നടത്തി. തന്നെ സ്നേഹിച്ച വേലക്കാരും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. കുക്കിനെ സംബന്ധിച്ചിടത്ത് അവസാന നാളുകളിലെ മാനസീക സമ്മർദ്ദം എല്ലാവർക്കും ദുഃഖമുളവാക്കി.തനിക്ക് കെ.ഇ. ഏബ്രഹാം സഹോദരന്റെ കാറിൽ കൊച്ചിയിലേക്ക് പോയാൽ മതി എന്നു പറഞ്ഞതിൻപ്രകാരം കെ.ഇ. ഏബ്രഹാം കാറുമായി വരികയും കൊച്ചിയിലേക്ക് യാത്ര തിരിക്കുകയും ചെയ്തു. അതിന്റെ പിന്നാലെ വെവ്വേറെ കാറുകളിൽ റ്റി.എം. വർഗ്ഗീസും റവ.ഫ്രഞ്ച് മിഷനറിയും കുക്കിനെ അനുഗമിച്ചു. കൊച്ചി മലബാർ ഹോട്ടലിൽ റൂമെടുത്ത് താമസിച്ച് ശേഷം പിറ്റേന്നാൾ കപ്പലിൽ തന്റെ ജീവിതത്തിന്റെ മുഴുവനും ഇന്ത്യയിൽ സമർപ്പിച്ച റോബർട്ട് എഫ്. കുക്ക് ഇന്ത്യയിൽ കിടന്ന് മരിക്കണം എന്ന ആഗ്രഹം ബാക്കിയാക്കിയാത്രയായി.

## സീയോൻ കുന്നിലെ വിശ്വാസ വീരനായ കുക്കിന്റെ അവസാന നാളുകൾ

1950നു ശേഷം റോബർട്ട് എഫ് കുക്കിന്റെ ജീവിതത്തിലേക്ക് ഒരു പക്ഷേ ആരും തിരിഞ്ഞുനോക്കിക്കാണില്ല, പാസ്റ്റർ.കെ.ഇ.ഏബ്രഹാം 1956 ഫെബ്രുവരിയിൽ അമേരിക്കയിൽ പോയപ്പോൾ ചർച്ച് ഓഫ് ഗോഡിന്റെ ആസ്ഥാനമായ ക്ലെവ്ലന്റിൽ അദ്ദേഹത്തെകാണുവാൻ ചെന്നു. ഏബ്രഹാമിനെ കണ്ട മാത്രയിൽ കഴുത്തിൽ കെട്ടിപ്പിടിച്ച് കര

ഞ്ഞു. ഇതു കണ്ടുനിന്നവർ രോമാഞ്ചം കൊണ്ടു. മിസ്സിസ്സ് ബെർത്താ കുക്ക് ആഹാരമു ണ്ടാക്കി. ഏബ്രഹാമും തന്റെ കൂടെ വന്ന മറ്റു രണ്ടുപേരും അവർ ഭക്ഷിച്ചു. അതിനിട യിൽ ഇന്ത്യയിലെ ദൈവസഭ യുടെ പ്രവർത്തനത്തെപ്പറ്റി കുക്ക് വാതോരാതെ ചോദിച്ചു കൊണ്ടിരുന്നു. പിരിയാൻ നേരം യേശു എന്നടിസ്ഥാനം




മരിക്കാത്ത ഓർമ്മകൾ

ആശ അവനിലത്രേ എന്ന മലയാള ഗാനം റോബർട്ട് എഫ് കുക്കും കടന്നു വന്നവരും ഏറ്റു പാടിയപ്പോൾ ആ വയോവൃദ്ധനായ റോബർട്ട് എഫ് കുക്ക് അലമുറയിട്ടു കരഞ്ഞു. പ്രാർത്ഥിച്ചു പിരിയാൻ നേരം തന്റെ ആത്മകഥയായ തെക്കേ ഇന്ത്യയിലെ 37 വർഷത്തെ അപ്പോ സ്തലിക ശുശ്രൂഷ എന്ന ആത്മ ഗ്രന്ഥം കെ.ഇ. ഏബ്രഹാമിനും കൂടെ വന്ന രണ്ടു പേർക്കും നൽകി. ഇന്ത്യയിൽ വരണമെന്ന മോഹം കലശ ലായപ്പോൾ ചർച്ച് ഓഫ് ഗോഡിന്റെ നേഴ്സിംഗ് ഹോമിൽ തനിക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യമാണ് മിഷൻ ബോർഡ് ഒരുക്കിയത്. റോയി മേപ്രാൽ എന്ന എഴുത്തുകാരൻ കുക്കിന്റെ അന്ത്യനാളുകളെ പറ്റി എഴുതിയതിങ്ങനെ ആ നാലുഭിത്തിക്കുള്ളിൽ ക്രിസ്തുവിന് വേണ്ടി ഒന്നും ചെയ്യാതെ അടങ്ങിയിരിക്കുവാൻ തന്നിലെ സുവിശേഷകന് കഴിഞ്ഞില്ല ഒരു ദിവസം ശാരീരിക ക്ഷീണം വകവെയ്ക്കാതെ ഊന്നു വടിയുടെ സഹായത്തോടെ മിഷൻ ബോർഡിന്റെ ഓഫിസിലേക്ക് പോയി. വേൾഡ് മിഷന്റെ ആ പടികൾ ചവിട്ടികയറുന്നതിനിടയിൽ കാലിടറി തറയിൽ വീണു. ഇത് കണ്ട വേൾഡ് മിഷൻ ഡയറക്ടർ റേ എച്ച് ഹ്യൂസ് ഓടിചെന്ന് കുക്കിനെ താങ്ങിയെടുത്തു. അദ്ദേഹത്തോട് കുക്ക് ചോദിച്ചു താങ്കൾ എന്നെ ഒരിക്കൽക്കൂടി ഇന്ത്യയിലേക്ക് അയ ക്കുവാൻ കഴിയുമോ 1958 ജനുവരി 12 ന് അദ്ദേഹം നിത്യതിൽ ചേർക്ക പ്പെട്ടു.

## എന്തുകൊണ്ട് സീയോൺകുന്നിലെ വിശ്വാസവീരന്മാർ ?



സീയോൻകുന്നിലെ വിശ്വാസവീരൻമാർ എന്ന ചെറുപുസ്തകം 1930 കളിലെ മലങ്കരപെന്തക്കോസ്തിലെ വിഭജനത്തെ അടിസ്ഥാനമാക്കി എഴുതിയ ഒരു പുസ്തകമാണ് 1914 മുതൽ 1935 വരെയുള്ള കാലങ്ങളിൽ നടന്ന സംഭവങ്ങളുടെ സംക്ഷിപ്തരൂപം ഈ പുസ്തകത്തിലൂടെ വായിച്ചുകഴിഞ്ഞു എന്ന് വിശ്വസിക്കുന്നു. റോബർട്ട് എഫ് കുക്കിന്റെ വരവും കെ ഇ എബ്രഹാമിന്റെ സുവിശേഷപ്രവർത്തനങ്ങളും പിന്നീടവർ ചേർന്നുള്ള മലങ്കരപെന്തക്കോസ്തിന്റെ രൂപീകരണവും പെന്തക്കോസ്ത് ചരിത്രത്തിന്റെ ഭാഗങ്ങളാണ്. ദൈവീക വീക്ഷണത്തിൽ ഈ വിഭജനം തെറ്റ് തന്നെയാണ് എന്നാൽ കേരളത്തിൽ പെന്തക്കോസ്തിന്റെ അനുഭവം കത്തിപടരുവാനും ആയിരങ്ങളെ രക്ഷയിലേക്ക് കൊണ്ടുവരുവാനും ഈ രണ്ട് സംഘടനകൾ വാശിയോടെ സുവിശേഷപ്രവർത്തനങ്ങൾ ചെയ്തത് കേരളത്തിലെ പെന്തക്കോസ്തിന് ഗുണകരമായിട്ടുണ്ട്.. ഇന്ന് ഇന്ത്യയിൽ തല ഉയർത്തി നിൽക്കുന്ന രണ്ട് പ്രസ്ഥാനങ്ങളാണ് ഐപിസിയും, ചർച്ച് ഓഫ് ഗോഡും ഈ പുസ്തകത്തിലൂടെ പിന്നോക്ക വിഭാഗങ്ങളുടെ അറിയപ്പെടാതെപോയ ചില ചരിത്രശകലങ്ങൾ വായനക്കാരായ നിങ്ങളുടെ മുമ്പിൽ കൊണ്ടുവന്നതിൽ ഞാനും സന്തോഷവാനാണ് 99 വർഷങ്ങൾക്ക് മുൻപുള്ള ചരിത്രമായതിനാൽ കൂടുതൽ പരിമിതികൾ ഉള്ളതിനാൽ ചെറുപുസ്തകമായിട്ടാണ് ഇറക്കിയത് പലരും അഭിപ്രായപ്പെട്ടു എന്തുകൊണ്ട് സിയോൺകുന്നിലെ വിശ്വാസ വീരന്മാർ എന്ന തലക്കെട്ട് ഈ പുസ്തകത്തിന് കൊടുത്തു അതിന്റെ മറുപടിയെന്നോണം ഞാൻ പറയട്ടെ റോബർട്ട് എഫ്. കുക്ക് ചെങ്ങന്നൂർ സുവിശേഷ പ്രവർത്തനം ചെയ്യുമ്പോളൾ കണ്ട് ആശിച്ച് മേടിച്ച ആസ്ഥലത്തിന് സിയോൺ കുന്ന് എന്ന് പേരിട്ടു ആകുന്നിൽ ആദ്യമായി പ്രവേശിക്കുന്നത് ഇവിടുത്തെ അടിസ്ഥാന ജനവിഭാഗങ്ങളാണ്. അവർ സ്നേഹിച്ച ആസ്ഥലത്തിൽ നിന്നുകൊണ്ട് ചെയ്ത സുവിശേഷ പ്രവർത്തനം കേരളത്തിൽ പടർന്നു പന്തലിച്ചപ്പോൾ അവടെ ചരിത്രത്തിന് ഈ പേരല്ലാതെ എന്താണിടുക. സിയോൺ കുന്നിലെ ചരിത്ര പുരുഷന്മാരുടെ കഥ ഇവിടെ അവസാനിക്കുന്നില്ല.

# ആശംസകൾ



പാസ്റ്റർ ജെബു കുറ്റപ്പുഴ & ഫാമിലി



ബ്രദർ പി.ജി. പ്രസാദ്
& ഫാമിലി



പാ. വി.സി. സിജു ചാത്തങ്കേരി & ഫാമിലി



ബ്രദർ സിജോ മാനിയ (YPE Organizer)
& ഫാമിലി, തൃശ്ശൂർ



പാ. എ.ക.ഷാജി
പനക്കച്ചിറ



പാ. മാത്യു ശമുവേൽ (യൂത്ത് ഡയറക്ടർ)

# ആശംസകൾ



പാ. ഐസക്ക് ജോൺ
(കൗൺസിലിംഗ് ഡയറക്ടർ)



പാസ്റ്റർ
കെ.എസ്. സിബിച്ചൻ
(ഫീൽഡ് ഡയറക്ടർ)



പാ. ജോമോൻ മാത്യു
(ക്രൂസേഡ് സെക്രട്ടറി)



പാ. കെ.കെ. പ്രസാദ്
(കല്ലൂപ്പാറ)



പാ. റോബി ജോർജ്ജ്
സൺഡേസ്കൂൾ ഡയറക്ടർ



ബ്രദർ ബിനോയ് ബേബി
(കോട്ടയം സൺഡേസ്ക്കൂൾ
സൂപ്രണ്ട്)



ബ്രദർ മനോജ്
പള്ളം സഭാ സെക്രട്ടറി

# ആശംസകൾ



പാ. കെ.കെ. പ്രകാശ്
കരിക്കം ടൗൺ ചർച്ച്




ബ്രദർ. രാജു ജോസഫ്
കുറിച്ചി സഭ



പാ. ജോണിക്കുട്ടി
തൃശ്ശൂർ



പാ. സണ്ണി പി. ജോയി



പാ. ഗ്ലാക്സൺ തോമസ്



പാ. ബിജിൽ സി. ബാബു

## ദൈവസഭ വിഭജനം ഒരു സംക്ഷിപ്ത രൂപം

**ഇന്ത്യൻ പെന്തക്കോസ്തു ചരിത്രത്തിലെ കറുത്ത ഏടായിരുന്നു 1972 ലെ ചർച്ച് ഓഫ് ഗോഡ് രണ്ടായി വിഭജിക്കപ്പെട്ടത് അതിന്റെ ചരിത്രം അറിയണമെങ്കിൽ ചരിത്രവഴികളിൽ ദൈവസഭ എന്ന കേരളാ റീജിയന്റെ ചരിത്ര പുസ്തകം വായിച്ചാൽ പൂർണ്ണവിവരം ലഭ്യമാകും. ചുവടെ ചേർത്തിരിക്കുന്നത് ഏതാനും ചില സംഭവങ്ങൾ മാത്രം. പ്രസ്തുത ബുക്ക് വായിക്കുവാൻ താത്പര്യമുള്ളവർ താഴെ കാണുന്ന നമ്പരിൽ ബന്ധപ്പെടുക.**

**മൊബൈൽ.9747795918**

**ചരിത്ര വഴികളിൽ ദൈവസഭ (1935 –1942)**

കേരളത്തിൽ പല പെന്തക്കോസ്ത് ചരിത്രങ്ങളും എഴുതപ്പെട്ടിട്ടുണ്ട്. എഴുതിയ ചരിത്രകാരൻമാർ അവർ ചേർന്നുനിൽക്കുന്ന പ്രസ്ഥാനത്തിൽ വിധേയത്വം കാണിച്ചിട്ടുമുണ്ട് ഒരു പക്ഷെ എന്റെ ഈ ചരിത്ര പുസ്തകം വായിക്കുന്ന ഏതൊരാൾക്കും ഇങ്ങനെയൊരു വിധേയത്വം ഉണ്ടോ എന്ന് സംശയം തോന്നാം. അവരോടുള്ള എന്റെ മറുപടി ഞാൻ ഇവിടെ കുറിക്കപ്പെട്ടത് 1930 കളിൽ വിഭജനത്തെക്കുറിച്ചാണ് അതൊരു പക്ഷെ ഏതൊരാൾക്കും അറിയാവുന്ന കാര്യമാണ്. എന്നാൽ ആ വിഭജനത്തിൽ സിറിയൻ വിഭാഗം കെ.ഇ എബ്രാഹാമിന്റെ കൂടെയും പിന്നോക്ക വിഭാഗം കുക്കിന്റെ കൂടെയും നില ഉറപ്പിച്ചത് ചരിത്രസത്യങ്ങളിലാണ്. കുക്കിന്റെ പുറകിൽ അണിചേർന്ന പിന്നോക്ക വിഭാഗക്കാർ ആരാണ് അവരുടെ നേതാക്കൾ ആരെല്ലാമാണ് എന്ന കാര്യങ്ങൾ വാമൊഴിയാൽ കിട്ടിയ സത്യങ്ങളാണ് ഞാനിവിടെ എഴുതി ചേർത്തത്. കാരണം അതെഴുതുവാൻ അവരുടെ ഇടയിൽ നിന്നും തന്നെയുള്ളവർക്കേ കഴിയു. ആ ദൗത്യം ആണ് ഈ പുസ്തകത്തിലൂടെ ഞാൻ ചെയ്തത്.

### 1935 ലെ ചർച്ച് ഓഫ് ഗോഡ് ലയനവും തുടർന്നുള്ള സംഭവവികാസങ്ങളും

1935ൽ പൂർണ്ണ സുവിശേഷ എന്ന പ്രസ്ഥാനം ദൈവസഭ ചർച്ച് ഓഫ് ഗോഡ് പൂർണ്ണ സുവിശേഷ ആയി മാറുകയും പിന്നെ വളർച്ചയുടെ പടവുകൾ താണ്ടുകയും ചെയ്തു. 1960 കളുടെ ആരംഭത്തിൽ പിന്നോക്ക വിഭാഗക്കാരുടെയും സിറിയൻ ക്രൈസ്തവരുടെയും ഈ പ്രസ്ഥാനം വളർന്ന് പന്തലിച്ചു ഇതിനിടയിൽ ചർച്ച് ഓഫ് ഗോഡിന്റെ വിദേശ മിഷനറിമാരും കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു ചർച്ച് ഓഫ് ഗോഡിന്റെ വേല വളർന്നു 1935 മുൻ പാ. റ്റി എം

വർഗീസ് ദൈവസഭയുടെ ഫീൽഡ് സെക്രട്ടറിയായി ചുമതലയേറ്റു 12 വർഷം പൂർത്തിയാക്കിയതിനാൽ ദൈവസഭയുടെ നിയമത്തിന് റോബർട്ട് എഫ് കുക്കിനെ ചർച്ച് ഓഫ് ഗോഡ് നേതൃത്വം തിരികെ വിളിക്കുകയും കുക്കിന് പോകുവാൻ മനസ്സില്ലാതെ വന്നതോടെ കേരളത്തിൽ വീണ്ടും വിഭാഗിയത രൂപപ്പെട്ടു. കുക്കിന്റെ നേതൃത്വത്തിൽ ഒരു വിഭാഗവും, ഔദ്യോഗിക വിഭാഗത്തിനൊപ്പം മറ്റു ചിലരും ഉറച്ചു നിന്നു 1950 ൽ മിഷൻ ബോർഡ് ഇടപ്പെട്ട് റോബർട്ട് എഫ് കുക്ക് തിരികെ അമേരിക്കയിലേക്ക്പോയി ഇത് പിന്നോക്ക വിഭാഗത്തെ ഏറെ വേദനിപ്പിച്ചു. കുക്കിന്റെ കീഴിലെ സുരക്ഷിതത്വം പിന്നീടവർക്കു ലഭിച്ചിട്ടില്ല സ്ഥാനമാനങ്ങളെല്ലാം സിറിയൻ വിഭാഗത്തിൽ നിക്ഷിപ്തമായി 1968 ൽ തങ്ങൾക്കു ഭരണത്തിൽ അവകാശം വേണം എന്നവർ വാദിച്ചു 8 ആവശ്യങ്ങൾ അടങ്ങിയ മെമ്മോറാണ്ടം അന്നത്തെ സ്റ്റേറ്റ് കൗൺസിൽ തള്ളി. 1970 ൽ വെള്ളൂർ കെ ജെയുടെ നേതൃത്വത്തിൽ ആക്ഷൻ കൗൺസിൽ രൂപീകരിക്കപ്പെട്ടു. കെ ജെ മർക്കോസിനെ പ്രസിഡന്റായും, വെള്ളൂർ കെ ജെ സെക്രട്ടറിയായും 14 അംഗ ഭാരവാഹികളേയും തിരഞ്ഞെടുത്തു പ്രക്ഷോഭം ആരംഭിച്ചു. 1അമരാവതി സമ്മേളനം മുട്ടമ്പലം സമ്മേളനം തുടങ്ങിയ സ്ഥലങ്ങളിൽ മീറ്റീംഗുകൾ വെച്ചു. 1971 ൽ മുന്നോക്ക വിഭാഗവും പിന്നോക്ക വിഭാഗങ്ങളുടേയും പ്രതിപുരുഷ സമ്മേളനം വിളിച്ചു. പിന്നോക്ക വിഭാഗങ്ങളുടെ പ്രശ്നം പഠിക്കുവാൻ ഒരു അന്വേഷണ കമ്മീഷനെ വെച്ചു.അന്വേഷണ കമ്മീഷന്റെ നിർദ്ദേശപ്രകാരം പിന്നോക്ക വിഭാഗങ്ങളുടെ ആവശ്യമെല്ലാം ന്യായമാണെന്നും അവർക്ക് ഭരണത്തിൽ തുല്യ അവകാശമുണ്ടെന്ന് കമ്മീഷൻ അന്വേഷണ റിപ്പോർട്ട് മിഷൻ ബോർഡിനെ അറിയിച്ചു. എന്നാൽ ഇരുവിഭാഗങ്ങളും വിട്ടു വീഴ്ചയില്ലാതെ നിലനിന്നതിനാൽ 1972 സെപ്റ്റംബർ 22 ന് വിദേശ മിഷനറിയായ കാരി സായ്പ്പ് പിന്നോക്ക വിഭാഗങ്ങളുടെ ആവശ്യങ്ങൾ ന്യായമുള്ളതാണെന്ന് ചർച്ച് ഓഫ് ഗോഡ് കേരളത്തിലെ പ്രസ്ഥാനത്തെ രണ്ടായി വിഭാഗിച്ചു. സിറിയൻ ക്രൈസ്തവർ കൂടുന്ന ഭൂരിപക്ഷമുള്ള സഭകൾ ചേർത്ത് കേരളാസ്റ്റേറ്റ് എന്നും ആദ്യകാല പെന്തക്കോസ്ത് പ്രവർത്തകർ കൂടുന്ന പ്രസ്ഥാനം കേരളാ ഡിവിഷൻ (റീജിയൻ) എന്നും നാമകരണം ചെയ്തു. അങ്ങനെ 1973 ഫെബ്രുവരി 25 ന് റോബർട്ട് എഫ് കുക്കുമായി പ്രവർത്തിച്ചു വലുതാക്കിയ പ്രസ്ഥാനത്തിന്റെ കേന്ദ്രമായ മുളക്കുഴയിൽ നിന്ന് ആദ്യകാല പ്രവർത്തകരുടെ പിൻഗാമികൾ ഒത്ത് തീർപ്പ് വ്യവസ്ഥപ്രകാരം ഇറങ്ങികൊടുക്കേണ്ടി വന്നു. ചരിത്രപരമായി ഇത് നീതീകരിക്കാനാവില്ലെങ്കിലും കേരളത്തിലെ ആദ്യകാല പെന്തക്കോസ്ത് പ്രവർത്തകരുടെ പിൻ തലമുറക്കാർ പാക്കിൽ കേന്ദ്രമായി ചർച്ച് ഓഫ് ഗോഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. വിഭജന ചരിത്രത്തെപ്പറ്റിയും അതിന്റെ രഹസ്യ

യോഗങ്ങളെ പറ്റിയും കൂടുതൽ ചരിത്രം അറിയുവാൻ 1972 നെ ആധാരമാക്കി ഞാനെഴുതിയ "ചരിത്ര വഴികളിൽ ദൈവസഭ" എന്ന പുസ്തകം വാങ്ങിയാൽ വളരെയധികം ചരിത്രങ്ങൾ വായിച്ചറിയാം.

## BIBLIOGRAPHY


- ദൈവസഭ പിന്നിട്ട 50 വർഷങ്ങൾ
- യേശുക്രിസ്തുവിന്റെ എളിയ ദാസൻ
- തെക്കേ ഇന്ത്യയിലെ 37 വർഷങ്ങൾ (റോബർട്ട് എഫ് കുക്ക്)
- ഏദ് (കേരളാ റീജിയൻ ചരിത്ര പുസ്തകം)
- ദൈവസഭാ ചരിത്രം (ഡോറാ പി. മയേഴ്സ്)



പാ. പി.റ്റി. നിക്സൺ മുട്ടാർ & ഫാമിലി (ക്രൂസേഡ് ഡയറക്ടർ)



പാ. റെണാൾഡ് കെ. സണ്ണി (അൺറീച്ചിഡ് പീപ്പിൾ ഡയറക്ടർ)

emmanuel
charity of christ soldiers

സേവനപാതയിൽ മുന്നോട്ട്




റെയ്സൺ വി. ജോർജ്ജ്

**വലിയപറമ്പിൽ**

**9747795918**


കോട്ടയം പാക്കിൽ വലിയപറമ്പിൽ പാ. വി. ജോർജ്ജിന്റെയും സാലി വി. ജോർജ്ജിന്റെയും 3 മക്കളിൽ രണ്ടാമനായി ജനിച്ചു ദൈവസഭയുടെ യുവജന ക്യാമ്പുകളിൽ സജീവ സാന്നിദ്ധ്യമായിരുന്ന റെയ്സൺ കോട്ടയം പള്ളം സഭാ മെമ്പറാണ്. തന്റെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തെങ്കാശി ഇമ്മാനുവേൽ ബൈബിൾ കോളേജിൽ വേദപഠനം അഭ്യസിക്കുകയും തുടർന്ന് നേഴ്സിംഗ് പഠനം പൂർത്തിയാക്കുകയും ചെയ്തു ഇപ്പോൾ പാലക്കാട് കരുണ മെഡിക്കൽ കോളേജിൽ സ്റ്റാഫ് നേഴ്സായി ജോലിചെയ്തുവരുന്നു. അതോടൊപ്പം ദൈവസഭാ മീഡിയാ സെക്രട്ടറി യൂത്ത് ബോർഡ് മെമ്പർ കോട്ടയം സെന്റർ ഓർഗനൈസർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചുപോരുന്നു. ഇത് തന്റെ രണ്ടാമത്തെ പുസ്തകമാണ്.


**Kraisthava Ezhuthupura Publications**
Vennikkulam P.O., Pathanamthitta, Kerala.
Ph: +91 94963 27109, +91 94972 92583
+91 99908 08988